PRINT

Qn No. 1 ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
**ഫെബ്രുവരി വിപ്ലവാനന്തരം റഷ്യയിൽ അധികാരത്തിൽവന്ന താൽക്കാലിക ഗവൺമെന്റിനെ ബോൾഷെവിക്കുകൾ എതിർത്തതെന്തുകൊണ്ട്?**

**Hint.**
- **ഒന്നാം ലോകയുദ്ധത്തിൽനിന്ന് പിൻമാറിയില്ല**
- **റഷ്യയിൽ നിലനിന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞില്ല**

***Marks :(2)***

Hide Answer

**Qn No. 2** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
**യൂറോപ്യൻ രാജ്യങ്ങൾ നെപ്പോളിയനെതിരായി സംഘടിച്ചതെന്തുകൊണ്ട്?**

**Hint.**
- **ഫ്രഞ്ച് വിപ്ലവാശയങ്ങളിലധിഷ്ഠിതമായ നെപ്പോളിയന്റെ പരിഷ്കാരങ്ങൾ യൂറോപ്പിലാകമാനം വ്യാപിക്കുമോ എന്ന് യൂറോപ്യൻ രാജ്യങ്ങൾ ഭയപ്പെട്ടു.**

***Marks :(1)***

Hide Answer

**Qn No. 3** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
**ഏകാധിപത്യത്തിനെതിരായി വിപ്ലവം നടത്തിയ ഫ്രഞ്ച് ജനതയ്ക്ക് വീണ്ടും ഒരു ഏകാധിപത്യ ഭരണത്തിന് വിധേയരാകേണ്ടി വന്നതിന്റെ സാഹചര്യം വിശദമാക്കുക**

**Hint.**

- ബാസ്റ്റിൽ ജയിലിന്റെ തകർച്ച – ദേശീയ അസംബ്ലി - മനുഷ്യാവകാശ പ്രഖ്യാപനം - സ്ത്രീകളുടെ പ്രകടനം - ദേശീയ കൺവെൻഷൻ - റിപ്പബ്ലിക് - യൂറോപ്യൻ സംഖ്യം – നെപ്പോളിയന്റെ വരവ്

***Marks :(4)***

Hide Answer

**Qn No. 4** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

**അമേരിക്കൻ സ്വാതന്ത്ര്യസമരം ഫ്രാൻസിന്റെ സാമ്പത്തിക പ്രതിസന്ധിയെ രൂക്ഷമാക്കിയതെങ്ങനെ?**

**Hint.**

- ഫ്രാൻസിലെ ഭരണാധികാരികൾ അമേരിക്കൻ കോളനികളെ സമ്പത്തും സൈന്യവും നൽകി സഹായിച്ചത് പ്രതിസന്ധിയെ രൂക്ഷമാക്കി.

***Marks :(1)***

Hide Answer

**Qn No. 5** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

**ബ്രാക്കറ്റിൽനിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

**A) ഫ്രാൻസിലെ ബൂർബൺ ഭരണത്തിന്റെ സവിശേഷതയല്ലാത്തത് ഏത്?**

**(ഏകാധിപത്യം, ധൂർത്ത്, ജനാധിപത്യം, ആഡംബര ജീവിതം)**

**B) ഗവൺമെന്റിനെ നിയമനിർമാണം, കാര്യനിർവഹണം, നീതിന്യായം എന്നീ വിഭാഗങ്ങളായി തിരിക്കണമെന്ന് വാദിച്ചതാര്?**

**(വോൾട്ടയർ, റൂസ്സോ, മൊണ്ടസ്ക്യൂ, ലൂയി പതിനാറാമൻ)**

**Hint.**

**A) ജനാധിപത്യം**

**B) മൊണ്ടസ്ക്യൂ**

***Marks :(2)***

Hide Answer

**Qn No. 6** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

**1789-ൽ ലൂയി പതിനാറാമൻ സ്റ്റേറ്റ്സ് ജനറൽ വിളിച്ചു ചേർത്തില്ലായിരുന്നുവെങ്കിലും ഫ്രഞ്ചുവിപ്ലവം പൊട്ടിപ്പുറപ്പെടുമായിരുന്നു. ഈ പ്രസ്താവന സമർത്ഥിക്കുക.**

**Hint.**

- **ഏകാധിപത്യ ഭരണം**
- **സാമൂഹിക സാമ്പത്തിക അസമത്വം**
- **മൂന്ന് എസ്റ്റേറ്റുകൾ**
- **ചിന്തകന്മാരും അവരുടെ ആശയങ്ങളും**
- **സാമ്പത്തിക പ്രതിസന്ധി**
- **എസ്റ്റേറ്റ് ജനറലിൽ നിലനിന്ന വോട്ടിംഗ് സമ്പ്രദായം**

***Marks :(6)***

Hide Answer

**Qn No. 7** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

പട്ടിക I പട്ടിക II എന്നിവ പരിശോധിച്ച് അനുയോജ്യമായി ക്രമപ്പെടുത്തിയത് കണ്ടെത്തി എഴുതുക.

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| i) | ഞാനാണ് രാഷ്ട്രം | a) | ലൂയി പതിനഞ്ചാമൻ |
| ii) | എനിക്ക് ശേഷം പ്രളയം | b) | മേരി അന്റോയിനറ്റ് |
| iii) | നിങ്ങൾക്ക് റൊട്ടിയില്ലെങ്കിലെന്താ, കേക്ക് തിന്നൂടേ | c) | മെറ്റേർണിക്ക് |
| iv) | ഫ്രാൻസ് തുമ്മിയാൽ യൂറോപ്പിനാകെ ജലദോഷം പിടിക്കും | d) | ലൂയി പതിനാലാമൻ |

**1) i – c, ii – d, iii – a, iv – b**

**2) i – d, ii – a, iii – b, iv – c**

**3) i – d, ii – b, iii – c, iv – a**

**4) i – c, ii – a, iii – d, iv - b**

**Hint.**
**2 ) i – d, ii – a, iii – b, iv – c**

***Marks :(2)***

Hide Answer

**Qn No. 8** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
**ജോൺ ലോക്ക്, തോമസ് പെയിൻ എന്നിവരുടെ ആശയങ്ങൾ അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന് സഹായകമായത് എങ്ങനെ?**

**Hint.**

- **ജോൺലോക്ക് - മനുഷ്യന് ചില മൗലികാവകാശങ്ങളുണ്ട്, അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല.**
- **തോമസ് പെയിൻ - ഏതെങ്കിലും വിദേശ ശക്തിക്ക് (ഇംഗ്ലണ്ട്) ഈ വൻകര(വടക്കെഅമേരിക്ക) ദീർഘകാലം കീഴടങ്ങി കഴിയണമെന്നത് യുക്തിക്ക് നിരക്കുന്നതല്ല - കോമൺസെൻസ്**

***Marks :(2)***

Hide Answer

**Qn No. 9** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
**യൂറോപ്പിൽ ജ്ഞാനോദയം രൂപപ്പെടാനിടയായ സാഹചര്യമെന്ത്? വിവിധ വിപ്ലവങ്ങൾക്ക് ജ്ഞാനോദയം പ്രചോദനമായതെങ്ങനെ?**

**Hint.**
- **നവോത്ഥാനത്തിന്റെ ഫലമായി ശാസ്ത്ര രംഗത്തുണ്ടായ പുരോഗതി.**
- **സ്വാതന്ത്ര്യം, സമത്വം, ജനാധിപത്യം, ദേശീയത തുടങ്ങിയ ആശയങ്ങൾ പ്രചരിപ്പിച്ചു - നിലവിലുള്ള വ്യവസ്ഥിതിയെ എതിർക്കാൻ പ്രചോദനമേകി.**

***Marks :(2)***

Hide Answer

**Qn No. 10** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
**യൂറോപ്യൻ കോളനിവൽക്കരണം ലാറ്റിനമേരിക്കയെ ബാധിച്ചതെങ്ങനെയെന്ന് വിശദമാക്കുക.**

**Hint.**
- **ഭാഷയും മതവും ആചാരവും പ്രചരിപ്പിച്ചു**
- **സ്പാനിഷ് ശൈലിയിൽ വീടുകളും ദേവാലയങ്ങളും നിർമ്മിച്ചു**
- **വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു.**
- **യൂറോപ്യൻ കൃഷിരീതികളും കാർഷിക വിളകളും നടപ്പിലാക്കി.**
- **വംശീയ വിവേചനം.**
- **സ്പെയിനുമായല്ലാതെ മറ്റു രാജ്യങ്ങളുമായി വാണിജ്യ ബന്ധത്തിൽ ഏർപ്പെടാൻ അനുവദിച്ചില്ല.**
- **യൂറോപ്യരിൽ നിന്നും പുതിയ രോഗങ്ങൾ പകർന്നു.**
- **സ്പെയിനിൽ നിർമ്മിക്കുന്ന വസ്തുക്കൾ കോളനികളിൽ നിർമ്മിക്കാൻ അനുവദിച്ചില്ല.**
- **ഖനികളിൽ അപകടകരമായ സാഹചര്യത്തിൽ പണിയെടുപ്പിച്ചു.**

- കോളനിക്കാരെ അടിമകളാക്കി . (ഏതെങ്കിലും ആറെണ്ണം)

*Marks :(6)*

Hide Answer

**Qn No. 11** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
**കറുപ്പു വ്യാപാരത്തെ സാമ്രാജ്യത്വ ആധിപത്യത്തിന്റെ മാർഗമായി ചൈനയിൽ ഉപയോഗിച്ചത് എങ്ങനെ?**

**Hint.**
- ഇംഗ്ലീഷ് വ്യാപാരികൾ നഷ്ടം പരിഹരിക്കാൻ ചൈനയിലേക്ക് കറുപ്പ് ഇറക്കുമതി ചെയ്തു.
- ഇത് ചൈനയുടെ വ്യാപാരത്തെയും ചൈനീസ് ജനതയുടെ മാനസിക നിലയെയും പ്രതികൂലമായി ബാധിച്ചു.
- സാമ്പത്തികമായും മാനസികമായും ചൈനീസ് ജനത അടിമത്തത്തിലായി.

*Marks :(3)*

Hide Answer

**Qn No. 12** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
**ചൈനീസ് ജനതയുടെ പോരാട്ടത്തിന്റെ പ്രതീകമായി കമ്മ്യൂണിസ്റ്റുകളും മാവോ സെതുംഗും മാറിയതെങ്ങനെ?**

**Hint.**
- ലോങ് മാർച്ച്
- ഗ്രാമങ്ങൾ പ്രഭുക്കന്മാരിൽനിന്ന് പിടിച്ചെടുത്ത് കർഷകർക്ക് നൽകി.

*Marks :(2)*

Hide Answer

**Qn No. 13** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

ചുവടെ തന്നിരിക്കുന്ന സംഭവങ്ങളെ കാലഗണനാക്രമത്തിൽ എഴുതുക

- ജനകീയ ചൈന റിപ്പബ്ലിക്കിന്റെ രൂപീകരണം
- ലോങ് മാർച്ച്
- ബോക്സർ കലാപം
- സൺയാത് സെന്നിന്റെ നേതൃത്വത്തിൽ നടന്ന വിപ്ലവം

**Hint.**

- ബോക്സർ കലാപം
- സൺയാത്സെന്നിന്റെ നേതൃത്വത്തിൽ നടന്ന വിപ്ലവം
- ലോങ് മാർച്ച്
- ജനകീയ ചൈന റിപ്പബ്ലിക്കിന്റെ രൂപീകരണം

***Marks :(4)***

Hide Answer

**Qn No. 14** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

ചിയാങ് കൈഷെക്കിന്റെ നയങ്ങളെ ചൈനയിലെ കമ്മ്യൂണിസ്റ്റുകൾ എതിർക്കാനുള്ള കാരണമെന്ത്?

**Hint.**

- വിദേശ ശക്തികൾക്ക് ചൈനയിൽ ഇടപെടാൻ അവസരമൊരുക്കി
- ചൈനയുടെ കൽക്കരി, ഇരുമ്പു വ്യവസായങ്ങൾ, ബാങ്കിങ്, വിദേശവ്യാപാരം എന്നിവയിലെ വിദേശ നിയന്ത്രണം

***Marks :(2)***

Hide Answer

**Qn No. 15** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
**ചൈനയിൽ വ്യാപാര ആധിപത്യം സ്ഥാപിക്കാൻ അമേരിക്ക പ്രഖ്യാപിച്ച നയം ഏത്? അതിന്റെ സവിശേഷതകൾ എന്തെല്ലാം?**

**Hint.**
- **തുറന്ന വാതിൽ നയം**
- **ചൈനയുടെ കമ്പോളങ്ങളിൽ എല്ലാ രാജ്യങ്ങൾക്കും തുല്യ അവകാശവും അധികാരവും**

***Marks :(2)***

Hide Answer

**Qn No. 16** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
**തൊഴിലാളികളുടെ ദുരിതങ്ങൾ പരിഹരിക്കാൻ റഷ്യയിൽ രൂപീകരിക്കുകയും പിൽക്കാലത്ത് രണ്ട് വിഭാഗങ്ങളായി പിരിയുകയും ചെയ്ത പാർട്ടി ഏത്?**

**Hint.**
- **സോഷ്യൽ ഡെമൊക്രാറ്റിക് ലേബർ പാർട്ടി**

***Marks :(1)***

Hide Answer

**Qn No. 17** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
**റഷ്യയിലെ തൊഴിലാളികളെയും കർഷകരെയും വിപ്ലവത്തിലേക്ക് നയിച്ചതിൽ സാഹിത്യകാരന്മാരും ചിന്തകന്മാരും വഹിച്ച പങ്ക് വിശദമാക്കുക.**

**Hint.**

- മാക്സിംഗോർകി, ലിയോ ടോൾസ്റ്റോയി, ഇവാൻ തുർഗനേവ്, ആന്റൺ ചെക്കോവ്- തൊഴിലാളികളുടെയും കർഷകരുടെയും ദുരിതജീവിതം ഉയർത്തിക്കാട്ടി.
- കാൾ മാർക്സ്, ഫ്രെഡറിക് എംഗൽസ് -മുതലാളിമാർ ഉൽപ്പാദനം നിയന്ത്രിക്കുന്ന വ്യവസ്ഥയ്ക്കു പകരം തൊഴിലാളികളുടെ ആധിപത്യം .

***Marks :(4)***

Hide Answer

**Qn No. 18** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

ആശയപരമായ വ്യാത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും ഫെബ്രുവരിവിപ്ലവവും ഒക്ടോബർ വിപ്ലവവും നിലവിലുള്ള വ്യവസ്ഥയ്ക്ക് എതിരായിരുന്നു. പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

**Hint.**

*ഫെബ്രുവരി വിപ്ലവം*

- സർ ചക്രവർത്തിയുടെ ഏകാധിപത്യ ഭരണം
- കർഷകരുടെയും തൊഴിലാളികളുടെയും ദുരിതങ്ങൾ
- എഴുത്തുകാരുടെ സ്വാധീനം
- 1905-ലെ റഷ്യൻ വിപ്ലവം
- ഒന്നാം ലോകയുദ്ധത്തിലെ പങ്കാളിത്തം

*ഒക്ടോബർ വിപ്ലവം*

- ഒന്നാം ലോക യുദ്ധത്തിൽനിന്ന് റഷ്യ പിന്മാറിയില്ല.
- കെറൻസ്കി ഗവൺമെന്റിന്റെ പരാജയം.

***Marks :(6)***

Hide Answer

**Qn No. 19** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

റഷ്യയിൽ നിലവിലിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ബോൾഷെവിക്ക് ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ പര്യാപ്തമായിരുന്നോ? വിലയിരുത്തുക.

**Hint.**

- ഒന്നാംലോക യുദ്ധത്തിൽനിന്നും പിൻമാറി
- ഭൂമി ഏറ്റെടുത്ത് കർഷകർക്ക് വിതരണം ചെയ്തു
- ഫാക്ടറികൾ, ബാങ്കുകൾ, ഗതാഗതസൗകര്യങ്ങൾ, വിദേശവ്യാപാരം എന്നിവ പൊതു ഉടമസ്ഥതയിലാക്കി.

***Marks :(3)***

Hide Answer

**Qn No. 20** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

ഫെബ്രുവരി വിപ്ലവത്തിനു ശേഷവും മറ്റൊരു വിപ്ലവത്തിന് റഷ്യൻ ജനത തയാറായതെന്തുകൊണ്ട്?

**Hint.**

- ഒന്നാംലോക യുദ്ധത്തിൽനിന്നും റഷ്യ പിൻമാറുക.
- പ്രഭുക്കൻമാരുടെ കൈവശമുള്ള ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് നൽകുക.
- ഫാക്ടറി പൊതുസ്വത്താക്കി മാറ്റുക.

***Marks :(3)***

Hide Answer

**Qn No. 21** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

ഒന്നാംലോക യുദ്ധത്തിലെ റഷ്യയുടെ പങ്കാളിത്തം 1917 ലെ വിപ്ലവത്തിലേക്ക് നയിച്ചതെങ്ങനെ?

**Hint.**

- ഭക്ഷ്യദൗർലഭ്യം രൂക്ഷമായി

- സ്ത്രീകൾ റൊട്ടിക്കുവേണ്ടി തെരുവിൽ പ്രകടനം നടത്തി
- പട്ടണത്തിൽ തൊഴിലാളികളുടെ പ്രതിഷേധ പ്രകടനം
- സൈനികരുടെ പിന്തുണ

***Marks :(3)***

Hide Answer

**Qn No. 22** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
**1905- ൽ ജപ്പാനുമായുള്ള യുദ്ധത്തിലെ പരാജയം റഷ്യയിലുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം?**

**Hint.**
- രക്തരൂക്ഷിതമായ ഞായറാഴ്ച
- ഡ്യൂമയുടെ രൂപീകരണം
- റഷ്യൻ വിപ്ലവത്തിലേക്ക് നയിച്ചു

***Marks :(3)***

Hide Answer

**Qn No. 23** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
**പ്രകൃതിവിഭവങ്ങളാൽ സമ്പന്നമായിരുന്ന റഷ്യയിൽ സാർ ചക്രവർത്തിമാരുടെ കാലത്ത് കർഷകരും തൊഴിലാളികളും ദുരിതപൂർണമായ ജീവിതം നയിക്കേണ്ടി വന്നു. എന്തുകൊണ്ട്?**

**Hint.**
- സർ ചക്രവർത്തിമാരുടെ ദുർഭരണം.
- കുറഞ്ഞ ഉല്പാദനം കർഷകരുടെ വരുമാനത്തെ ബാധിച്ചു.
- കർഷകരുടെ നികുതിഭാരം വർധിച്ചു.

- വ്യവസായങ്ങൾ വിദേശികൾ നിയന്ത്രിച്ചു. (ഏതെങ്കിലും മൂന്നെണ്ണം)

***Marks :(3)***

Hide Answer

**Qn No. 24** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

**യൂറോപ്യൻ കോളനിവാഴ്ചയിൽ നിന്ന് മോചനം നേടിയ ഏതെങ്കിലും നാല് ലാറ്റിനമേരിക്കൻ രാഷ്ട്രങ്ങളുടെ പേരെഴുതുക.**

**Hint.**

- മെക്സിക്കോ, കൊളംബിയ, ഇക്വഡോർ, പെറു, അർജന്റീന, ചിലി, ബൊളീവിയ, വെനസ്വേല, ബ്രസീൽ (ഏതെങ്കിലും നാലെണ്ണം)

***Marks :(4)***

Hide Answer

**Qn No. 25** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

**ഫ്രഞ്ച് വിപ്ലവം മുന്നോട്ടു വച്ച ആശയങ്ങൾ നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങളിൽ ചെലുത്തിയ സ്വാധീനം വിശദമാക്കുക.**

**Hint.**

- മധ്യവർഗത്തിന്റെ വളർച്ച , ഫ്യൂഡലിസത്തിന്റെ അന്ത്യം , ദേശീയത
- കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി
- സിങ്കിങ് ഫണ്ട്
- റോഡുകൾ നിർമ്മിച്ചുന്ത്യം
- പുരോഹിതന്മാരുടെ മേൽ നിയന്ത്രണം
- ബാങ്ക് ഓഫ് ഫ്രാൻസ്
- നിയമസംഹിത (ഏതെങ്കിലും നാലെണ്ണം)

***Marks :(4)***

Hide Answer

**Qn No. 26** *Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ*

**Qn.**
**അമേരിക്കൻ സ്വാതന്ത്ര്യസമരം പിൽക്കാല ലോകചരിത്രത്തെ സ്വാധീനിച്ചിട്ടുണ്ട്. പ്രസ്താവന സാധൂകരിക്കുക.**

**Hint.**

- **പിൽക്കാല സമരങ്ങൾക്ക് പ്രചോദനവും ലക്ഷ്യബോധവും നൽകി.**
- **മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് മാതൃകയായി.**
- **റിപ്പബ്ലിക്കൻ ഭരണഘടന**
- **എഴുതപ്പെട്ട ഭരണഘടന**
- **ഫെഡറൽ രാഷ്ട്രം (ഏതെങ്കിലും നാലെണ്ണം)**

***Marks :(4)***

Hide Answer

**Qn No. 27** *Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ*

**Qn.**
**ഫ്രാൻസിൽ നിലനിന്ന സാമൂഹിക സാമ്പത്തിക ക്രമം ഫ്രഞ്ച് വിപ്ലവത്തിന് കാരണമായതെങ്ങനെയെന്ന് വിശദമാക്കുക.**

**Hint.**

- **ഒന്നാമത്തെ എസ്റ്റേറ്റ് - പുരോഹിതന്മാർ - ഭൂമി കൈവശം വെച്ചു, നികുതി പിരിച്ചു, ഉയർന്ന പദവി വഹിച്ചു.**
- **രണ്ടാമത്തെ എസ്റ്റേറ്റ് - സൈനിക സേവനം, നികുതി പിരിച്ചു, ആഡംബര ജീവിതം, ഭൂമി കൈവശം വച്ചു.**
- **മൂന്നാമത്തെ എസ്റ്റേറ്റ് - മധ്യവർഗം, കർഷകർ, കൈത്തൊഴിലാളികൾ, ഭരണത്തിൽ അവകാശമില്ല, നികുതി നൽകണം, താഴ്ന്ന സാമൂഹിക പദവി.**

***Marks :(6)***

Hide Answer

**Qn No. 28** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
ഫ്രഞ്ച് വിപ്ലവത്തിന് ചിന്തകൻമാർ നൽകിയ സംഭാവനകൾ വിശദീകരിക്കുക.

**Hint.**
- വോൾട്ടയർ - പുരോഹിതന്മാരുടെ ചൂഷണത്തെ പരിഹസിച്ചു. യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിച്ചു.
- റൂസ്സോ - സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കി ജനങ്ങളാണ് പരമാധികാരിയെന്ന് പ്രഖ്യാപിച്ചു.
- മൊണ്ടെസ്ക്യൂ - ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ചു, ഗവൺമെന്റിനെ മൂന്ന് വിഭാഗങ്ങളായി തിരിക്കണമെന്ന് വാദിച്ചു.

***Marks :(6)***

Hide Answer

**Qn No. 29** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
ചുവടെ തന്നിട്ടുള്ളവയെ കാലഗണനാക്രമത്തിലാക്കുക.
- അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം
- പാരീസ് ഉടമ്പടി
- ഒന്നാംകോണ്ടിനെന്റൽ കോൺഗ്രസ്
- ഇംഗ്ലണ്ടും അമേരിക്കൻ കോളനികളും തമ്മിലുള്ള യുദ്ധത്തിന്റെ അവസാനം

**Hint.**
- ഒന്നാംകോണ്ടിനെന്റൽ കോൺഗ്രസ്
- അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം
- ഇംഗ്ലണ്ടും അമേരിക്കൻ കോളനികളും തമ്മിലുള്ള യുദ്ധത്തിന്റെ അവസാനം
- പാരീസ് ഉടമ്പടി

***Marks :(4)***

Hide Answer

**Qn No. 30** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
**'പ്രാതിനിധ്യമില്ലാതെ നികുതിയില്ല' എന്ന മുദ്രാവാക്യം ഉയർത്താൻ അമേരിക്കൻ ജനതയെ പ്രേരിപ്പിച്ച സാഹചര്യം വ്യക്തമാക്കുക.**

**Hint.**
- **അമേരിക്ക ബ്രിട്ടന്റെ കോളനിയായിരുന്നു.**
- **മെർക്കന്റലിസ്റ്റ് നിയമങ്ങൾ - (വാണിജ്യ നിയന്ത്രണം, സ്റ്റാമ്പ് പതിപ്പിക്കൽ, നികുതികൾ, സൈന്യത്തിന് സൗകര്യമൊരുക്കൽ)**

***Marks :(4)***

Hide Answer

**Qn No. 31** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
**ഒന്നാംലോക യുദ്ധത്തിലെ റഷ്യയുടെ പങ്കാളിത്തം 1917 ലെ വിപ്ലവത്തിലേക്ക് നയിച്ചതെങ്ങനെ?**

**Hint.**

- **ഭക്ഷ്യദൗർലഭ്യം രൂക്ഷമായി**
- **സ്ത്രീകൾ റൊട്ടിക്കുവേണ്ടി തെരുവിൽ പ്രകടനം നടത്തി**
- **പട്ടണത്തിൽ തൊഴിലാളികളുടെ പ്രതിഷേധ പ്രകടനം**
- **സൈനികരുടെ പിന്തുണ**

***Marks :(4)***

Hide Answer

**Qn No. 32** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

**1905- ൽ ജപ്പാനുമായുള്ള യുദ്ധത്തിലെ പരാജയം റഷ്യയിലുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം?**

**Hint.**


- **രക്തരൂക്ഷിതമായ ഞായറാഴ്ച**
- **ഡ്യൂമയുടെ രൂപീകരണം**
- **റഷ്യൻ വിപ്ലവത്തിലേക്ക് നയിച്ചു**

***Marks :(3)***

Hide Answer

**Qn No. 33** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**




**ആധുനിക ലോകത്തിൽ നടന്ന ഒരു പ്രധാന വിപ്ലവവുമായി ബന്ധപ്പെട്ട ചില സംഭവങ്ങളെ കുറിച്ചുള്ള സൂചകങ്ങളാണ് മുകളിൽ തന്നിട്ടുള്ളത്. വിപ്ലവമേത്?ഓരോ സംഭവങ്ങളുടെയും പ്രാധാന്യം എഴുതുക.**

**Hint.**

- **ഫ്രഞ്ചു വിപ്ലവം**
- **ടെന്നീസ് കോർട്ട് പ്രതിജ്ഞ – കോമൺസ് - ഭരണഘടനാ രൂപീകരണം**

- ബാസ്റ്റിൽ ജയിലിന്റെ തകർച്ച – ബൂർബൻ രാജവാഴ്ചയുടെ പ്രതീകം - ഫ്രഞ്ചുവിപ്ലവത്തിന്റെ ആരംഭം
- ദേശീയ കൺവെൻഷൻ - ഫ്രാൻസിനെ റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു.


***Marks :(4)***

Hide Answer

**Qn No. 34** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

ചുവടെ തന്നിരിക്കുന്ന ചാർട്ട് പൂർത്തീയാക്കുക.




**Hint.**

- ജനാധിപത്യം
- സോഷ്യലിസം

***Marks :(2)***

Hide Answer

**Qn No. 35** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

ഇംഗ്ലീഷുകാർ സാമ്പത്തിക നേട്ടത്തിനായി അമേരിക്കൻ കോളനികളെ ഉപയോഗപ്പെടുത്തിയത് എങ്ങനെ?

**Hint.**

- അസംസ്കൃതവസ്തുക്കൾ ശേഖരിക്കാനുള്ള കേന്ദ്രം
- ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള കമ്പോളം

***Marks :(2)***

Hide Answer

**Qn No. 36** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
ഫ്രാൻസിലെ കർഷകരിൽനിന്ന് 'തിഥെ' എന്ന നികുതി പിരിച്ചിരുന്നത് ഏത് എസ്റ്റേറ്റായിരുന്നു? ഈ എസ്റ്റേറ്റിന്റെ മറ്റ് അവകാശങ്ങൾ എന്തെല്ലാമായിരുന്നു?

**Hint.**

- പുരോഹിതന്മാർ/ഒന്നാം എസ്റ്റേറ്റ്
- ഭൂപ്രദേശം കൈവശം വച്ചു, നികുതികളിൽനിന്ന് ഒഴിവാക്കപ്പെട്ടു, ഉയർന്ന പദവികൾ നിയന്ത്രിച്ചു.

***Marks :(4)***

Hide Answer

**Qn No. 37** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
പതിനാറാം നൂറ്റാണ്ടിൽ അമേരിക്കയിൽ കുടിയേറിയ ജനങ്ങളുടെ പ്രധാന ലക്ഷ്യം എന്തായിരുന്നു?

**Hint.**

- വിഭവങ്ങൾ കൈയടക്കുക.

***Marks :(1)***

Hide Answer

**Qn No. 38** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

**എ കോളത്തിന് അനുയോജ്യമായത് ബി കോളം പൂർത്തിയാക്കുക**

| എ | ബി |
|---|---|
| സൺയാത് സെൻ | ചൈന |
| ജെയിംസ് ഒ◌ാട്ടിസ് | ? |
| ട്രോട്സ്കി | ? |
| ചിയാങ് കൈഷക്ക് | ? |

**Hint.**

- ജെയിംസ് ഒ◌ാട്ടിസ് - അമേരിക്ക
- ട്രോട്സ്കി - റഷ്യ
- ചിയാങ് കൈഷക്ക് - ചൈന

***Marks :(3)***

Hide Answer

**Qn No. 39** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

**താഴെ തന്നിരിക്കുന്ന ചോദ്യങ്ങളുടെ ശരിയായ ഉത്തരം ബ്രാക്കറ്റിൽ നിന്നും തിരഞ്ഞെടുത്ത് എഴുതുക.**

1) ലാറ്റിനമേരിക്കൻ വിപ്ലവുമായി ബന്ധപ്പെടാത്തത് ആര്?

(ഫ്രാൻസിസ്കോ മിരാൻഡ, സൈമൺ ബോളിവർ, മാക്സിംഗോർക്കി, ജോസെ ഡി സാൻമാർട്ടിൻ)

2) 'സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ്'.' ഈ പ്രസ്താവന ആരുടേതാണ്?

(വോൾട്ടയർ, റൂസ്സോ, മൊണ്ടസ്ക്യൂ, ലൂയി പതിനാലാമൻ)

3) അമേരിക്കൻ ഭരണഘടന തയാറാക്കുന്നതിന് നേതൃത്വം നൽകിയത് ആര്?

(തോമസ് പെയിൻ, ജോൺലോക്ക്, ജെയിംസ് ഒ◌ാട്ടിസ്, ജെയിംസ് മാഡിസൺ)

4) "രക്തരൂക്ഷിതമായ ഞായറാഴ്ച്ച" എന്ന സംഭവം നടന്ന രാജ്യം ഏത്?

(അമേരിക്ക, ഫ്രാൻസ്, റഷ്യ, ചൈന)

**Hint.**

- മാക്സിംഗോർക്കി
- റൂസ്സോ
- ജയിംസ് മാഡിസൺ
- റഷ്യ

***Marks :(4)***

Hide Answer

**Qn No. 40** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

ചുവടെ തന്നിരിക്കുന്ന സംഭവങ്ങളെ കാലഗണനാ ക്രമത്തിൽ എഴുതുക.

- റഷ്യൻ വിപ്ലവം
- സോവിയറ്റ് യൂണിന്റെ രൂപീകരണം
- രക്തരൂക്ഷിതമായ ഞായറാഴ്ച്ച
- റഷ്യ – ജപ്പാൻ യുദ്ധം

**Hint.**

- റഷ്യ – ജപ്പാൻ യുദ്ധം
- രക്തരൂക്ഷിതമായ ഞായറാഴ്ച്ച
- റഷ്യൻ വിപ്ലവം
- സോവിയറ്റ് യൂണിയന്റെ രൂപീകരണം

***Marks :(4)***

Hide Answer

**Qn No. 41** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

'ഫ്രൻസ് തുമ്മിയാൽ യൂറോപ്പിനാകെ ജലദോഷം പിടിക്കും'. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഫ്രഞ്ചുവിപ്ലവത്തിന്റെ ഫലങ്ങൾ വിശദമാക്കുക.

**Hint.**

- പിൽക്കാലത്ത് ലോകത്തുണ്ടായ എല്ലാ വിപ്ലവങ്ങൾക്കും ആവേശം പകർന്നു
- യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യത്തിന് വഴിയൊരുക്കി
- രാജ്യമെന്നാൽ പ്രദേശമല്ല രാജ്യത്തെ ജനങ്ങളാണ് എന്ന് പ്രഖ്യാപിച്ചു.
- ജനകീയ പരമാധികാരം എന്ന ആശയം മനുഷ്യരാശിക്ക് നൽകി
- ദേശീയതയുടെ ആവിർഭാവത്തിന് വഴിയൊരുക്കി
- മധ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു
- യൂറോപ്പിൽ നിലനിന്ന സേച്ഛധിപത്യ ഭരണകൂടങ്ങൾക്ക് ഭീഷണിയുയർത്തി

***Marks :(4)***

Hide Answer

**Qn No. 42** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**
ഫ്രഞ്ചുവിപ്ലവത്തിന് പിൽക്കാല ലോകചരിത്രത്തിലുള്ള സ്വാധീനം വിശദമാക്കുക?

**Hint.**

- സേച്ഛാധിപത്യഭരണകൂടങ്ങൾക്ക് ഭീഷണിയായി
- പിൽക്കാല വിപ്ലവങ്ങൾക്ക് ആവേശം പകർന്നു
- ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യം
- രാജ്യമെന്നാൽ ജനങ്ങളാണ്
- ജനകീയ പരമാധികാരം
- മധ്യവർഗത്തിന്റെ വളർച്ച
- ദേശീയതയുടെ ആവിർഭാവം

***Marks :(6)***

Hide Answer

**Qn No. 43** *Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ*

**Qn.**
വിപ്ലവം എന്നാൽ എന്ത്?

**Hint.**
- സ്വാതന്ത്ര്യവും അവകാശവും നിഷേധിക്കുന്ന നിലവിലുള്ള വ്യവസ്ഥിതിയെ മാറ്റി പുതിയ ഒന്നിനെ സ്ഥാപിക്കാനുള്ള സമരങ്ങളാണ് വിപ്ലവങ്ങൾ.

***Marks :(1)***

Hide Answer

**Qn No. 44** *Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ*

**Qn.**
ഫ്രഞ്ച് വിപ്ലവം മുന്നോട്ടു വച്ച മധ്യവർഗത്തിന്റെ ഉയർച്ച, ഫ്യൂഡലിസത്തിന്റെ അന്ത്യം, ദേശീയത എന്നീ ആശയങ്ങൾ നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങളിലുള്ള സ്വാധീനം വിശദമാക്കുക.

**Hint.**
- കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി
- സിങ്കിങ് ഫണ്ട്
- റോഡുകൾ നിർമ്മിച്ചു
- പുരോഗിതന്മാരുടെ മേൽ നിയന്ത്രണം
- ബാങ്ക് ഓഫ് ഫ്രാൻസ്
- നിയമസംഹിത (ഏതെങ്കിലും നാലെണ്ണം)

***Marks :(4)***

Hide Answer

**Qn No. 45** *Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ*

**Qn.**

ചുവടെ തന്നിരിക്കുന്നതിൽ 'a' യിലെ രണ്ട് ഭാഗങ്ങൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കി അതുപോലെ 'b' പൂരിപ്പിക്കുക.

1. a) സൺയാത് സെൻ : കുമിന്താങ് പാർടി
   b) മാവോ സെ തുംഗ് : ..........................
2. a) ഒന്നാമത്തെ എസ്റ്റേറ്റ് : പുരോഹിതന്മാർ
   b) രണ്ടാമത്തെ എസ്റ്റേറ്റ് : ..........................
3. a) ലൂയി പതിനാറാമാൻ : ഫ്രാൻസ്
   b) നിക്കോളാസ് രണ്ടാമൻ : ..........................

**Hint.**

1. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി
2. പ്രഭുക്കന്മാർ
3. റഷ്യ

***Marks :(3)***

Hide Answer

**Qn No. 46** *Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ*

**Qn.**

ചുവടെ തന്നിട്ടുള്ള പട്ടിക പൂർത്തിയാക്കുക.

| | |
|---|---|
| കോമൺസെൻസ് | a |
| b | മാക്സിം ഗോർക്കി |
| ലോംഗ് മാർച്ച് | c |
| d | പാബ്ളൊ നെരൂദ |

**Hint.**

- a.തോമസ് പെയിൻ
- b.അമ്മ
- c.മാവൊസെതുംഗ്
- d.മാച്ചുപിക്ച്ചുവിന്റെ ഉയരങ്ങൾ

***Marks :(4)***

Hide Answer

**Qn No. 47** ***Chapter Name:ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ***

**Qn.**

ചുവടെ തന്നിട്ടുള്ള പട്ടിക ക്രമപ്പെടുത്തുക.

| | |
|---|---|
| ബോൾഷെവിക് | അലക്സാണ്ടർ കെരൻസ്കി |
| ഡ്യൂമ | സർ ചക്രവർത്തി |
| മെൻഷെവിക് | ട്രോട്സ്കി |
| നിക്കോളാസ് രണ്ടാമൻ | നിയമനിർമ്മാണ സഭ |

**Hint.**

- ട്രോട്സ്കി
- നിയമനിർമാണ സഭ
- അലക്സാണ്ടർ കെരൻസ്കി
- സർ ചക്രവർത്തി

***Marks :(4)***

Hide Answer

PRINT

Qn No. 1 ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**മിച്ചോൽപാദനം കോളനിവൽക്കരണത്തിലേക്ക് നയിച്ചതെങ്ങനെ?**

**Hint.**

- **ഉത്പന്നങ്ങൾ വിറ്റഴിക്കാൻ ആഭ്യന്തരകമ്പോളം മതിയായിരുന്നില്ല.**
- **യൂറോപ്പിലെ വ്യാവസായിക രാഷ്ട്രങ്ങളുടെ മത്സരം.**
- **യൂറോപ്യൻ രാജ്യങ്ങൾക്ക് ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക എന്നിവിടങ്ങളിൽ കച്ചവട ആധിപത്യം.**
- **രാഷ്ട്രീയ അധികാരവും സൈനിക ശേഷിയും ഉപയോഗിച്ച് ചൂഷണം.**
- **രാജ്യങ്ങളെ കോളനികളാക്കി.**

***Marks :(3)***

Hide Answer

**Qn No. 2** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**ഉൽപാദനവും വിതരണവും സ്വകാര്യവ്യക്തികൾ നിയന്ത്രിക്കുന്ന സമ്പദ് വ്യവസ്ഥ ഏത്?**

**Hint.**
**മുതലാളിത്തം**

***Marks :(1)***

Hide Answer

**Qn No. 3** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**കോളനികൾ സ്ഥാപിക്കുവാൻ യൂറോപ്യൻമാരെ പ്രേരിപ്പിച്ച സാഹചര്യങ്ങൾ എന്തെല്ലാം?**

**Hint.**

- മുതലാളിമാരുടെ ലാഭത്തിലുണ്ടായ കുറവ് .
- കോളനികൾ അസംസ്കൃത വസ്തുക്കളുടെ കേന്ദ്രം.
- ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള കമ്പോളം.
- ഉൽപാദന വർധനവ്

***Marks :(3)***

Hide Answer

**Qn No. 4** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**

വ്യവസായവിപ്ലവം സാമ്രാജ്യത്വത്തിലേക്ക് നയിച്ചതെങ്ങനെയെന്ന് വിശദമാക്കുക.

**Hint.**

- ഇംഗ്ലണ്ടിലെ വ്യവസായ വിപ്ലവം മറ്റ് യൂറോപ്യൻ രാജ്യങ്ങളിലേക്ക് വ്യാപിച്ചു.
- ഫാക്ടറികളിൽ മൂലധനനിക്ഷേപം നടത്തി.
- മുതലാളിത്തം.
- അമിതോല്പാദനം - കോളനികളുടെ രൂപീകരണം.
- യൂറോപ്പിലെ വ്യാവസായിക രാഷ്ട്രങ്ങളുടെ മത്സരം.
- കോളനിവൽക്കരണം.
- കോളനികളിൽ മൂലധനനിക്ഷേപം - സാമ്രാജ്വത്വം.


***Marks :(6)***

Hide Answer

**Qn No. 5** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**

ചുവടെ തന്നിരിക്കുന്ന ചാർട്ട് പൂർത്തീകരിക്കുക.




**Hint.**

- ജർമ്മനി
- ഇറ്റലി

***Marks :(2)***

Hide Answer

**Qn No. 6** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**

**ചുവടെ തന്നിരിക്കുന്ന ചാർട്ട് പൂർത്തീകരിക്കുക.**




**Hint.**

- ഫ്രാൻസ്

- ഇംഗ്ലണ്ട

***Marks :(2)***

Hide Answer

**Qn No. 7** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**പാൻ ജർമ്മൻ പ്രസ്ഥാനവും പ്രതികാരപ്രസ്ഥാനവും തമ്മിലുള്ള വ്യത്യാസം എഴുതുക.**

**Hint.**

- **പാൻജർമ്മൻ പ്രസ്ഥാനം - മധ്യ യൂറോപ്പിലും ബാൾക്കൻ മേഖലയിലും ജർമ്മൻ സ്വാധീനം വർധിപ്പിക്കുക, ട്യൂട്ടോണിക്ക് വർഗക്കാരെ ഏകോപിപ്പിക്കുക**
- **പ്രതികാര പ്രസ്ഥാനം - ജർമ്മനിയിൽനിന്നും അൾസൈസ്, ലൊറൈൻ തിരികെ പിടിക്കാൻ ഫ്രാൻസിൽ ആരംഭിച്ച പ്രസ്ഥാനം**

***Marks :(2)***

Hide Answer

**Qn No. 8** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**ചുവടെ തന്നിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക.**

| | |
|---|---|
| A | പാൻസ്ലാവ് പ്രസ്ഥാനം |
| ഫ്രാൻസ് | B |

**Hint.**

- A. nപ്രതികാര പ്രസ്ഥാനം
- B. റഷ്യ

***Marks :(2)***

Hide Answer

**Qn No. 9** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
ഒന്നാംലോക യുദ്ധാനന്തരം ജർമ്മനിയുടെ മേൽ ഏകപക്ഷീയമായ അടിച്ചേൽപ്പിച്ച ഉടമ്പടിയാണ് വേഴ്സായ് സന്ധി . സമർഥിക്കുക

**Hint.**
- ജർമ്മനിയുടെ കോളനികൾ സംഖ്യ കക്ഷികൾ വീതിച്ചെടുത്തു.
- യുദ്ധ നഷ്ടപരിഹാരമായി ജർമ്മനി വൻതുക നൽകേുണ്ടി വന്നു.
- യുദ്ധക്കുറ്റം ജർമ്മനിയുടെ മേൽ കെട്ടിവയ്ക്കുുകയും നിരായുധീകരിക്കുകയം ചെയ്യു.

***Marks :(3)***

Hide Answer

**Qn No. 10** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
യുദ്ധാനന്തരം ഒരു സാമ്പത്തിക ശക്തിയായി അമേരിക്ക മാറാനിടയായ സാഹചര്യം വ്യക്തമാക്കുക?

**Hint.**
- യുദ്ധക്കെടുതി അനുഭവിക്കാത്ത രാജ്യം.
- യൂറോപ്യൻ രാജ്യങ്ങൾക്ക് വായ്പ നൽകി.
- ആഗോളവിനിമയത്തിന്റെ അടിസ്ഥാനം അമേരിക്കൻ ഡോളറായി മാറി.

***Marks :(3)***

Hide Answer

**Qn No. 11** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**1929-ലെ സാമ്പത്തികമാന്ദ്യം ലോകത്തുണ്ടാക്കിയ പ്രത്യാഘാതങ്ങൾ എന്തെല്ലാം?**

**Hint.**
- ജനങ്ങൾക്ക് സാധനങ്ങൾ വാങ്ങാൻ കഴിവില്ലാതെയായി.
- ഉൽപ്പന്നങ്ങൾ വിറ്റഴിക്കാതെ ഫാക്ടറികളിൽ കെട്ടിക്കിടന്നു.
- വായ്പ തിരിച്ചു നൽകാതെ യൂറോപ്യൻ രാജ്യങ്ങൾ വീഴ്ച വരുത്തി.
- ബാങ്കുകൾ തകർന്നു.
- പണപ്പെരുപ്പം വർധിച്ചു.
- തൊഴിലില്ലായ്മയും ദാരിദ്ര്യവും രൂക്ഷമായി.

***Marks :(4)***

Hide Answer

**Qn No. 12** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**ഒന്നാംലോക യുദ്ധാനന്തരം ഉദയം ചെയ്ത ഫാഷിസം ലോക സമാധാനത്തിന് ഭീഷണിയായിരുന്നു. സമർത്ഥിക്കുക.**

**Hint.**
- ജനാധിപത്യത്തോടുള്ള വിരോധം
- സോഷ്യലിസത്തോടുള്ള എതിർപ്പ്
- യുദ്ധത്തെ മഹത്ത്വവൽക്കരിക്കൽ
- വംശ മഹിമ ഉയർത്തിപ്പിടിക്കൽ
- ഭൂതകാലത്തെ പ്രകീർത്തിക്കൽ
- സൈനിക സ്വേച്ഛാധിപത്യം
- രാഷ്ട്രത്തെ മഹത്ത്വവൽക്കരിക്കൽ
- തീവ്രദേശീയത പ്രചരിപ്പിക്കൽ

- കല, സാഹിത്യം, വിദ്യാഭ്യാസം തുടങ്ങിയവയിലൂടെയുള്ള ആശയപ്രചാരണം
- രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യൽ

(ഏതെങ്കിലും നാലെണ്ണം)

***Marks :(4)***

Hide Answer

**Qn No. 13** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**

**ഫാഷിസ്റ്റ് ശക്തികളുടെ നയങ്ങളും പ്രവർത്തനങ്ങളും രണ്ടാം ലോകയുദ്ധത്തിന് കാരണമായി.സമർഥിക്കുക.**

**Hint.**

- ജർമ്മനിയും ഇറ്റലിയും സ്വീകരിച്ച ആക്രമണ പദ്ധതികൾ
- സൈനികസഖ്യങ്ങൾ
- സർവരാഷ്ട്രസഖ്യത്തിന്റെ പരാജയം
- പ്രീണന നയം
- ജർമ്മനിയുടെ പോളണ്ട് ആക്രമണം

(വിശദീകരിക്കുക)

***Marks :(6)***

Hide Answer

**Qn No. 14** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**

**മുതലാളിത്ത രാഷ്ട്രങ്ങൾ ഫാഷിസ്റ്റ് ആക്രമണങ്ങളെ ചെറുത്തിരുന്നില്ല. എന്തുകൊണ്ട്?**

**Hint.**

- സോഷ്യലിസ്റ്റ് രാഷ്ട്രമായ സോവിയറ്റ് യൂണിയനെ മുഖ്യശത്രുവായി കണ്ടു

***Marks :(1)***

Hide Answer

**Qn No. 15** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
ഫാഷിസ്റ്റ് ആക്രമണങ്ങളെ പ്രോത്സാഹിപ്പിച്ച മുതലാളിത്ത രാഷ്ട്രങ്ങളുടെ നയം എന്ത് പേരിൽ അറിയപ്പെടുന്നു?


**Hint.**
- പ്രീണന നയം

***Marks :(1)***

Hide Answer

**Qn No. 16** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
ചുവടെ തന്നിരിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.




**Hint.**
- ജർമനി
- ജപ്പാൻ

*Marks :(2)*

Hide Answer

**Qn No. 17** *Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ*

**Qn.**

രണ്ടാം ലോകയുദ്ധാനന്തരം കോളനികൾ സ്വതന്ത്രമാകാനുള്ള കാരണങ്ങൾ എന്തെല്ലാം?

**Hint.**

- സാമ്രാജ്യത്വ ശക്തികളുടെ മേധാവിത്വം ചോദ്യം ചെയ്യപ്പെട്ടു.
- ദേശീയ സമരങ്ങൾ നിയന്ത്രിക്കാൻ യൂറോപ്യൻമാർക്ക് കഴിഞ്ഞില്ല.
- വൻശക്തികളായ അമേരിക്കയും സോവിയറ്റ് യൂണിയനും സ്വാതന്ത്ര്യസമരങ്ങളെ പിൻതുണച്ചു.

*Marks :(3)*

Hide Answer

**Qn No. 18** *Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ*

**Qn.**

രണ്ടാംലോകയുദ്ധകാലത്തെ സഖ്യശക്തികളിൽ ഉൾപ്പെട്ട രാജ്യങ്ങൾ ഏതൊക്കെ?

**Hint.**

- ഇംഗ്ലണ്ട്
- ഫ്രാൻസ്
- ചൈന

*Marks :(2)*

Hide Answer

**Qn No. 19** *Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ*

**Qn.**
**ആഫ്രോ-ഏഷ്യൻ രാജ്യങ്ങളിലെ സ്വാതന്ത്ര്യസമരങ്ങളുമായി ബന്ധപ്പെടുത്തി ചുവടെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.**

| | |
|---|---|
| ഗാന്ധിജി | a. ? |
| b. ? | ദക്ഷിണാഫ്രിക്ക |
| ക്വാമിഎൻക്രൂമ | c. ? |
| d. ? | കെനിയ |

**Hint.**
- **a. ഇന്ത്യ**
- **b. നെൽസൺ മണ്ടേല**
- **c. ഘാന**
- **d. ജോമോ കെനിയാത്ത**

***Marks :(4)***

Hide Answer

**Qn No. 20** *Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ*

**Qn.**
**ചേരിചേരാ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ചുവടെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.**

| | |
|---|---|
| ജവഹർലാൽ നെഹ്റു | a. ? |
| b. ? | ഈജിപ്ത് |
| മാർഷൽ ടിറ്റോ | c. ? |
| d. ? | ഇന്തോനേഷ്യ |

**Hint.**

a. ഇന്ത്യ

b. ഗമാൽ അബ്ദുൽ നാസർ

c. യുഗോസ്ലാവിയ

d. അഹമ്മദ് സുകാർണോ

***Marks :(4)***

Hide Answer

**Qn No. 21** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**

ബാൽഫർ പ്രഖ്യാപനം ഇസ്രായലിന്റെ രൂപീകരണത്തെ സഹായിച്ചതെങ്ങനെയെന്ന് വിവരിക്കുക.

**Hint.**

- പാലസ്റ്റീൻ ബ്രിട്ടന്റെ നിയന്ത്രണത്തിൽ
- ജൂതർ നൽകിയ സേവനത്തിനു പകരം സ്വതന്ത്രമായ രാജ്യം

***Marks :(2)***

Hide Answer

**Qn No. 22** *Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ*

**Qn.**
പാലസ്തീൻകാർക്ക് സ്വതന്ത്രമായൊരു രാജ്യം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടുകൂടി രൂപീകരിച്ച സംഘടന ഏത്? അതിന് നേതൃത്വം നൽകിയത് ആര്?

**Hint.**
- പാലസ്തീൻ വിമോചന സംഘടന
- യാസർ അറാഫത്ത്

*Marks :(2)*

Hide Answer

**Qn No. 23** *Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ*

**Qn.**
പാലസ്തീനെ സ്വതന്ത്രരാഷ്ട്രമാക്കാൻ, അമേരിക്കയുടെ മധ്യസ്ഥതയിൽ, ഇസ്രായേൽ അംഗീകരിച്ച കരാർ ഏത്?

**Hint.**
ഓസ്ലോ കരാർ

*Marks :(1)*

Hide Answer

**Qn No. 24** *Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ*

**Qn.**
ചുവടെ തന്നിരിക്കുന്ന സംഭവങ്ങൾ കാലഗണനാക്രമത്തിൽ എഴുതുക.
- ബാന്ദുങ്ങ് സമ്മേളനം
- ഓസ്ലോ കരാർ
- ഇസ്രായേൽ രാഷ്ട്രത്തിന്റെ രൂപീകരണം
- ബെൽഗ്രേഡ് സമ്മേളനം

**Hint.**
- ഇസ്രായേൽ രാഷ്ട്രത്തിന്റെ രൂപീകരണം
- ബാന്ദുങ്ങ് സമ്മേളനം
- ബെൽഗ്രേഡ് സമ്മേളനം
- ഓസ്ലോ കരാർ

***Marks :(4)***

Hide Answer

**Qn No. 25** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**മിഖായേൽ ഗോർബച്ചേവിന്റെ ഭരണപരമായ നടപടികൾ സോവിയറ്റ് യൂണിയന്റെ തകർച്ചയിലേക്ക് നയിച്ചതെങ്ങനെയെന്ന് വിശദീകരിക്കുക.**

**Hint.**
- അടിസ്ഥാനതത്ത്വത്തിൽ നിന്നുള്ള വ്യതിചലനം
- സാമ്പത്തിക മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിലുണ്ടായ പരാജയം
- പ്രതിരോധത്തിന് അമിത പ്രാധാന്യം
- അഭിപ്രായസ്വാതന്ത്ര്യത്തിനും ആവിഷ്കാരത്തിനുമുള്ള നിയന്ത്രണങ്ങൾ
- ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും
- ഗ്ലാസ് നോസ്റ്റ്, പെരിസ്ട്രോയിക്ക

***Marks :(4)***

Hide Answer

**Qn No. 26** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**ആഗോളരംഗത്ത് ആധിപത്യം നിലനിർത്താൻ അമേരിക്ക ആവിഷ്കരിച്ച തന്ത്രങ്ങൾ എന്തെല്ലാം?**

**Hint.**

- അന്താരാഷ്ട്ര ഏജൻസികളെ ഉപയോഗിച്ച് രാജ്യങ്ങൾക്ക് സാമ്പത്തിക – സൈനിക സഹായങ്ങൾ നൽകുക.
- സൈനിക കൂട്ടുകെട്ടുകൾ വ്യാപിപ്പിക്കുക
- ഇഷ്ടമില്ലാത്ത ഭരണകൂടത്തെ അട്ടിമറിക്കുക
- മാധ്യമങ്ങളെ തങ്ങളുടെ താൽപര്യങ്ങൾക്ക് ഉപയോഗിക്കുക.

***Marks :(4)***

Hide Answer

**Qn No. 27** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
നവസാമ്രാജ്യത്വം എന്നാൽ എന്ത്?

**Hint.**
- തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി, ബഹുരാഷ്ട്ര കമ്പനികൾ, വികസ്വര- അവികസിത രാജ്യങ്ങളുടെ സാമ്പത്തിക, സാമൂഹിക, സംസ്കാരിക മേഖലകളിൽ ഇടപെടുന്നതിനെ ആണ് നവസാമ്രാജ്യത്വം എന്ന് പറയുന്നത് .

***Marks :(2)***

Hide Answer

**Qn No. 28** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
മൂന്നാം ലോകരാഷ്ട്രങ്ങളുടെ സമ്പത്ത് കൈവശപ്പെടുത്താൻ ബഹുരാഷ്ട്രകമ്പനികൾ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

**Hint.**
- ഉപഭോഗസംസ്കാരം വളർത്തുക
- വികസ്വര രാജ്യങ്ങളെ ബഹുരാഷ്ട്ര കമ്പനികളുടെ കമ്പോളങ്ങളാക്കി മാറ്റുക.

***Marks :(2)***

Hide Answer

**Qn No. 29** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**നവസാമ്രാജ്യത്വത്തിന്റെ ആശയങ്ങൾ എന്തെല്ലാം? അവയുടെ സവിശേഷതകൾ വിവരിക്കുക**

**Hint.**

- **ആഗോളവൽക്കരണം**
- **സ്വകാര്യവൽക്കരണം**
- **ഉദാരവൽക്കരണം**

***ഉദാരവൽക്കരണം***

**ഉൽപ്പന്നങ്ങളുടെയും മൂലധനത്തിന്റെയും കടന്നുവരവിന് ഇറക്കുമതി നിയമങ്ങൾ ഉദാരമാക്കൽ.**

***സ്വകാര്യവൽക്കരണം***

**പൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കൽ**

***ആഗോളവൽക്കരണം***

**- സമ്പദ്ഘടനയെ ആഗോള സമ്പദ്ഘടനയുമായി ബന്ധിപ്പിക്കൽ**

**- ബഹുരാഷ്ട്ര കമ്പനിയുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക**

**- മത്സരങ്ങളിലൂന്നിയ കമ്പോളം**

**- ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, വിഭവങ്ങൾ, മൂലധനം, മനുഷ്യവിഭവ ശേഷി എന്നിവയുടെ അതിരുകളില്ലാത്ത ഒഴുക്ക്**

***Marks :(6)***

Hide Answer

**Qn No. 30** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**ആഗോളവൽക്കരണത്തിന് അനുകൂലമായ നയങ്ങൾ രൂപീകരിക്കുന്ന അന്താരാഷ്ട്ര സ്ഥാപനങ്ങൾ ഏതെല്ലാം?**

**Hint.**

- ലോകബാങ്ക്
- അന്താരാഷ്ട്ര നാണയനിധി
- ലോകവ്യാപര സംഘടന

***Marks :(2)***

Hide Answer

**Qn No. 31** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**

**a യിൽ നൽകിയിരിക്കുന്നവ തമ്മിലുള്ള ബന്ധം കണ്ടെത്തി b പൂർത്തീകരിക്കുക.**

**(i)**

a) ഹിരോഷിമ : ലിറ്റിൽബോയ്

b) നാഗസാക്കി : ..........................

**(ii)**

a) ജർമ്മനി : ത്രികക്ഷിസഖ്യം

b) ഫ്രാൻസ് : ..........................

**(iii)**

a) മുസ്സോളിനി : കരിങ്കുപ്പായക്കാർ

b) ഹിറ്റ്ലർ : ..........................

**(iv)**

a) പാൻ ജർമ്മൻ പ്രസ്ഥാനം : ജർമ്മനി

b) പ്രതികാരപ്രസ്ഥാനം : ..........................

**Hint.**

**(i)**

b) നാഗസാക്കി : ഫാറ്റ്മാൻ

**(ii)**

b) ഫ്രാൻസ് : ത്രികക്ഷി സൗഹാർദ്ദം

**(iii)**

b) ഹിറ്റ്ലർ : തവിട്ടുകുപ്പായക്കാർ

**(iv)**

**b) പ്രതികാരപ്രസ്ഥാനം : ഫ്രാൻസ്**

***Marks :(4)***

Hide Answer

**Qn No. 32** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**സാമ്രാജ്യത്വരാഷ്ട്രങ്ങൾ തമ്മിലുള്ള മത്സരം ഒന്നാം ലോകയുദ്ധത്തിന് കാരണമായതെങ്ങനെ?**

**Hint.**

- **സൈനിക സഖ്യങ്ങൾ (ത്രികക്ഷിസഖ്യം,ത്രികക്ഷി സൗഹാർദ്ദം)**
- **തീവ്രദേശീയത (പാൻസ്ലാവ്,പാൻ ജർമ്മൻ, പ്രതികാര പ്രസ്ഥാനം)**
- **പ്രതിസന്ധികൾ (മെറോക്കൻ,ബാൾക്കൻ)**
- **ഫ്രാൻസിസ് ഫെർഡിനന്റിന്റെ വധം**

***Marks :(6)***

Hide Answer

**Qn No. 33** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**'പുരുഷന് യുദ്ധം സ്ത്രീയ്ക്ക് മാതൃത്വം എന്നതുപോലെയാണ് ' ഈ പ്രസ്താവന ആരുടേതാണ്?**

**Hint.**

- **മുസ്സോളിനി**

***Marks :(1)***

Hide Answer

**Qn No. 34** *Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ*

**Qn.**

ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

a) ഹോഹൻ സൊളൻ രാജവംശം ഭരിച്ചിരുന്ന രാജ്യം ഏത്?

(ആസ്ട്രിയ-ഹംഗറി, റഷ്യ, ഫ്രാൻസ്, ജർമ്മനി)

b) ഒന്നാം ലോകയുദ്ധവുമായി ബന്ധപ്പെടാത്തത് ഏത്?

(ത്രികക്ഷിസഖ്യം, ത്രികക്ഷിസൗഹാർദം, അച്ചുതണ്ടു ശക്തികൾ, ബാൾക്കൻ പ്രതിസന്ധി)

c) ജോമോ കെനിയാത്ത സാമ്രാജ്യത്വ വിരുദ്ധസമരം നയിച്ച രാജ്യം ഏത്?

(ഘാന, കെനിയ, ദക്ഷിണാഫ്രിക്ക, ഈജിപ്ത്)

d) 'എല്ലാ യുദ്ധവും അവസാനിക്കാനായി ഒരു യുദ്ധം'. ഈ പ്രസ്താവന ആരുടേതാണ്?

(ഹിറ്റ്ലർ, മുസ്സോളിനി, മാർഷൽടിറ്റോ, വുഡ്റോ വിൽസൺ)

**Hint.**

(a )ജർമ്മനി

(b)അച്ചുതണ്ടു ശക്തികൾ

(c)കെനിയ

(d)വുഡ്റോ വിൽസൺ

*Marks :(4)*

Hide Answer

**Qn No. 35** *Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ*

**Qn.**

അപകോളനീകരണം എന്നാലെന്ത്?

**Hint.**

- സാമ്രാജ്യത്വ ശക്തികളുടെ ഭരണത്തിൽനിന്ന് കോളനികൾ സ്വാതന്ത്ര്യം നേടിയ പ്രക്രിയ

*Marks :(2)*

Hide Answer

**Qn No. 36** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**

**"സാമ്രാജ്യത്വ മത്സരങ്ങളിൽ വിജയിക്കുന്നതിന് യൂറോപ്യൻ രാജ്യങ്ങൾ സ്വീകരിച്ച വിവിധ മാർഗങ്ങളിൽ ഒന്നായിരുന്നു തീവ്രദേശീയത". തീവ്രദേശീയതയുടെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു?**

**Hint.**

- **സ്വന്തം രാജ്യം ശ്രേഷ്ഠമാണെന്ന് കരുതുക**
- **സ്വന്തം രാജ്യം ചെയ്യുന്നതിനെയെല്ലാം ന്യായീകരിക്കുക.**

***Marks :(2)***

Hide Answer

**Qn No. 37** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**

**ജൂതന്മാരോട് ശത്രുതാപരമായ സമീപനം സ്വീകരിക്കാൻ ഹിറ്റ് ലറെ പ്രേരിപ്പിച്ചതെന്ത്? ഹിറ്റ് ലർ നടത്തിയ ജൂത കൂട്ടക്കൊല ഏത് പേരിലാണറിയപ്പെടുന്നത്?**

**Hint.**

- **ജർമ്മനിക്കുണ്ടായ അപമാനങ്ങൾക്കും തിരിച്ചടികൾക്കും ഉത്തരവാദികൾ ജൂതന്മാരാണെന്ന് ആരോപിച്ചു .**
- **ഹോളോകാസ്റ്റ്**

***Marks :(2)***

Hide Answer

**Qn No. 38** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**

ചുവടെ തന്നിരിക്കുന്ന പട്ടിക ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| ഫ്രാൻസിസ് ഫെർഡിനന്റ് | ജർമ്മൻ പുരോഹിതൻ |
| ഗസ്റ്റപ്പോ | റഷ്യ |
| റോമനോവ് | ഹിറ്റ്ലർ |
| പാസ്റ്റർ മാർട്ടിൻ നിമോയ്ളർ | ഗാവ് ലൊപ്രിൻസപ്പ് |

**Hint.**

- ഗാവ് ലൊപ്രിൻസപ്പ്
- ഹിറ്റ്ലർ
- റഷ്യ
- ജർമ്മൻ പുരോഹിതൻ

***Marks :(4)***

Hide Answer

**Qn No. 39** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**

ചുവടെ തന്നിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക.

| | |
|---|---|
| ജവഹർലാൽ നെഹ്റു | ഇന്ത്യ |
| ഗമാൽ അബ്ദുൽ നാസർ | ? |
| മാർഷൽ ടിറ്റോ | ? |
| അഹമ്മദ് സുക്കാർണോ | ? |

**Hint.**

- ഈജിപ്ത്
- യുഗോസ്ലാവിയ
- ഇന്തോനേഷ്യ

***Marks :(3)***

Hide Answer

**Qn No. 40** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**"യൂറോപ്യൻ രാജ്യങ്ങളുടെ സാമ്രാജ്യത്വ താൽപര്യം ബാൾക്കൻ പ്രതിസന്ധിക്ക് കാരണമായി " സമർഥിക്കുക.**

**Hint.**
**ബാൾക്കൻ മേഖല തുർക്കികളുടെ നിയന്ത്രണത്തിലായിരുന്നു.**

- **1912-ൽ ബാൾക്കൻ സഖ്യം തുർക്കിയെ പരാജയപ്പെടുത്തി.**
- **യുദ്ധത്തിന്റെ നേട്ടങ്ങൾ പങ്കിടുന്നതിൽ ബാൾക്കൻ രാഷ്ട്രങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസം.**
- **ബാൾക്കൻ രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധം**

***Marks :(3)***

Hide Answer

**Qn No. 41** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**ആഗോളവൽക്കരണം വികസ്വര രാഷ്ട്രങ്ങളെ ബാധിച്ചത് ഏതെല്ലാം രീതിയിലാണ്?**

**Hint.**

- **ദേശരാഷ്ട്രമെന്ന ആശയത്തിന് വെല്ലുവിളി**
- **തദ്ദേശീയ സംസ്കാരങ്ങൾ തകർന്നു**
- **കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിഞ്ഞു**
- **പൊതുമേഖലാസ്ഥാപനങ്ങൾ തകർന്നു**
- **സാമൂഹിക സേവന മേഖലകളിൽ നിന്നു സർക്കാർ പിൻവാങ്ങി**
- **പ്രകൃതി വിഭവങ്ങൾ കൊള്ളയടിച്ചു (ഏതെങ്കിലും നാലെണ്ണം)**

***Marks :(4)***

Hide Answer

**Qn No. 42** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**

ചുവടെ തന്നിരിക്കുന്ന സംഭവങ്ങളെ കാലഗണനാക്രമത്തിൽ എഴുതുക

- ഐക്യരാഷ്ട്രസംഘടനയുടെ രൂപീകരണം
- ജർമ്മനിയുടെ പോളണ്ടാക്രമണം
- പാരീസ് സമാധാന സമ്മേളനം

**Hint.**

- പാരീസ് സമാധാന സമ്മേളനം.
- ജർമ്മനിയുടെ പോളണ്ടാക്രമണം.
- ഐക്യരാഷ്ട്രസംഘടനയുടെ രൂപീകരണം.

***Marks :(4)***

Hide Answer

**Qn No. 43** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**

ജൂതൻമാർക്ക് ഒരു രാഷ്ട്രം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടുകൂടി രൂപീകരിച്ച പ്രസ്ഥാനം ഏത്?

**Hint.**

- സിയോണിസ്റ്റ് പ്രസ്ഥാനം

***Marks :(1)***

Hide Answer

**Qn No. 44** *Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ*

**Qn.**
ചേരിചേരാപ്രസ്ഥാനത്തെക്കുറിച്ചുള്ള നെഹ്റുവിന്റെ വീക്ഷണമെന്ത്?

**Hint.**
- ലോകകാര്യങ്ങളിൽനിന്ന് മാറി നിൽക്കലല്ല.
- ലോകം അഭിമുഖികരിക്കുന്ന പ്രശ്നങ്ങളിൽ സജീവ ഇടപെടൽ

*Marks :(2)*

Hide Answer

**Qn No. 45** *Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ*

**Qn.**
രണ്ടാം ലോകയുദ്ധാനന്തരം സ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾ ചേരിചേരാപ്രസ്ഥാനം രൂപീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുക.

**Hint.**
- ശീതസമരം സാമ്രാജ്യത്തിന്റെ മറ്റൊരു രൂപമാണെന്നും ലോകസമാധാനത്തിന് ഭീഷണിയാണെന്നുമുള്ള തിരിച്ചറിവ് .
- ആയുധമത്സരവും സൈനിക സംഖ്യങ്ങളും ഭീഷണി ആകുമെന്നുള്ള തിരിച്ചറിവ് .
- യുദ്ധവും സംഘർഷവുമില്ലാത്ത ലോകത്തിനു മാത്രമേ സാമ്പത്തികമായും സാമൂഹികമായും മുന്നേറാൻ കഴിയൂ എന്നുള്ള തിരിച്ചറിവ്.

*Marks :(3)*

Hide Answer

**Qn No. 46** *Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ*

**Qn.**
രണ്ടാം ലോകയുദ്ധത്തിനുശേഷം ലോകസമാധാനത്തിനായി രൂപീകരിച്ച അന്തർദേശീയ സംഘടന ഏത്? അതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?

**Hint.**

- ഐക്യരാഷ്ട്ര സംഘടന
- ഭാവിതലമുറയെ യുദ്ധത്തിൽനിന്നു രക്ഷിക്കുക.
- അന്തരാഷ്ട്ര ഉടമ്പടികളും നിയമങ്ങളും സംരക്ഷിക്കുക.
- ലോകരാഷ്ട്രങ്ങളുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

*Marks :(4)*

Hide Answer

**Qn No. 47** *Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ*

**Qn.**
രണ്ടാം ലോകയുദ്ധം ലോകത്തുണ്ടാക്കിയ പ്രത്യാഘാതങ്ങൾ എന്തെല്ലാം?

**Hint.**

- ദശലക്ഷകണക്കിനു ആളുകൾ കൊല്ലപ്പെട്ടു.
- യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തിക നില തകർന്നു.
- യൂറോപ്യൻ രാഷ്ട്രങ്ങളുടെ മേധാവിത്വം തകർന്നു.
- ഏഷ്യൻ - ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു.
- അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികൾ.
- ഐക്യരാഷ്ട്രസംഘടനയുടെ രൂപീകരിണം.
    - (ഏതെങ്കിലും 4 എണ്ണം)

*Marks :(4)*

Hide Answer

**Qn No. 48** *Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ*

**Qn.**
ഒന്നാം ലോകയുദ്ധം ജർമ്മനിയിൽ സൃഷ്ടിച്ച പ്രതിസന്ധികളാണ് ഹിറ്റ്ലറെ അധികാരത്തിലെത്തുവാൻ സഹായിച്ചത് - വിവരിക്കുക.

**Hint.**

- വേഴ്സായി സന്ധി
- സാമ്പത്തിക തകർച്ച - പണപ്പെരുപ്പം
- ജർമ്മൻ ഭരണകൂടത്തിന്റെ പരാജയവും രാഷ്ട്രീയ അസ്ഥിരതയും

***Marks :(4)***

Hide Answer

**Qn No. 49** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
ഇറ്റലിയിൽ ഉദയം ചെയ്ത ഫാഷിസത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

**Hint.**

- മുസ്സോളിനിയുടെ സ്വേച്ഛാധിപത്യ നടപടികൾ.
- സോഷ്യലിസ്റ്റുകൾ തൊഴിലാളി - കർഷക നേതാക്കൾ എന്നിവർ ശത്രുക്കൾ.
- റോമാസാമ്രാജ്യത്തിന്റെ പുനസ്ഥാപനം അടിസ്ഥാന ലക്ഷ്യം
- കരിങ്കുപ്പായക്കാർ
- എത്യോപ്യ, അൽബേനിയ എന്നീ രാജ്യങ്ങൾ ആക്രമിച്ചു.
- ഹിംസയുടെ മാർഗം

  (നാലെണ്ണം)

***Marks :(4)***

Hide Answer

**Qn No. 50** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
ഒന്നാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ എന്തെല്ലാം?

**Hint.**

- ദശലക്ഷകണക്കിന് ജനങ്ങൾക്ക് ജീവഹാനി സംഭവിച്ചു.
- യൂറോപ്പിന്റെ സാമ്പത്തിക മേധാവിത്വം തകർന്നു.
- ദാരിദ്ര്യം, തൊഴിലില്ലായ്മ, നാണയപ്പെരുപ്പം

- ഏഷ്യയിലേയും ആഫ്രിക്കയിലേയും സ്വാതന്ത്ര്യ സമരങ്ങൾ ശക്തിപ്പെട്ടു.
- കൃഷി, വ്യവസായം, വാർത്താവിനിമയം എന്നിവ തകർന്നു
- സർവരാഷ്ട്രസഖ്യം രൂപംകൊണ്ടു.

**(4 എണ്ണം)**

***Marks :(4)***

Hide Answer

**Qn No. 51** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**'ജർമ്മനിയുടെ ഇടപെടലാണ് മൊറോക്കൻ പ്രതിസന്ധിക്ക് കാരണമായത്.' ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.**

**Hint.**

- ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ രഹസ്യ ഉടമ്പടിയുണ്ടാക്കി.
- മൊറോക്കയിലെ ഫ്രഞ്ച്ആധിപത്യം ബ്രിട്ടൻ അംഗീകരിച്ചു.
- ജർമ്മനി ഇത് അംഗീകരിക്കാതെ യുദ്ധകപ്പലുകൾ അഗഡീറിലേക്ക് അയച്ചു.

***Marks :(3)***

Hide Answer

**Qn No. 52** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
**യൂറോപ്യൻ രാജ്യങ്ങളെ സൈനിക സഖ്യങ്ങൾ രൂപീകരിക്കാൻ പ്രേരിപ്പിച്ച ഘടകങ്ങൾ ഏതെല്ലാം?**

**Hint.**

- കോളനികൾക്കായുള്ള മത്സരം ശത്രുതയ്ക്കും സംഘർഷങ്ങൾക്കും കാരണമായി
- ശത്രുക്കളെയും മിത്രങ്ങളെയും തിരിച്ചറിയാൻ കഴിയാത്ത സാഹചര്യം

***Marks :(2)***

Hide Answer

**Qn No. 53** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**

സാമ്രാജ്യത്വം കോളനിരാജ്യങ്ങളെ ദോഷകരമായി ബാധിച്ചതെങ്ങനെയെന്ന് വിശദമാക്കുക.

**Hint.**

- പരമ്പരാഗത സമ്പദ് വ്യവസ്ഥ തകർന്നു.
- ഭരണരീതിയും നിയമവ്യവസ്ഥയും മാറ്റിമറിക്കപ്പെട്ടു.
- നാണ്യവിളകൾ കൃഷി ചെയ്യാൻ നിർബന്ധിതരായി.
- ദാരിദ്ര്യവും തൊഴിലില്ലായ്മയും വർധിച്ചു.
- പ്രകൃതിവിഭവങ്ങൾ വ്യാപകമായി കൊള്ളയടിക്കപ്പെട്ടു.
- തദ്ദേശീയ കല, സാഹിത്യം, ഭാഷ, സംസ്കാരം, വിദ്യാഭ്യാസം എന്നിവ തകർന്നു.

(ഏതെങ്കിലും നാലെണ്ണം)

***Marks :(4)***

Hide Answer

**Qn No. 54** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**

'ഒരു കൈയിൽ സമാധാനത്തിന്റെ ഒലീവിലയും മറുകൈയിൽ വിമോചനപ്പോരാളിയുടെ തോക്കുമായാണ് ഞാൻ വന്നിരിക്കുന്നത്. ഒലീവിലകൾ എന്റെ കൈകളിൽനിന്ന് നഷ്ടമാകാതിരിക്കട്ടെ'. ഈ പ്രസ്താവന ആരുടേതാണ്? ഈ പ്രസ്താവന നടത്താൻ അദ്ദേഹത്തെ പ്രേരിപ്പിച്ച സാഹചര്യമെന്ത്?

**Hint.**

- യാസർ അറാഫത്ത്
- പാലസ്തീൻ തുർക്കി സാമ്രാജ്യത്തിന്റെ ഭാഗം
- ഒന്നാം ലോകയുദ്ധത്തിനുശേഷം പാലസ്തീൻ ബ്രിട്ടന്റെ നിയന്ത്രണത്തിൽ
- ബാൽഫർ പ്രഖ്യാപനം
- സിയോണിസ്റ്റ് പ്രസ്ഥാനം

- ഇസ്രായേൽ രൂപീകരണം
- ഇസ്രായേൽ - അറബ് രാഷ്ട്ര സംഘർഷം
- പാലസ്തീൻ വിമോചന സംഘടനയുടെരൂപീകരണം

***Marks :(4)***

Hide Answer

**Qn No. 55** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
'ശീതസമരം' എന്തെന്ന് വ്യക്തമാക്കുക.

**Hint.**

- അമേരിക്ക നേതൃത്വം കൊടുത്ത മുതലാളിത്ത ചേരിയും സോവിയറ്റ് യൂണിയൻ നേതൃത്വം നൽകിയ സോഷ്യലിസ്റ്റ് ചേരിയും തമ്മിലുള്ള ആശയപരമായ സംഘർഷങ്ങളും നയതന്ത്രയുദ്ധങ്ങളും ആണ് ശീതസമരം.
- ആശയ പരമായ ഭിന്നതയും രാഷ്ട്രീയ അവിശ്വാസവുമാണ് ശീത സമരത്തിന്റെ അടിസ്ഥാനം.

***Marks :(2)***

Hide Answer

**Qn No. 56** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
ഇറ്റലിയിലും ജർമ്മനിയിലും അധികാരത്തിലെത്തുവാൻ ഫാഷിസ്റ്റുകളെ സഹായിച്ച സാഹചര്യങ്ങൾ പരിശോധിക്കുക.

**Hint.**
ഇറ്റലി

- വിജയിച്ചവരുടെ കൂട്ടത്തിൽപ്പെട്ടിട്ടും ഇറ്റലിക്ക് നേട്ടമുണ്ടായില്ല.
- വ്യവസായങ്ങളുടെ തകർച്ച, തൊഴിലില്ലായ്മ, നികുതി വർധനവ്, പണപ്പെരുപ്പം.
- സമ്പന്നരുടെ പിന്തുണ.

  ജർമ്മനി

- വേഴ്സായി സന്ധി.
- സാമ്പത്തിക തകർച്ചയും പണപ്പെരുപ്പവും.
- ഭരണകൂടത്തിന്റെ പരാജയവും അസ്ഥിരതയും.

***Marks :(4)***

Hide Answer

**Qn No. 57** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
സാമ്രാജ്യത്വത്തിന്റെ രണ്ട് സവിശേഷതകൾ എഴുതുക.

**Hint.**
- കോളനികളിലേക്കുള്ള മൂലധന കയറ്റുമതിയുടെ ഘട്ടം
- രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക ആധിപത്യം

***Marks :(2)***

Hide Answer

**Qn No. 58** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**
സാമ്രാജ്യത്വശക്തികൾ കോളനികളെ ചൂഷണം ചെയ്യുന്നതിന് ഉപയോഗപ്പെടുത്തിയ ഘടകങ്ങൾ ഏതെല്ലാം?

**Hint.**
- നിയമവ്യവസ്ഥ
- ഭരണസംവിധാനം
- സൈനിക ശക്തി

***Marks :(3)***

Hide Answer

**Qn No. 59** ***Chapter Name:ലോകം ഇരുപതാം നൂറ്റാണ്ടിൽ***

**Qn.**

**കോളനികളിൽ മൂലധനനിക്ഷേപം നടത്തുവാൻ മുതലാളിത്ത രാജ്യങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം ?**

**Hint.**

- **തൊഴിലാളികളുടെ കുറഞ്ഞ കൂലി**
- **അസംസ്കൃത വസ്തുക്കളുടെ ലഭ്യത**
- **കുറഞ്ഞ ചെലവ്**

***Marks :(3)***

Hide Answer

PRINT

Qn No. 1 ***Chapter Name:പൊതുഭരണം***

**Qn.പൊതുഭരണ സംവിധാനത്തിന്റെ ഭാഗമായ ഏതെങ്കിലും മൂന്ന് സ്ഥാപനങ്ങളും അവയുടെ ചുമതലകളും എഴുതുക ?**

**Hint.**

| **സ്ഥാപനം** | **ചുമതലകൾ** |
|---|---|
| **കൃഷിഭവൻ** | **കൃഷിയെ പ്രോത്സാഹിപ്പിക്കുന്നു** |
| **പോലീസ് സ്റ്റേഷൻ** | **ക്രമസമാധാനം നിലനിർത്തുന്നു** |
| **പ്രാഥമിക ആരോഗ്യ കേന്ദ്രം** | **ചികിത്സാ സൗകര്യം ഒരുക്കുന്നു** |

***Marks :(3)***

Hide Answer

**Qn No. 2** ***Chapter Name:പൊതുഭരണം***

**Qn."ഓംബുഡ്സ്മാന്റെ പ്രവർത്തനം അഴിമതി തടയുന്നതിന് പൊതുജനങ്ങൾക്ക് സഹായകമായി മാറുന്നു ." ഈ പ്രസ്താവന വിലയിരുത്തുക ?**

**Hint.. ജനപ്രതിനിധികളോ ഉദ്യോഗസ്ഥരോ അഴിമതി നടത്തിയാൽ ഓംബുഡ്സ്മാനിൽ പരാതി നൽകാം**

**. ജനങ്ങൾക്ക് നേരിട്ട് പരാതി ഓംബുഡ്സ്മാനെ ഏൽപ്പിക്കാം**

**. പരാതികളിൽ അന്വേഷണം നടത്തി ശുപാർശ ചെയ്യാൻ അധികാരമുണ്ട് .**

***Marks :(3)***

Hide Answer

**Qn No. 3** ***Chapter Name:പൊതുഭരണം***

**Qn.**

**കേരളാ പബ്ലിക് സർവീസ് കമ്മീഷനിലെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നതാര്?**

**A. മുഖ്യമന്ത്രി** **B. രാഷ്ട്രപതി**

**C. ഗവർണർ** **D. ഉപരാഷ്ട്രപതി**

**Hint.**

C. ഗവർണർ

***Marks :(1)***

Hide Answer

**Qn No. 4** ***Chapter Name:പൊതുഭരണം***

**Qn.**

ചുവടെ നൽകിയിട്ടുള്ള ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്ന ഏജൻസികളുടെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തുക.

( സെയിൽസ് ടാക്സ് ഓഫീസർ, ഇന്ത്യൻ പോലീസ് സർവീസ് ഉദ്യോഗസ്ഥർ,

സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥർ, കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥർ)

| യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ | സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ |
| --- | --- |
| • | • |
| • | • |

**(4)**

**Hint.**

<u>യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ</u>

ഇന്ത്യൻ പോലീസ് സർവീസ്

കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥർ

<u>കേരള പബ്ലിക് സർവീസ് കമ്മീഷൻ</u>

സെയിൽസ് ടാക്സ് ഓഫീസർ

സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥർ

***Marks :(4)***

Hide Answer

**Qn No. 5** *Chapter Name:പൊതുഭരണം*

**Qn.**

പൊതുഭരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.

**Hint.**

- ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.
- ജനക്ഷേമം ഉറപ്പാക്കുന്നു.
- ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു
- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു


*Marks :(4)*

Hide Answer

**Qn No. 6** *Chapter Name:പൊതുഭരണം*

**Qn.**

ചാർട്ട് പൂർത്തീകരിക്കുക.




(2)

**Hint.**

- കേന്ദ്ര സർവീസ്
- സംസ്ഥാന സർവീസ്

*Marks :(2)*

Hide Answer

**Qn No. 7** *Chapter Name:പൊതുഭരണം*

**Qn.**

യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാനെ നിയമിക്കുന്നത് ആരാണ്?

A. പ്രധാനമന്ത്രി B. രാഷ്ട്രപതി

C. ഗവർണർ D. ഉപരാഷ്ട്രപതി

**Hint.**

- രാഷ്ട്രപതി

*Marks :(1)*

Hide Answer

**Qn No. 8** *Chapter Name:പൊതുഭരണം*

**Qn.**

വിവരാവകാശനിയമം സമൂഹത്തിന് സഹായകമാകുന്ന സന്ദർഭങ്ങൾ വ്യക്തമാക്കുക.

**Hint.**

- വിദ്യാലയവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കാൻ
- ആശുപത്രിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കാൻ
- സർക്കാർ ഓഫീസുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കാൻ
- കൃഷിഭവനുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കാൻ
  (ഉചിതമായ മൂന്ന് സന്ദർഭങ്ങൾ എഴുതുന്നതിന്)

*Marks :(3)*

Hide Answer

**Qn No. 9** *Chapter Name:പൊതുഭരണം*

**Qn.**

സേവനങ്ങൾക്കായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ടതില്ല എന്നത് ഇ-ഗവേണൻസ് കൊണ്ടുള്ള ഒരു നേട്ടമാണ്. മറ്റെതെങ്കിലും രണ്ട് നേട്ടങ്ങൾ എഴുതുക.

**Hint.**

- വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം
- സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു

- ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു

(1x2=2)

*Marks :(2)*

Hide Answer

**Qn No. 10** ***Chapter Name:പൊതുഭരണം***

**Qn.**

സൂചകത്തിനനുസരിച്ച് ക്രമപ്പെടുത്തുക.

അഖിലേന്ത്യാസർവീസ് , സേവനാവകാശം ലോകായുക്ത ,സംസ്ഥാന സർവീസ്

| ഉദ്യാഗസ്ഥ വൃന്ദം | ഭരണനവീകരണം |
|---|---|
| • | • |
| • | • |

**Hint.**

| ഉദ്യോഗസ്ഥവൃന്ദം | ഭരണനവീകരണം |
|---|---|
| അഖിലേന്ത്യാസർവീസ് | സേവനാവകാശം |
| സംസ്ഥാന സർവീസ് | ലോകായുക്ത |

**( 1x2=2)**

*Marks :(2)*

Hide Answer

**Qn No. 11** ***Chapter Name:പൊതുഭരണം***

**Qn.**

ഗവൺമെന്റ് ഓഫീസുകളിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്ന സംസ്ഥാനതല ഏജൻസി ഏതാണ്?

A. സെൻട്രൽ വിജിലൻസ് കമ്മീഷൻ B. ഓംബുഡ്സ്മാൻ

C. ലോക്പാൽ D. സംസ്ഥാന വിജിലൻസ് കമ്മീഷൻ

**Hint.**

- സംസ്ഥാന വിജിലൻസ് കമ്മീഷൻ

***Marks :(1)***

Hide Answer

**Qn No. 12** ***Chapter Name:പൊതുഭരണം***

**Qn.**
ഗവൺമെന്റിന്റെ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്ന പ്രധാന സംവിധാനം ഏതാണ്?

**A.** മന്ത്രിസഭ

**B.** കോടതി

**C.** ഉദ്യോഗസ്ഥവൃന്ദം

**D.** ലോകായുക്ത

**Hint.**
C. ഉദ്യോഗസ്ഥവൃന്ദം

***Marks :(1)***

Hide Answer

**Qn No. 13** ***Chapter Name:പൊതുഭരണം***

**Qn.**
രാജ്യത്തെ കൂടുതൽ പരിഗണനയും പരിരക്ഷയും വേണ്ട ജനവിഭാഗങ്ങളുടെ ക്ഷേമത്തിന് പൊതുഭരണം സഹായകമാകുന്നതെങ്ങനെ?

**Hint.**
- ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു
- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു
- ജനക്ഷേമം ഉറപ്പാക്കുന്നു
- ജനകീയപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു

(ഏതെങ്കിലും മൂന്നെണ്ണം)

***Marks :(3)***

Hide Answer

**Qn No. 14** ***Chapter Name:പൊതുഭരണം***

**Qn.**
ബ്രാക്കറ്റിൽ നിന്ന് യോജിച്ചവ തെരഞ്ഞെടുത്ത് പട്ടിക പൂർത്തിയാക്കുക.

| അഖിലേന്ത്യാസർവീസ് | കേന്ദ്ര സർവീസ് | സംസ്ഥാന സർവീസ് |
| --- | --- | --- |
| ഇന്ത്യൻ പോലീസ് സർവീസ് | ഇന്ത്യൻ റെയിൽവേ സർവീസ് | സംസ്ഥാന ഗവൺമെന്റിന് കീഴിൽ നിയമിക്കപ്പെടുന്നു |
| ......................... | ......................... | ......................... |
| ......................... | ......................... | ......................... |

(ഇന്ത്യൻ ഫോറിൻ സർവീസ്, സെയിൽസ് ടാക്സ് ഓഫീസ്, ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ്)

**Hint.**
- അഖിലേന്ത്യാസർവീസ് - ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ്
- കേന്ദ്ര സർവീസ് - ഇന്ത്യൻ ഫോറിൻ സർവീസ്
- സംസ്ഥാന സർവീസ് - സെയിൽസ് ടാക്സ് ഓഫീസ്

***Marks :(3)***

Hide Answer

**Qn No. 15** ***Chapter Name:പൊതുഭരണം***

**Qn.**
2005-ലെ വിവരാവകാശ നിയമത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.

**Hint.**
- പൗരന്മാർക്ക് വിവരങ്ങൾ അറിയാനുള്ള അവകാശം
- അഴിമതി നിയന്ത്രിക്കുന്നതിന്
- ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്വബോധം ഉണ്ടാക്കുന്നു
- ഗവൺമെന്റ് പ്രവർത്തനം സുതാര്യമാകുന്നു

***Marks :(4)***

Hide Answer

**Qn No. 16** *Chapter Name:പൊതുഭരണം*

**Qn.**

വിവരാവകാശ കമ്മീഷന്റെ രണ്ട് തലങ്ങൾ എതെല്ലാം? പ്രസ്തുത കമ്മീഷന്റെ ഘടന വ്യക്തമാക്കുക.

**Hint.**

- സംസ്ഥാനതല കമ്മീഷൻ,, കേന്ദ്രതല കമ്മീഷൻ
- മുഖ്യവിവരാവകാശ കമ്മീഷണറും പത്തിൽ കവിയാത്ത അംഗങ്ങളും വിവരാവകാശ കമ്മീഷനിൽ ഉണ്ടാകും.

*Marks :(3)*

Hide Answer

**Qn No. 17** *Chapter Name:പൊതുഭരണം*

**Qn.**

ഏത് സംഘടനയുടെ പ്രവർത്തനമാണ് വിവരാവകാശ നിയമനിർമാണത്തിലേക്ക് നയിച്ചത്?

**Hint.**

- രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘാതൻ

*Marks :(1)*

Hide Answer

**Qn No. 18** *Chapter Name:പൊതുഭരണം*

**Qn.**

പൊതുഭരണത്തിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്ന രണ്ട് ഘടകങ്ങൾ ഏഴുതുക?

**Hint.**

- അഴിമതി

- ഉത്തരവാദിത്വബോധമില്ലായ്മ
- സ്വജനപക്ഷപാതം

(ഏതെങ്കിലും 2 എണ്ണം)

*Marks :(2)*

Hide Answer

**Qn No. 19** *Chapter Name:പൊതുഭരണം*

**Qn.**

ജനാധിപത്യഭരണം, രാജഭരണം എന്നീ ഭരണരീതികളിൽ ജനതാൽപര്യത്തിന് പ്രാധാന്യം നൽകുന്നത് ഏത്?

ഈ ഭരണരീതിയുടെ ഏതെങ്കിലും രണ്ട് മേന്മകൾ വ്യക്തമാക്കുക.

**Hint.**

ജനാധിപത്യഭരണം

ജനതാൽപര്യങ്ങൾക്ക് പ്രാധാന്യം

ജനാധിപത്യഭരണം കൂടുതൽ ഫലപ്രദവും കാര്യക്ഷമതയുള്ളതുമാണ്.

*Marks :(3)*

Hide Answer

**Qn No. 20** *Chapter Name:പൊതുഭരണം*

**Qn.**

ഇലക്ട്രോണിക് സാങ്കേതിക വിദ്യയിലൂടെ പൊതുഭരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താൻ നടപ്പിലാക്കിയ പദ്ധതി ഏത്? ഈ പദ്ധതിയുടെ ഏതെങ്കിലും മൂന്ന് നേട്ടങ്ങൾ എഴുതുക?

**Hint.**

- ഇ-ഗവേണൻസ് (1)
- സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തു നിൽക്കേണ്ടതില്ല
- വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം
- സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു
- ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു

*Marks :(4)*

Hide Answer

**Qn No. 21** *Chapter Name:പൊതുഭരണം*

**Qn.**

പൊതുഭരണം കാര്യക്ഷമമാക്കുന്നതിന് സേവനാവകാശനിയമം സഹായകമാകുന്നതെങ്ങനെ?

**Hint.**

- സർക്കാർ ഓഫീസുകൾ നൽകുന്ന സേവനങ്ങൾ ഏതെല്ലാമെന്ന് തിരിച്ചറിയുന്നു
- ഓരോ സർക്കാർ ഓഫീസും നൽകുന്ന സേവനങ്ങൾ എത്ര കാലപരിധിക്കുള്ളിൽ നൽകണമെന്ന് നിയമം അനുശാസിക്കുന്നു
- പരിഹാരനടപടികൾ സ്വീകരിക്കാൻ സാധിക്കുന്നു
- പൊതുസമൂഹത്തിന്റെ നിരന്തരമായ ഇടപെടലുണ്ടാകുന്നു
- പൊതുഭരണത്തിന്റെ കാര്യക്ഷമത വർധിക്കുന്നു (ഏതെങ്കിലും നാലെണ്ണം 4x1 =4 )

*Marks :(4)*

Hide Answer

**Qn No. 22** *Chapter Name:പൊതുഭരണം*

**Qn.**

അനുയോജ്യമായ രീതിയിൽ എ, ബി, സി കോളങ്ങൾ ക്രമപ്പെടുത്തുക.

| എ | ബി | സി |
|---|---|---|
| അഖിലേന്ത്യാസർവീസ് | ഇന്ത്യൻ റെയിൽവെ സർവീസ് | ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു |
| കേന്ദ്ര സർവീസ് | സെയിൽസ് ടാക്സ് ഓഫീസർ | സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു |
| സംസ്ഥാന സർവീസ് | ഇന്ത്യൻ പോലീസ് സർവീസ് | കേന്ദ്രസർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു |

**Hint.**

| | | |
|---|---|---|
| അഖിലേന്ത്യാസർവീസ് | ഇന്ത്യൻ പോലീസ് സർവീസ് | കേന്ദ്രസർവീസിലോ സംസ്ഥാനസർവീസിലോ നിയമിക്കപ്പെടുന്നു |
| കേന്ദ്രസർവീസ് | ഇന്ത്യൻ റെയിൽവെ സർവീസ് | ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു |
| സംസ്ഥാനസർവീസ് | സെയിൽസ് ടാക്സ് ഓഫീസർ | സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു |

***Marks :(3)***


Hide Answer

**Qn No. 23** ***Chapter Name:പൊതുഭരണം***

**Qn.**

**ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ സൂചിപ്പിക്കുന്ന പദസൂര്യൻ പൂർത്തീകരിക്കുക.**

പദസൂര്യൻ പൂർത്തീകരിക്കുക.




(3)

**(3 )**

**Hint.**

- സ്ഥിരത
- ശ്രേണീപരമായ സംഘാടനം
- യോഗ്യത അടിസ്ഥാനമാക്കി നിയമനം
- രാഷ്ട്രീയ നിഷ്പക്ഷത

**(ഏതെങ്കിലും 3 എണ്ണം)**

വൈദഗ്ധ്യം

*Marks :(3)*

Hide Answer

**Qn No. 24** ***Chapter Name:പൊതുഭരണം***

**Qn.**

ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകളിലൊന്നാണ് ശ്രേണീപരമായ സംഘാടനം. മറ്റ് ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.

**Hint.**

- സ്ഥിരത
- യോഗ്യത അടിസ്ഥാനമാക്കി നിയമനം
- രാഷ്ട്രീയ നിഷ്പക്ഷത
- വൈദഗ്ധ്യം (ഏതെങ്കിലും 2 സവിശേഷതകൾ)

*Marks :(2)*

Hide Answer

**Qn No. 25** ***Chapter Name:പൊതുഭരണം***

**Qn.**

പൊതുഭരണ സംവിധാനത്തിൽ ഉദ്യോഗസ്ഥരുടെ പങ്ക് വ്യക്തമാക്കുക.

**Hint.**

- ഭരണനിർവഹണത്തിൽ സഹായിക്കുന്നു
- ഗവൺമെന്റ് സേവനങ്ങൾ ജനങ്ങളിലെത്തിക്കുന്നു
- ഗവൺമെന്റിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നു
- ജനപ്രതിനിധികൾ, മന്ത്രിമാർ എന്നിവർക്ക് ഉപദേശങ്ങൾ നൽകുന്നു
- ശാസ്ത്രീയമായി മനുഷ്യവിഭവശേഷി വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ തയാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

(ഏതെങ്കിലും 4 എണ്ണം)

*Marks :(4)*

Hide Answer

**Qn No. 26** *Chapter Name:പൊതുഭരണം*

**Qn.**

ജനാധിപത്യവ്യവസ്ഥയെ കാര്യക്ഷമമാക്കുന്നതിൽ പൊതുഭരണത്തിന്റെ പങ്ക് വിശദമാക്കുക.

**Hint.**

- ജനങ്ങളുടെ താൽപ്പര്യത്തിന് പ്രാധാന്യം
- ജനാധിപത്യ ഭരണം കൂടുതൽ ഫലപ്രദവും കാര്യക്ഷമതയുള്ളതുമാകുന്നു

*Marks :(2)*

Hide Answer

**Qn No. 27** *Chapter Name:പൊതുഭരണം*

**Qn.**

ലോക്പാൽ, ലോകായുക്ത എന്നിവയുടെ പ്രവർത്തനങ്ങൾ വിശദമാക്കുക

**Hint.**

- ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും രാഷ്ട്രീയതലത്തിലുമുള്ള അഴിമതി തടയുന്നു.
- ലോക്പാൽ ദേശീയതലത്തിൽ പ്രവർത്തിക്കുന്നു
- ലോകായുക്ത സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നു

- പൊതുപ്രവർത്തകർക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും കേസെടുത്ത് അന്വേഷിക്കുന്നു

*Marks :(4)*

Hide Answer

**Qn No. 28** *Chapter Name:പൊതുഭരണം*

**Qn.**
പൊതുഭരണം ശക്തിപ്പെടുത്തുന്നതിൽ വിവരാവകാശ നിയമത്തിനുള്ള പ്രാധാന്യം വ്യക്തമാക്കുക.

**Hint.**
- വിവരങ്ങൾ അറിയാനുള്ള അവകാശം ഉറപ്പ് നൽകുന്നു
- അഴിമതി നിയന്ത്രിക്കുന്നു
- ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്വബോധം വളർത്തുന്നു
- ഗവൺമെന്റ് പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നു (ഏതെങ്കിലും മൂന്നെണ്ണം) (1x3 =3 )

*Marks :(3)*

Hide Answer

**Qn No. 29** *Chapter Name:പൊതുഭരണം*

**Qn.**
ഏതൊക്കെ സാഹചര്യങ്ങളിലാണ് നമുക്ക് ഓംബുഡ്സ്മാനിൽ പരാതി ബോധിപ്പിക്കുവാൻ കഴിയുക ?

**Hint.**
- അഴിമതി
- സ്വജനപക്ഷപാതം
- ധനദുർവിനിയോഗം
- ബാങ്കിങ് രംഗത്തെ തർക്കങ്ങൾ (ഏതെങ്കിലും 3 എണ്ണം)

*Marks :(3)*

Hide Answer

PRINT

Qn No. 1 ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

വയനാട്ടിലെ കുറിച്യ കലാപത്തിന് നേതൃത്വം കൊടുത്തത് ആര്?

**Hint.**

- രാമൻ നമ്പി

***Marks :(1)***

Hide Answer

**Qn No. 2** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

1905-ലെ ബംഗാൾ വിഭജനം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഒരു വഴിത്തിരിവായിരുന്നുവെന്ന് പറയുന്നത് എന്തുകൊണ്ട്? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

**Hint.**

- ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ ബഹിഷ്കരണം
- സ്വദേശി വസ്തുക്കളുടെ ഉപയോഗം
- ഇന്ത്യൻ വ്യവസായങ്ങൾക്ക് പുതുജീവൻ
- സ്ത്രീകൾ, തൊഴിലാളികൾ, വിദ്യാർഥികൾ എന്നിവരുടെ പങ്കാളിത്തം
- ഇന്ത്യൻ ദേശീയതയെ സമരം ശക്തിപ്പെടുത്തി

***Marks :(4)***

Hide Answer

**Qn No. 3** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

ബ്രിട്ടീഷുകാരുടെ സാമ്പത്തികചൂഷണം ഇന്ത്യയിലെ കർഷകർ, കരകൗശലത്തൊഴിലാളികൾ, ഗോത്രജനവിഭാഗങ്ങൾ എന്നിവരെ പ്രതികൂലമായി ബാധിച്ചതെങ്ങനെയെന്ന് വിശദീകരിക്കുക.

**Hint.**

- കർഷകരുടെ ദുരിതങ്ങൾ - ഉയർന്ന നികുതി, സെമീന്ദാർമാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണം, കൃഷിയിടം നഷ്ടമായി
- കരകൗശലത്തൊഴിലാളികളുടെ ദാരിദ്ര്യം ,പരമ്പരാഗതവ്യവസായങ്ങളുടെ തകർച്ച.
- ഗോത്രജനവിഭാഗങ്ങളുടെ ദുരിതങ്ങൾ - വനനിയമങ്ങൾ, ഉയർന്ന നികുതി, നികുതി പണമായി നൽകൽ

***Marks :(6)***

Hide Answer

**Qn No. 4** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

"മെച്ചപ്പെട്ട വിദേശഭരണത്തേക്കാൾ നല്ലത് തദ്ദേശീയരുടെ മെച്ചമല്ലാത്ത ഭരണമാണ്" ഈ പ്രഖ്യാപനം നടത്തിയ ദേശീയ നേതാവ് ആരാണ്?

**Hint.**

- ബാലഗംഗാധരതിലക്

***Marks :(1)***

Hide Answer

**Qn No. 5** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് വ്യവസായികൾ ഇന്ത്യയിൽ ആധുനിക വ്യവസായങ്ങൾ ആരംഭിച്ചത് പ്രധാനമായും ഏതെല്ലാം മേഖലകളിലാണ്?. പട്ടിക വിപുലമാക്കുക.

- തോട്ടം വ്യവസായം
- തുണി വ്യവസായം
- a
- b
- c

**Hint.**

- a ചണം
- b ഇരുമ്പുരുക്ക്
- c പേപ്പർ

***Marks :(3)***

Hide Answer

**Qn No. 6** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

**പത്തൊമ്പതാം നൂറ്റാണ്ടിൽ തെക്കേ മലബാറിലുണ്ടായ കർഷകകലാപങ്ങൾ പൊതുവെ മാപ്പിള കലാപങ്ങൾ എന്നാണ് അറിയപ്പെടുന്നത്. എന്തുകൊണ്ട്?**

**Hint.**

- ജന്മിമാരിൽനിന്ന് സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്ത പാട്ടക്കുടിയ ന്മാരായിരുന്ന കലാപങ്ങൾ നടത്തിയത്.
- അവരിൽ ഭൂരിഭാഗവും മാപ്പിളമാരായിരുന്നു (മലബാറിലെ മുസ്ലിങ്ങൾ)

***Marks :(2)***

Hide Answer

**Qn No. 7** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

ബ്രിട്ടീഷുകാർ നടപ്പാക്കിയ വിവിധ ഭൂനികുതിനയങ്ങളുടെ സവിശേഷതകളാണ് താഴെ തന്നിരിക്കുന്നത്. അവ ഓരോന്നും ഏത് ഭൂനികുതി വ്യവസ്ഥയുമായി ബന്ധപ്പെട്ടതാണെന്ന് കണ്ടെത്തിയെഴുതുക.

a) കർഷകരിൽ നിന്ന് നേരിട്ട് നികുതി പിരിച്ചിരുന്നു

b) ഗ്രാമത്തെ ഒരു യൂണിറ്റായി കണക്കാക്കി നികുതി പിരിച്ചെടുത്തിരുന്നു.

c) നികുതി പിരിവിനധികാരമുണ്ടായിരുന്ന പ്രദേശത്തെ മുഴുവൻ ഭൂമിയുടെയും ഉടമസ്ഥൻ സെമീന്ദാർ ആയിരുന്നു.

**Hint.**

- a റയട്ട് വാരി വ്യവസ്ഥ
- b മഹൽവാരി വ്യവസ്ഥ
- c ശാശ്വത ഭൂനികുതി വ്യവസ്ഥ

***Marks :(3)***

Hide Answer

**Qn No. 8** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളിൽ മൂർച്ചയേറിയ ആയുധമായിരുന്നു വിദേശ വസ്തുക്കളുടെ ബഹിഷ്കരണവും സ്വദേശി നിർമിത വസ്തുക്കളുടെ ഉപയോഗവും. പ്രസ്താവന സാധൂകരിക്കുക.

**Hint.**

- ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ ബഹിഷ്കരണം
- തദ്ദേശീയ വസ്തുക്കളുടെ ഉപയോഗം
- ഇന്ത്യൻ വ്യവസായങ്ങളുടെ വളർച്ച

***Marks :(2)***

Hide Answer

**Qn No. 9** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**
**ഇന്ത്യൻ ദേശീയപ്രസ്ഥാന ചരിത്രത്തിൽ ലാൽ-പാൽ-ബാൽ എന്നറിയപ്പെടുന്ന നേതാക്കന്മാർ ആരെല്ലാം ?**

**Hint.**

- **ലാലാലജ്ജത് റായ്**
- **വിപിൻ ചന്ദ്രപാൽ**
- **ബാലഗംഗാധര തിലക്**

***Marks :(3)***

Hide Answer

**Qn No. 10** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**
**'സാമ്പത്തിക ചോർച്ച തടയാൻ ദേശീയ നേതാക്കന്മാർ മുന്നോട്ടു വച്ച സ്വദേശിവൽക്കരണം ഇന്ത്യൻ വ്യവസായങ്ങൾക്ക് പുതുജീവൻ നൽകി'. സമർത്ഥിക്കുക.**

**Hint.**

- **നിരവധി തുണിമില്ലുകൾ, സോപ്പ് ഫാക്ടറികൾ, തീപ്പെട്ടിക്കമ്പനികൾ ,ദേശീയ ബാങ്കുകൾ , ഇൻഷൂറൻസ് കമ്പനികൾ തുടങ്ങിയവ ആരംഭിച്ചു**
- **ബംഗാളി കെമിക്കൽ സ്റ്റോർ, മഹാരാഷ്ട്രയിലെ ടാറ്റ ഇരുമ്പുരുക്ക് കമ്പനി, തമിഴ്നാട്ടിലെ സ്വദേശി സ്റ്റീം നാവിഗേഷൻ കമ്പനി എന്നിവയ്ക്ക് തുടക്കമിട്ടു.**
- **ഇന്ത്യയിലേക്കുള്ള ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയിൽ അക്കാലത്ത് വലിയ കുറവുണ്ടായി**

***Marks :(4)***

Hide Answer

**Qn No. 11** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

**1905-ലെ ബംഗാൾ വിഭജനത്തിനെതിരായി നടന്ന പ്രക്ഷോഭത്തിൽ ഇന്ത്യൻ നേതാക്കൾ സ്വീകരിച്ച സമരരീതിയെന്ത്?**

**Hint.**

- **വിദേശവസ്തുക്കളുടെ ബഹിഷ്കരണം**
- **തദ്ദേശീയ വസ്തുക്കളുടെ ഉപയോഗം**

***Marks :(2)***

Hide Answer

**Qn No. 12** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**
**ബ്രിട്ടീഷുകാരുടെ നയങ്ങൾ ഇന്ത്യൻ തുണിവ്യവസായത്തിന്റെ തകർച്ചയ്ക്കു കാരണമായതെങ്ങനെ?**

**Hint.**

- **യന്ത്രനിർമിത ബ്രിട്ടീഷ് തുണിത്തരങ്ങൾ വൻതോതിൽ ഇറക്കുമതി ചെയ്തു**
- **റെയിൽവേ വ്യാപകമായത്**
- **ബ്രിട്ടീഷ് ഗവൺമെന്റ് കയറ്റുമതിക്ക് ചുമത്തിയ ഉയർന്ന നികുതി**
- **ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ചൂഷണവും പീഡനവും**

***Marks :(4)***

Hide Answer

**Qn No. 13** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**
**ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ വിവിധ ഭൂനികുതി നയങ്ങളിലെ സമാനതകൾ എന്തെല്ലാം?**

**Hint.**

- **നികുതി പണമായി നൽകണം**
- **നികുതി വളരെ ഉയർന്നതായിരുന്നു**

***Marks :(2)***

Hide Answer

**Qn No. 14** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

നീലം കർഷകരുടെ കലാപത്തിന്റെയും മാപ്പിളകലാപത്തിന്റെയും പൊതുസ്വഭാവം എന്തായിരുന്നു. അവയുടെ കാരണങ്ങൾ വ്യക്തമാക്കുക.

**Hint.**

- സമാനത – കർഷക കലാപങ്ങൾ (1)
- നീലം കർഷകരുടെ സമരം - ബ്രീട്ടിഷ് ഏജന്റുമാരുടെ ഇടപെടൽ കാരണം നീലത്തിന് കുറഞ്ഞ വില
- കൃത്രിമച്ചായങ്ങളുടെ കണ്ടെത്തൽ നീലം ആവശ്യമില്ലാതാക്കി.
- അവസാനിക്കാത്ത ദുരിതങ്ങളും ചൂഷണവും (2)
- മാപ്പിള കലാപം - ജന്മിമാരുടെയും ബ്രിട്ടീഷുകാരുടെയും ചൂഷണവും അടിച്ചമർത്തലും കുടിയൊഴിപ്പിക്കലും. (2)

***Marks :(5)***

Hide Answer

**Qn No. 15** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

കൃഷിയുടെ വാണിജ്യവൽക്കരണം എന്നാൽ എന്ത് ? ഇന്ത്യൻ കർഷകരെ വാണിജ്യവിളകൾ കൃഷി ചെയ്യാൻ പ്രേരിപ്പിച്ച സാഹചര്യം വിശദമാക്കുക.

**Hint.**

- ഭക്ഷ്യവിളകൾക്കു പകരം വിപണി ലക്ഷ്യമാക്കി വൻതോതിൽ നാണ്യവിളകൾ കൃഷി ചെയ്യുക
- ബ്രിട്ടീഷുകാരുടെ ഉയർന്ന ഭൂനികുതി നിരക്ക്
- നികുതി പണമായി നിശ്ചയിക്കപ്പെട്ട തീയതികളിൽ തന്നെ നൽകണമെന്ന നിബന്ധന
- യൂറോപ്യൻ വിപണി ലക്ഷ്യമാക്കിയുള്ള കാർഷികോൽപ്പാദനം

***Marks :(3)***

Hide Answer

**Qn No. 16** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

"ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ ഭൂനികുതിനയങ്ങൾ ഇന്ത്യയിലെ കാർഷികരംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കി." സമർത്ഥിക്കുക.

**Hint.**

- ഭൂമി കൊള്ളപ്പലിശക്കാർക്ക് പണയപ്പെടുത്തി
- കടവും ഉയർന്ന പലിശയും അടയ്ക്കാൻ കഴിയാതെവന്ന കർഷകരുടെ ഭൂമി കൊള്ളപ്പലിശക്കാർ കൈയ്ക്കലാക്കി
- ഭക്ഷ്യദൗർലഭ്യം - ക്ഷാമം - പട്ടിണി മരണങ്ങൾ
- കർഷകപ്രക്ഷോഭങ്ങൾ
- കടക്കെണിയിലായ കർഷകർ

***Marks :(5)***

Hide Answer

**Qn No. 17** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

താഴെ തന്നിരിക്കുന്നവ കാലഗണനാക്രമത്തിൽ എഴുതുക.

- ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രൂപീകരണം
- ബംഗാൾ വിഭജനം
- കുറിച്യ കലാപം
- ഒന്നാം സ്വാതന്ത്ര്യ സമരം

**Hint.**

- കുറിച്യ കലാപം
- ഒന്നാം സ്വാതന്ത്ര്യ സമരം
- ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രൂപീകരണം

- ബംഗാൾ വിഭജനം

***Marks :(4)***

Hide Answer

**Qn No. 18** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യൻ തുണിവ്യവസായത്തിനുണ്ടായ തകർച്ചയുടെ കാരണങ്ങളും നെയ്ത്തുകാരുടെ ദുരവസ്ഥയും വിശദമാക്കുക.

**Hint.**

- യന്ത്രനിർമിത ബ്രിട്ടീഷ് തുണിത്തരങ്ങളുടെ വൻതോതിലുള്ള ഇറക്കുമതി
- യന്ത്രനിർമിത തുണിത്തരങ്ങളുടെ വിലക്കുറവ്
- റെയിൽവേയുടെ വ്യാപനം
- ഇന്ത്യൻ നെയ്ത്തുകാർക്ക് ഗ്രാമങ്ങളിലെ വിപണി നഷ്ടമായി
- തുണിത്തരങ്ങളുടെ കയറ്റുമതിക്ക് മേൽ ചുമത്തിയ ഉയർന്ന നികുതി
- ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ചൂഷണവും പീഡനവും
- നെയ്ത്തുകാർ തൊഴിൽ ഉപേക്ഷിച്ച് - കാർഷിക മേഖലയിലേക്ക് തിരിഞ്ഞു
- എണ്ണത്തിലെ വർധനവും - ഉൽപ്പാദനമുരടിപ്പും

***Marks :(6)***

Hide Answer

**Qn No. 19** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

ബ്രിട്ടീഷുകാർ ഇന്ത്യയിൽ ആരംഭിച്ച വ്യവസായശാലകളിലെ തൊഴിലാളികളുടെ അവസ്ഥ ശോചനീയമായിരുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയായിരുന്നു?

**Hint.**

- നീണ്ട ജോലി സമയം
- കുറഞ്ഞ കൂലി

- അനാരോഗ്യകരമായ താമസസൗകര്യങ്ങൾ

***Marks :(3)***

Hide Answer

**Qn No. 20** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

ബ്രിട്ടീഷ് ഭരണകാലത്ത് റെയിൽവേയുടെ വ്യാപനം ഇന്ത്യൻ തുണിവ്യവസായത്തിന്റെ തകർച്ചയ്ക്ക് കാരണമായതെങ്ങനെ?

**Hint.**ഇന്ത്യൻ നഗരങ്ങളിലെത്തുന്ന ബ്രിട്ടീഷ് തുണിത്തരങ്ങൾ വിദൂരഗ്രാമങ്ങളിലേക്ക് എത്തിക്കാനും ഗ്രാമങ്ങളിലെ പരുത്തി ശേഖരിച്ച് തുറമുഖങ്ങളിലൂടെ ബ്രിട്ടനിലെത്തിക്കാനും റെയിൽവേയുടെ വ്യാപനം ബ്രിട്ടീഷുകാരെ സഹായിച്ചു, ഇതോടെ ഗ്രാമങ്ങളിലെ വിപണി ഇന്ത്യൻ നെയ്ത്തുകാർക്ക് നഷ്ടമായി.

***Marks :(2)***

Hide Answer

**Qn No. 21** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

കുറിച്യകലാപം നടന്ന വർഷം ഏത്? അതിന്റെ കാരണങ്ങൾ എന്തെല്ലാമായിരുന്നു?

Show Answer

**Qn No. 22** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

എ കോളത്തിലുള്ളവയ്ക്ക് അനുയോജ്യമായവ ബി കോളത്തിൽ ക്രമീകരിക്കുക

**A** **B**

| | |
|---|---|
| വില്യം ലോഗൻ | ഒന്നാം സ്വാതന്ത്ര്യ സമരം |
| രാമൻ നമ്പി | ബംഗാൾ വിഭജനം |
| കഴ്സൺപ്രഭു | മലബാർ മാന്വൽ |
| മംഗൾപാണ്ഡെ | കുറിച്യ കലാപം |

**Hint.**

- വില്യം ലോഗൻ - മലബാർ മാന്വവൽ
- രാമൻ നമ്പി - കുറിച്യർ കലാപം
- കഴ്സൺപ്രഭു - ബംഗാൾ വിഭജനം
- മംഗൾപാണ്ഡെ - ഒന്നാം സ്വാതന്ത്ര്യ സമരം

***Marks :(4)***

Hide Answer

**Qn No. 23** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

ചുവടെ കൊടുത്തിരിക്കുന്ന പട്ടികയിൽ 1857-ലെ ഒന്നാംസ്വാതന്ത്ര്യ സമരത്തിന്റെ പ്രധാന കേന്ദ്രങ്ങൾ നൽകിയിരിക്കുന്നു. ഓരോ പ്രദേശത്തും സമരത്തിന് നേതൃത്വം നൽകിയവരുടെ പേരുകൾ ബ്രാക്കറ്റിൽ നിന്ന് തിരഞ്ഞെടുത്തു പട്ടിക പൂർത്തീകരിക്കുക.

(ബീഗം ഹസ്രത്ത് മഹൽ , മൗലവി അഹമ്മ ദുള്ള, ബഹദൂർഷാ II, നാനാ സാഹിബ്)

ഡൽഹി - ..........a......

ലക്നൗ - .........b......

കാൻപൂർ - ............c....

ഫൈസാബാദ് - .............d......

**Hint.**

- a ബഹദൂർഷാ II
- b ബീഗം ഹസ്രത്ത് മഹൽ
- c നാനാ സാഹിബ്
- d മൗലവി അഹമ്മദുള്ള

***Marks :(4)***

Hide Answer

**Qn No. 24** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**
**1857-ലെ ഒന്നാംസ്വാതന്ത്ര്യസമരം ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിലും നയത്തിലും ഉണ്ടാക്കിയ മാറ്റങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക**

**Hint.**
- ഇന്ത്യയുടെ ഭരണം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയിൽനിന്ന് ബ്രിട്ടീഷ് പാർലമെന്റ് ഏറ്റെടുത്തു
- ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്പത്തിക ചൂഷണം തീവ്രമായി.

***Marks :(2)***

Hide Answer

**Qn No. 25** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**
**1857-ലെ ഒന്നാംസ്വാതന്ത്ര്യ സമരത്തിൽ കർഷകർ, രാജാക്കൻമാർ, കരകൗശല തൊഴിലാളികൾ,ശിപായിമാർ എന്നീ വിഭാഗത്തിൽ പെട്ടവർ പങ്കെടുക്കാനുണ്ടായ കാരണങ്ങൾ വിശദീകരിക്കുക.**

**Hint.**
- ***കർഷകർ***-- ഉയർന്ന ഭുനികുതി,കൊള്ളപലിശക്കാരുടെ ചൂഷണം, കൃഷിയിടം നഷ്ടമായി
- *ശിപായി*-- തുഛമായ ശമ്പളം,ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ അവഹേളനം,
- പശുവിന്റെയും പന്നിയുടെയും കൊഴുപ്പു പുരട്ടിയ തിരകൾ
- *കരകൗശലത്തൊഴിലാളികൾ*--വിദേശവസ്തുക്കളുടെഇറക്കുമതി,
- കരകൗശലക്കാർ തൊഴിൽരഹിതരായി,
- പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച
- *രാജാക്കന്മാർ* -- സൈനികസഹായ വ്യവസ്ഥ, ദത്തവകാശ നിരോധനനിയമം, എന്നിവയിലൂടെ

നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷുകാർ പിടിച്ചെടുത്തു.

***Marks :(6)***

Hide Answer

**Qn No. 26** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**
**ചോർച്ചാസിദ്ധാന്തം അനുസരിച്ച് ഇന്ത്യയുടെ സമ്പത്ത് ബ്രിട്ടനിലേക്ക് ചോർന്നതെങ്ങനെ?**

**Hint.**
- ഇന്ത്യയിൽനിന്നുള്ള അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി
- ഇന്ത്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ശമ്പളവും പെൻഷനും
- ഇന്ത്യയിൽ ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുകവഴി അവർക്ക് ലഭിച്ച ലാഭം
- ഇന്ത്യയിൽനിന്നും പിരിച്ചെടുക്കുന്ന നികുതി.

***Marks :(4)***

Hide Answer

**Qn No. 27** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**
**ചോർച്ചാസിദ്ധാന്തം അവതരിപ്പിച്ച ആദ്യകാല കോൺഗ്രസ്സ് നേതാവാര്? ഈ ആശയം പ്രതിപാദിക്കുന്ന അദ്ദേഹത്തിന്റെ പുസ്തകമേത്?**

**Hint.**
- ദാദാഭായ് നവ്റോജി
- പോവർട്ടി ആന്റ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ

***Marks :(2)***

Hide Answer

**Qn No. 28** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**
ബോംബെ തുണിമിൽ തൊഴിലാളികളുടെ പ്രക്ഷോഭത്തിന്റെയും കൽക്കട്ടയിലെ ചണമിൽ തൊഴി ലാളി സമരങ്ങളുടെയും പൊതുവായ കാരണങ്ങൾ ഏവ?

**Hint.**
- നീണ്ട ജോലി സമയം
- കുറഞ്ഞ കൂലി
- അനാരോഗ്യകരമായ താമസസൗകര്യം

***Marks :(3)***

Hide Answer

**Qn No. 29** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**
പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കി?

**Hint.**
- നഗരങ്ങൾ ജനവാസരഹിതമായി
- വിവിധ പരമ്പരാഗത വ്യവസായങ്ങളിലേർപ്പെട്ടവർ കൃഷിപ്പണിയിലേക്ക് തിരിഞ്ഞു
- കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരുടെ എണ്ണത്തിൽ വർധനവുണ്ടായി
- കൃഷിഭൂമി ചെറുതുണ്ടുകളായി.
- ഉൽപ്പാദന മുരടിപ്പ്

***Marks :(4)***

Hide Answer

**Qn No. 30** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**
ബ്രിട്ടീഷ് ഭരണം ഇന്ത്യയിലെ പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയ്ക്ക് ഇടയാക്കിയതിന്റെ കാരണങ്ങൾ ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക.

| പരമ്പരാഗത വ്യവസായങ്ങൾ | തകർച്ചയുടെ കാരണം |
|---|---|
| മൺപാത്രനിർമാണം | അലുമിനിയം പാത്രങ്ങളുടെ ഇറക്കുമതി |
| തുകൽപ്പണി | a |
| മരപ്പണി | b |

**Hint.**

- a അസംസ്കൃതവസ്തുവായ തുകലിന്റെ യൂറോപ്പിലേക്കുള്ള കയറ്റുമതി
- b ലോഹനിർമിത യന്ത്രങ്ങളുടെ ഉപയോഗം

***Marks :(2)***

Hide Answer

**Qn No. 31** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**
സന്താൾ ഗോത്രവിഭാഗം ബ്രിടീഷുകാർക്കെതിരെ കലാപം നയിക്കാൻ ഇടയാക്കിയ സാഹചര്യം എന്തായിരുന്നു ?

**Hint.**

- ബ്രിട്ടീഷുകാർ നടപ്പാക്കിയ വനനിയമങ്ങൾ ഗോത്രജനതയുടെ ജീവിതം ദുരിതപൂർണമാക്കി.
- ബ്രിട്ടീഷുകാരുടെ വനവിഭവ ചൂഷണം.
- ഗോത്രജനത ശേഖരിച്ചിരുന്ന വിഭവങ്ങൾക്കുമേൽ ചുമത്തിയ വൻ നികുതി

***Marks :(3)***

Hide Answer

**Qn No. 32** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

പട്ടിക പൂർത്തിയാക്കുക.

| ഭൂനികുതി വ്യവസ്ഥ | നടപ്പിലാക്കിയപ്രധാന പ്രദേശങ്ങൾ |
|---|---|
| a | ബംഗാൾ, ബീഹാർ, ഒറിസ |
| റയട്ട് വാരിവ്യവസ്ഥ | b |
| c | വടക്ക്പടിഞ്ഞാറൻ ഇന്ത്യ |

**Hint.**

- a ശാശ്വത ഭൂനികുതിവ്യവസ്ഥ
- b ദക്ഷിണേന്ത്യൻ പ്രദേശങ്ങൾ
- c മഹൽവാരി വ്യവസ്ഥ

***Marks :(3)***

Hide Answer

**Qn No. 33** ***Chapter Name:ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും***

**Qn.**

തന്നിരിക്കുന്ന പട്ടിക ഉചിതമായി പൂർത്തിയാക്കുക

| നികുതിവ്യവസ്ഥ | ഭൂമിയുടെ ഉടമ |
|---|---|
| ശാശ്വതഭൂനികുതിവ്യവസ്ഥ | സെമീന്ദാർ |
| റയറ്റുവാരി വ്യവസ്ഥ | a |
| മഹൽവാരി വ്യവസ്ഥ | b |

**Hint.**

- a കർഷകർ
- b ഗ്രാമത്തലവൻ

***Marks :(2)***

Hide Answer

PRINT

Qn No. 1 ***Chapter Name:സംസ്കാരവും ദേശീയതയും***

**Qn.**

**ഗാന്ധിജിയുടെ നേതൃത്വത്തിൽ രൂപം കൊടുത്ത ദേശീയ പതാകയിൽ ഉപയോഗിച്ചിരുന്ന ചിഹ്നം ഏത്? ഇത് എന്തിന്റെ പ്രതീകമായിരുന്നു?**

**Hint.**

- **ചർക്ക – ഇന്ത്യൻ ജനതയുടെ സ്വാശ്രയത്വത്തിന്റെയും വിദേശാധിപത്യത്തിനെതിരായ പ്രതിഷേധത്തിന്റെയും പ്രതീകം**

***Marks :(2)***

Hide Answer

**Qn No. 2** ***Chapter Name:സംസ്കാരവും ദേശീയതയും***

**Qn.**

**സ്വദേശി സമരകാലത്ത് ആദ്യമായി രൂപം നൽകിയ ത്രിവർണ പതാകയിൽ ഉപയോഗിച്ചിരുന്ന ചിഹ്നങ്ങൾ എട്ട് താമരകളും ഒരു അർധ ചന്ദ്രനുമായിരുന്നു. ഇവ എന്തിന്റെ പ്രതീകമായിരുന്നു.**

**Hint.**

- **എട്ട് താമരകൾ - ബ്രിട്ടീഷ് ഇന്ത്യയിലെ എട്ട് പ്രവിശ്യകളെ പ്രതിനിധീകരിക്കുന്നു**
- **അർധ ചന്ദ്രൻ - ഹിന്ദു - മുസ്ലീം ഐക്യത്തിന്റെ പ്രതീകം**

***Marks :(2)***

Hide Answer

**Qn No. 3** ***Chapter Name:സംസ്കാരവും ദേശീയതയും***

**Qn.**

**എ കോളത്തിലുള്ളവയ്ക്ക് അനുയോജ്യമായി ബി കോളം ക്രമീകരിക്കുക**

| എ | ബി |
|---|---|
| ജി. ജി. അഗാർക്കർ | വിശ്വഭാരതി സർവകലാശാല |

| | |
|---|---|
| ഡി. കെ. കാർവെ | ജാമിഅ മില്ലിയ ഇസ്ലാമിയ |
| രവീന്ദ്രനാഥ ടാഗോർ | ഡക്കാൻ എഡ്യൂക്കേഷൻ സൊസൈറ്റി |
| ഡോ. സാക്കീർ ഹുസൈൻ | വനിതാ സർവകലാശാല |

**Hint.**

- ജി. ജി. അഗാർക്കർ - ഡക്കാൻ എഡ്യൂക്കേഷൻ സൊസൈറ്റി
- ഡി. കെ. കാർവെ - വനിതാ സർവകലാശാല
- രവീന്ദ്രനാഥ ടാഗോർ - വിശ്വഭാരതി സർവകലാശാല
- ഡോ. സാക്കീർ ഹുസൈൻ - ജാമിഅ മില്ലിയ ഇസ്ലാമിയ

***Marks :(4)***

Hide Answer

**Qn No. 4** ***Chapter Name:സംസ്കാരവും ദേശീയതയും***

**Qn.**

ബ്രാക്കറ്റിൽനിന്ന് ഉചിതമായവ തെരഞ്ഞെടുത്ത് പൂരിപ്പിക്കുക.

(ദാദാഭായ് നവ്റോജി, അബനീന്ദ്രനാഥ ടാഗോർ, ആനിബസന്റ്,
വില്യം ജോൺസ്, മഹാദേവ ഗോവിന്ദ റാനഡെ)

i ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്ട്സ്

a. ......................................................................

ii ഡക്കാൻ എജ്യൂക്കേഷൻ സൊസൈറ്റി

b. ......................................................................

iii വോയ്സ് ഓഫ് ഇന്ത്യ

c. ......................................................................

**Hint.**

- a അബനീന്ദ്രനാഥ ടാഗോർ
- b മഹാദേവ ഗോവിന്ദ റാനഡെ
- c ദാദാ ഭായ് നവ്റോജി

***Marks :(5)***

Hide Answer

**Qn No. 5** ***Chapter Name:സംസ്കാരവും ദേശീയതയും***

**Qn.**
ലിട്ടൺ പ്രഭു നടപ്പാക്കിയ പ്രാദേശിക ഭാഷാപത്ര നിയമത്തിന്റെ (Vernacular Press Act) ലക്ഷ്യം എന്തായിരുന്നു?.

**Hint.**
പ്രാദേശിക ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾക്ക് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.

***Marks :(1)***

Hide Answer

**Qn No. 6** ***Chapter Name:സംസ്കാരവും ദേശീയതയും***

**Qn.**
പത്തൊൻപതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് ഇടയാക്കിയ ഘടകങ്ങൾ ഏതെല്ലാം?

**Hint.**
- ഇന്ത്യൻ ജനങ്ങളിൽ വളർന്നുവന്ന സ്വതന്ത്രചിന്ത
- ആധുനികവൽക്കരണത്തോടുള്ള താൽപര്യം
- യുക്തിചിന്ത

***Marks :(3)***


Hide Answer

**Qn No. 7** ***Chapter Name:സംസ്കാരവും ദേശീയതയും***

**Qn.**

ഉചിതമായി പൂർത്തിയാക്കുക.

•




**Hint.**

- തുല്യനീതി
- ശാസ്ത്രബോധം
- സോഷ്യലിസം
- പൗരാവകാശങ്ങൾ

*Marks :(4)*

Hide Answer

**Qn No. 8** *Chapter Name:സംസ്കാരവും ദേശീയതയും*

**Qn.**
വിശ്വഭാരതി സർവ്വകലാശാല സ്ഥാപിച്ചതിന്റെ ലക്ഷ്യങ്ങൾ എഴുതുക.

**Hint.**

- പാശ്ചാത്യവും പൗരസ്ത്യവുമായ സംസ്കാരങ്ങൾ യോജിപ്പിച്ചുകൊണ്ടുള്ള വിദ്യാഭ്യാസരീതി
- അന്തർദേശീയ സാഹോദര്യം

***Marks :(2)***

Hide Answer

**Qn No. 9** ***Chapter Name:സംസ്കാരവും ദേശീയതയും***

**Qn.**

**എ കോളത്തിലുള്ളവയ്ക്ക് അനുയോജ്യമായി ബി , സി കോളങ്ങൾ ക്രമീകരിക്കുക (4)**

| എ | ബി |
|---|---|
| ഗീതാഞ്ജലി | വള്ളത്തോൾ നാരായണ മേനോൻ |
| നിബന്ധമാല | വിഷ്ണുകൃഷ്ണ ചിപ്ളുങ്കർ |
| പാഞ്ചാലിശപഥം | സുബ്രഹ്മണ്യ ഭാരതി |
| എന്റെ ഗുരുനാഥൻ | രവീന്ദ്രനാഥ ടാഗോർ |

**Hint.**

- ഗീതാഞ്ജലി - രവീന്ദ്രനാഥ ടാഗോർ
- നിബന്ധമാല - വിഷ്ണുകൃഷ്ണ ചിപ്ളുങ്കർ
- പാഞ്ചാലിശപഥം - സുബ്രഹ്മണ്യ ഭാരതി
- എന്റെ ഗുരുനാഥൻ - വള്ളത്തോൾ നാരായണ മേനോൻ

***Marks :(4)***

Hide Answer

**Qn No. 10** ***Chapter Name:സംസ്കാരവും ദേശീയതയും***

**Qn.**

ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റം ഉണ്ടാക്കുകയെന്ന ഉദ്ദേശ്യത്തോടെ പത്തൊമ്പതാം നൂറ്റാണ്ടിൽ സാമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ടു വെച്ച ആവശ്യങ്ങളിൽ ഒന്നാണ് ജാതി വ്യവസ്ഥ നിർമാർജ്ജനം ചെയ്യുകയെന്നത് . മറ്റേതെങ്കിലും രണ്ട് ആവശ്യങ്ങൾ എഴുതുക.

**Hint.**

- വിധവാ പുനർവിവാഹം നടപ്പിലാക്കുക

- സ്ത്രീവിവേചനം അവസാനിപ്പിക്കുക
- പുരോഹിത മേധാവിത്വം അവസാനിപ്പിക്കുക
- എല്ലാവർക്കും വിദ്യാഭ്യാസം നൽകുക

*Marks :(2)*

Hide Answer

**Qn No. 11** *Chapter Name:സംസ്കാരവും ദേശീയതയും*

**Qn.**
ഇന്ത്യയിലെ സാമൂഹിക പരിഷ്കരണരംഗത്ത് രാജാറാം മോഹൻ റായ് വഹിച്ച പങ്ക് വ്യക്തമാക്കുക.

**Hint.**
- ഇന്ത്യൻ സമൂഹത്തിന്റെ ആധുനികവൽക്കരണത്തിനായി പ്രവർത്തിച്ചു.
- ജാതിവ്യവസ്ഥയെയും സതി എന്ന ദുരാചാരത്തെയും ശക്തമായി എതിർത്തു
- ബ്രഹ്മസമാജം സ്ഥാപിച്ചു.
- ഒരൊറ്റ ഇന്ത്യൻ സമൂഹം എന്ന ആശയം പ്രചരിപ്പിച്ചു
- രാഷ്ട്രത്തിന്റെ ഐക്യം സാമൂഹികപരിഷ്കരണത്തിന്റെ ലക്ഷ്യമാക്കി.
- സ്ത്രീകളുടെ പദവി ഉയർത്തുന്നതിനായി പ്രവർത്തിച്ചു

*Marks :(4)*

Hide Answer

**Qn No. 12** *Chapter Name:സംസ്കാരവും ദേശീയതയും*

**Qn.**
ദേശീയ സമരകാലത്തെ പത്രങ്ങൾ പ്രവർത്തിച്ചിരുന്നത് ഏതെല്ലാം ലക്ഷ്യങ്ങളോടെയാണ്?

**Hint.**
- ഇന്ത്യയിലെ ജനങ്ങൾ നേരിട്ടിരുന്ന വിവിധതരം പ്രശ്നങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക
- ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ എല്ലാവരെയും പങ്കാളികളാക്കുക

- ഇന്ത്യയുടെ ഏതു ഭാഗത്തും ഏതൊരാളിനേയും ബാധിക്കുന്ന പ്രശ്നങ്ങൾ ഇന്ത്യക്കാരുടെ പ്രശ്നമായി കണക്കാക്കുക.

*Marks :(3)*

Hide Answer

**Qn No. 13** ***Chapter Name:സംസ്കാരവും ദേശീയതയും***

**Qn.**
**രാജാറാം മോഹൻ റായ് തന്റെ പത്രങ്ങളിൽ ഏതെല്ലാം ആശയങ്ങൾക്കാണ് ഊന്നൽ നൽകിയത്?**

**Hint.**

- ദേശീയത
- ജനാധിപത്യം
- സാമൂഹിക പരിഷ്കരണം

*Marks :(3)*

Hide Answer

PRINT

Qn No. 1 **Chapter Name:സമരവും സ്വാതന്ത്ര്യവും**

**Qn.**

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ബ്രിട്ടനിൽ അധികാരത്തിലിരുന്ന രാഷ്ട്രീയ പാർട്ടി ഏത്?

**Hint.**

- ലേബർ പാർട്ടി

***Marks :(1)***

Hide Answer

**Qn No. 2** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

മൗണ്ട് ബാറ്റൺ പദ്ധതിയുടെ നിർദ്ദേശങ്ങൾ എന്തെല്ലാം?

**Hint.**

- മുസ്ലീം ഭൂരിപക്ഷപ്രദേശങ്ങളിൽ അവർ ആഗ്രഹിക്കുന്നുവെങ്കിൽ പ്രത്യേക രാജ്യം
- പഞ്ചാബ് , ബംഗാൾ എന്നിവയുടെ വിഭജനം
- വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനം പാകിസ്ഥാനിൽ ചേർക്കണോ വേണ്ടയോ എന്ന് ഹിതപരിശോധന (1x3)

***Marks :(3)***

Hide Answer

**Qn No. 3** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

ചുവടെ തന്നിട്ടുള്ളവയെ കാലഗണനാക്രമത്തിലെഴുതുക

- ക്വിറ്റ് ഇന്ത്യാ സമരം
- കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ രൂപീകരണം

- ഖേഡയിലെ കർഷക സമരം
- ലാഹോർ കോൺഗ്രസ് സമ്മേളനം

**Hint.**

- ഖേഡയിലെ കർഷക സമരം
- ലാഹോർ കോൺഗ്രസ് സമ്മേളനം
- സോഷ്യലിസ്റ്റ് പാർട്ടിയുടെ രൂപീകരണം
- ക്വിറ്റ് ഇന്ത്യ സമരം

***Marks :(4)***

Hide Answer

**Qn No. 4** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

ബോംബെ സമ്മേളനത്തിൽ അഖിലേന്ത്യ കിസാൻ സമിതി രൂപം നൽകിയ കിസാൻ മാനിഫെസ്റ്റോയിൽ ഉൾപ്പെടുത്തിയിരുന്ന കർഷകരുടെ ആവശ്യങ്ങൾ ഏവ?

**Hint.**

- ഭൂനികുതിയും പാട്ടവും 50 ശതമാനം കുറയ്ക്കുക
- കടങ്ങൾ മരവിപ്പിക്കുക
- ഫ്യൂഡൽ നികുതികൾ റദ്ദാക്കുക
- കർഷക തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുക
- കർഷക യൂണിയനുകളെ അംഗീകരിക്കുക

***Marks :(4)***

Hide Answer

**Qn No. 5** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

ചുവടെ നൽകിയിരിക്കുന്നതിൽ കൂട്ടത്തിൽപ്പെടാത്തത് ഏത്?

(തേഭാഗസമരം, തെലങ്കാനസമരം, ക്വിറ്റ് ഇന്ത്യാസമരം, നാവിക കലാപം)

**Hint.**

- ക്വിറ്റ് ഇന്ത്യാ സമരം

***Marks :(1)***

Hide Answer

**Qn No. 6** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**
നിസ്സഹരണ സമരം നിർത്തിവെയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം ഏത് ? വിശദമാക്കുക.

**Hint.**

- ചൗരി ചൗര സംഭവം
- 1922ഫെബ്രുവരി 5-ന് ഉത്തർപ്രദേശിലെ ചൗരിചൗരാ എന്ന ഗ്രാമത്തിൽവെച്ച് നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന ഒരു ജാഥയിൽ പങ്കെടുത്ത ആളുകൾക്കെതിരെ പൊലീസ് വെടിവെക്കുകയും തുടർന്ന് ജനക്കൂട്ടം പേലീസ് സ്റ്റേഷൻ ആക്രമിച്ച് തീയിടുകയും ചെയ്ത സംഭവമാണ് ചൗരി ചൗരാ സംഭവം എന്ന പേരിൽ അറിയപ്പെടുന്നത്. ഈ സംഭവത്തിൽ മൂന്ന് സിവിലിയന്മാരും 22 പോലീസുകാരും കൊല്ലപ്പെട്ടു.

***Marks :(3)***

Hide Answer

**Qn No. 7** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**
1929-ലെ ലാഹോർ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചതാരാണ് ?

**Hint.**

- ജവഹർലാൽ നെഹ്റു

***Marks :(1)***

Hide Answer

**Qn No. 8** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

**1920-ൽ അഖിലേന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ് (AITUC) രൂപീകരിക്കാൻ നേതൃത്വം നൽകിയവർ ആരെല്ലാം?**

**Hint.**

- **എൻ. എം. ജോഷി**
- **ലാലാ ലജ്പത് റായ്**

***Marks :(2)***

Hide Answer

**Qn No. 9** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

**ഫോർവേർഡ് ബ്ലോക്ക് എന്ന രാഷ്ട്രീയ പാർട്ടിയുടെ സ്ഥാപകൻ ആര്?**

**Hint.**

- **സുഭാഷ് ചന്ദ്രബോസ്**

***Marks :(1)***

Hide Answer

**Qn No. 10** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

**നിയമലംഘന സമരത്തിന്റെ ഭാഗമായി ഗുജറാത്തിലെ ധരാസന ഉപ്പു നിർമാണശാലയിലേക്ക് പുറപ്പെട്ട സത്യാഗ്രഹികളെ നയിച്ചതാര്?**

**Hint.**

- സരോജിനി നായിഡു

***Marks :(1)***

Hide Answer

**Qn No. 11** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

ഇന്ത്യൻ നാഷണൽ ആർമിയുടെ വനിതാ വിഭാഗമായിരുന്ന ഝാൻസി റാണി റജിമെന്റിന്റെ ചുമതല വഹിച്ച മലയാളി ആര്?

**Hint.**

- ക്യാപ്റ്റൻ ലക്ഷ്മി

***Marks :(1)***

Hide Answer

**Qn No. 12** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ സുഭാഷ് ചന്ദ്രബോസിന്റെ പങ്ക് വിവരിക്കുക. (5)

**Hint.**

- ഫോർവേഡ് ബ്ലോക്ക് എന്ന രാഷ്ട്രീയ പാർട്ടി രൂപീകരിച്ചു
- ഐ. എൻ. എ യുടെ നേതൃത്വം ഏറ്റെടുത്തു
- ഇന്ത്യയ്ക്കായി സിംഗപ്പൂരിൽവെച്ച് തൽകാലിക ഗവർണമെന്റ് രൂപീകരിച്ചു
- ഇന്ത്യയുടെ വടക്കുകിഴക്കൻ പ്രദേശംവരെ ബ്രിട്ടീഷ് കാർക്ക് എതിരെ മുന്നേറി.
- ഇംഫാലിൽ ദേശീയ പതാക ഉയർത്തി.
- ഝാൻസി റാണി റജിമെന്റ് രൂപീകരിച്ചു. (1 x 5 = 5)

***Marks :(5)***

Hide Answer

**Qn No. 13** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

എ കോളത്തിന് അനുയോജ്യമായവ ബി കോളത്തിൽ ക്രമീകരിക്കുക.

| എ | ബി |
|---|---|
| ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ | ജയപ്രകാശ് നാരായൺ |
| സ്വരാജ് പാർട്ടി | സുഭാഷ് ചന്ദ്രബോസ് |
| കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി | സി. ആർ. ദാസ് |
| ഫോർവേഡ് ബ്ലോക്ക് | ഭഗത് സിങ് |

**Hint.**

| എ | ബി |
|---|---|
| ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ | ഭഗത് സിങ് |
| സ്വരാജ് പാർട്ടി | സി. ആർ. ദാസ് |
| കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി | ജയപ്രകാശ് നാരായൺ |
| ഫോർവേഡ് ബ്ലോക്ക് | സുഭാഷ് ചന്ദ്രബോസ് |

***Marks :(4)***

Hide Answer

**Qn No. 14** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

പട്ടിക പൂർത്തിയാക്കുക.

| എ | ബി |
|---|---|
| അഭിനവ് ഭാരത് സൊസൈറ്റി | (a) |
| (b) | ലാലാ ഹർദയാൽ |
| ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി | (c) |

(d) പുലിൻ ബിഹാരി ദാസ്

**Hint.**

- a. വി. ഡി. സവർക്കർ
- b. ഗദ്ദർ പാർട്ടി
- c. സൂര്യസെൻ
- d. അനുശിലൻ സമിതി (1x4)

*Marks :(4)*

Hide Answer

**Qn No. 15** *Chapter Name:സമരവും സ്വാതന്ത്ര്യവും*

**Qn.**

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ അവസാനത്തെ ബഹുജന സമരം ഏത്?

**Hint.**

- ക്വിറ്റ് ഇന്ത്യാ സമരം

*Marks :(1)*

Hide Answer

**Qn No. 16** *Chapter Name:സമരവും സ്വാതന്ത്ര്യവും*

**Qn.**

ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എഴുതുക.

**Hint.**

- നാട്ടുരാജാക്കന്മാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം.
- കർഷകർ ഭൂനികുതി കൊടുക്കാൻ കൂട്ടാക്കരുത്.
- സർക്കാർ ജീവനക്കാർ ദേശീയപ്രസ്ഥാനത്തോടുള്ള കൂറ് പരസ്യമാക്കണം.

- പട്ടാളക്കാർ സ്ഥാനങ്ങൾ വെടിയാതെ സ്വന്തം ആൾക്കാർക്ക് നേരെ വെടി വയ്ക്കാൻ വിസ്സമ്മതിക്കണം
- സ്വാതന്ത്ര്യപ്രാപ്തിവരെ പിടിച്ചുനിൽക്കാൻ കഴിയുമെങ്കിൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കണം.

  (ഏതെങ്കിലും 4 എണ്ണം )

***Marks :(4)***

Hide Answer

**Qn No. 17** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**
ക്വിറ്റ് ഇന്ത്യ സമരം പ്രഖ്യാപിക്കാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുക.

**Hint.**
- ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൺ കാണിച്ച വൈമനസ്യം.
- വിലക്കയറ്റവും ക്ഷാമവും സൃഷ്ടിച്ച അതൃപ്തി.
- രണ്ടാംലോക യുദ്ധത്തിൽ ബ്രിട്ടൺ പരാജയപ്പെടുമെന്ന തോന്നൽ.

***Marks :(3)***

Hide Answer

**Qn No. 18** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**
"ഏഴു ലക്ഷം ഗ്രാമങ്ങളിലെ പത്ത് വീതം പേർ ഉപ്പു കുറുക്കാൻ തുടങ്ങുകയാണെങ്കിൽ ഈ സർക്കാരിന് എന്തു ചെയ്യാൻ കഴിയും"

ഈ പ്രസ്താവന ആരുടേതാണ്? ഏത് സാഹചര്യത്തിലാണ് ഈ പ്രസ്താവന നടത്തിയത്

**Hint.**
- ഗാന്ധിജി
- ഉപ്പുസത്യഗ്രഹം / നിയമലംഘന സമരം

***Marks :(2)***

Hide Answer

**Qn No. 19** *Chapter Name:സമരവും സ്വാതന്ത്ര്യവും*

**Qn.**

ഉപ്പുനിയമം ലംഘിക്കുന്നതിലൂടെ സിവിൽ നിയമലംഘനം നടത്താനുള്ള ഗാന്ധിജിയുടെ ആഹ്വാനം ഇന്ത്യൻ ജനത ഏറ്റെടുത്തു. അനുയോജ്യമായ ഉദാഹരണങ്ങൾ നൽകി പ്രസ്താവന സമർഥിക്കുക.

**Hint.**

- കേരളത്തിലെ പയ്യന്നൂർ, തമിഴ്നാട്ടിലെ വേദാരണ്യം, മഹാരാഷ്ട്രയിലെ ബോംബെ, ബംഗാളിലെ നവഖാലി, വടക്കുപടിഞ്ഞാറൻ അതിർത്തി പ്രദേശങ്ങൾ എന്നിവ നിയമലംഘന സമരകേന്ദ്രങ്ങളായി.
- സമരവോളന്റിയർമാർ ഉപ്പുണ്ടാക്കി ജനങ്ങൾക്ക് വിതരണം ചെയ്തു.
- ദേശീയ പതാക ഉയർത്തി ബ്രിട്ടീഷ് വിരുദ്ധ മുദ്രാവാക്യം മുഴക്കി.

*Marks :(3)*

Hide Answer

**Qn No. 20** *Chapter Name:സമരവും സ്വാതന്ത്ര്യവും*

**Qn.**

ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിൽ ഉപ്പുസത്യഗ്രഹത്തിന്റെ പ്രാധാന്യം വിവരിക്കുക.

**Hint.**

- സിവിൽ നിയമലംഘന സമരം - ബ്രിട്ടീഷുകാരുടെ ജനവിരുദ്ധമായ സിവിൽ നിയമങ്ങളെ ലംഘിക്കുക.
- ഉപ്പിനെ സമരായുധമായി ഗാന്ധിജി തിരഞ്ഞെടുത്തതിനുള്ള പ്രാധാന്യം എഴുതുന്നതിന്
- ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉപ്പ് കുറുക്കി നിയമലംഘനത്തിൽ ജനങ്ങൾ പങ്കാളികളായി എന്നത് വിശദീകരിക്കുനന്നതിന്
- ഉപ്പിനെ സമരായുധമാക്കി സ്വീകരിച്ചതിലൂടെ ഗാന്ധിജി സ്വാതന്ത്ര്യ സമരത്തെ ശക്തിപ്പെടുത്തി

*Marks :(5)*

Hide Answer

**Qn No. 21** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

സിവിൽ നിയമലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ട് വെച്ച ഏതെങ്കിലും നാല് ആവശ്യങ്ങൾ എഴുതുക.

**Hint.**

- ഉപ്പുനികുതി എടുത്തുകളയുക
- കൃഷിക്കാർക്ക് 50% നികുതിയിളവ് നൽകുക.
- വിദേശവസ്തുക്കളുടെ ഇറക്കുമതിക്ക് ചുമത്തുന്ന നികുതി വർധിപ്പിക്കുക.
- രാഷ്ട്രീയ തടവുകാരെ വിട്ടയയ്ക്കുക.സൈനികച്ചെലവും, ഉദ്യോഗസ്ഥരുടെ ഉയർന്ന ശമ്പളവും വെട്ടിക്കുറയ്ക്കുക.
- ഇന്ത്യക്കാരെ നിരീക്ഷിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള രഹസ്യാമ്പേഷണ വിഭാഗത്തെ പിരിച്ചു വിടുക.
- തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക.
- സമ്പൂർണ മദ്യനിരോധനം നടപ്പാക്കുക.

(ഏതെങ്കിലും 4 എണ്ണം

***Marks :(4)***

Hide Answer

**Qn No. 22** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

സിവിൽ നിയമലംഘന സമരത്തിന് ഗാന്ധിജി തുടക്കം കുറിച്ച സത്യഗ്രഹം ഏതായിരുന്നു ?

**Hint.**

ഉപ്പുസത്യഗ്രഹം

***Marks :(1)***

Hide Answer

**Qn No. 23** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

**'ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ വഴിത്തിരിവായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനം'. വ്യക്തമാക്കുക.**

Show Answer

**Qn No. 24** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

**ഖിലാഫത്ത് പ്രസ്ഥാനത്തെ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തോട് ചേർത്തുനിർത്തിയത് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ എങ്ങനെ സഹായിച്ചു?**

**Hint.**

- **മുസ്ലീം ജനതയുടെ സജീവപങ്കാളിത്തം ഉറപ്പിച്ചു.**
- **ബ്രിട്ടീഷ് വിരുദ്ധവികാരം ഇന്ത്യയിൽ വ്യാപിച്ചു.**

**ഹിന്ദു മുസ്ലീം ഐക്യം വളർന്നുവന്നു. ( 3x1)**

***Marks :(3)***

Hide Answer

**Qn No. 25** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

**പൗരാവകാശ ധ്വംസനത്തിനെതിരെ നടന്ന പ്രതിഷേധമാണ് ജാലിയൻ വാലാബാഗ് കൂട്ടക്കൊല യിൽ കലാശിച്ചത്. പ്രസ്താവന സാധൂകരിക്കുക.**

**Hint.**

- റൗലറ്റ് നിയമം - ആരേയും വിചാരണകൂടാതെ തടങ്കലിൽ വെയ്ക്കാം - 1919-ൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കി.
- പ്രതിഷേധങ്ങൾ - സത്യഗ്രഹം ആരംഭിക്കാനുള്ള ഗാന്ധിജിയുടെ ആഹ്വാനം.
- ജാലിയൻ വാലാബാഗ് കൂട്ടക്കൊല

***Marks :(3)***

Hide Answer

**Qn No. 26** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ ഏവ?

**Hint.**

- ഗാന്ധിജിയുടെ സമരരീതിയും ആശയങ്ങളും പരിചയപ്പെടാൻ സാധാരണക്കാർക്ക് കഴിഞ്ഞു
- ദേശീയപ്രസ്ഥാനത്തിലേക്ക് സാധാരണക്കാർ എത്തി.
- ഗ്രാമപ്രദേശത്തേക്ക് ദേശീയപ്രസ്ഥാനം വ്യാപിച്ചു.
- ഗാന്ധിജി എല്ലാ വിഭാഗം ജനങ്ങളുടെയും നേതാവായി.

***Marks :(3)***

Hide Answer

**Qn No. 27** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

നിസ്സഹരണ സമരത്തിന്റെ ഏതെങ്കിലും നാല് സവിശേഷതകൾ എഴുതുക.

**Hint.**

- വിദേശ വസ്തുക്കളുടെ ബഹിഷ്കരണം
- വക്കീലന്മാർ കോടതികൾ ബഹിഷ്കരിക്കുക
- ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക
- നികുതി നൽകാതിരിക്കുക

- തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക
- ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരിച്ചു നൽകുക

***Marks :(4)***

Hide Answer

**Qn No. 28** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

ചർക്കയിൽ നൂൽനൂറ്റ് ഖാദിവസ്ത്രങ്ങൾ നെയ്തത് നിസ്സഹരണ സമരത്തിന്റെ ഒരു മാർഗമായിരുന്നു. സമർത്ഥിക്കുക

**Hint.**

നിസ്സഹരണ സമരം - നിർമാണ പ്രവർത്തനം

തദ്ദേശീയമായ ഉൽപന്ന നിർമാണം

***Marks :(2)***

Hide Answer

**Qn No. 29** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

ഇന്ത്യയിൽ പൊതുപ്രവർത്തനം ആരംഭിച്ച ഗാന്ധിജിക്ക് വളരെ വേഗത്തിൽ ഇന്ത്യൻ ജനതയുടെ വിശ്വാസം നേടാൻ കഴിഞ്ഞതെങ്ങനെ ?

Show Answer

**Qn No. 30** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

പൊതുപ്രവർത്തനരംഗത്ത് ഗാന്ധിജിയ്ക്ക് വളരെ വേഗത്തിൽ ഇന്ത്യൻ ജനതയുടെ അംഗീകാരം നേടാൻ സാധിച്ചു. വസ്തുതകളുടെ അടിസ്ഥാനത്തിൽ സമർത്ഥിക്കുക

**Hint.**

- ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി ഇന്ത്യൻ വംശജരുടെ പ്രശ്നങ്ങളിൽ ഇടപെട്ടതും, സമരങ്ങളും അദ്ദേഹത്തെ സുപരിചിതനാക്കി
- സാധാരണ ജനങ്ങളുടെ വസ്ത്രം ധരിക്കുകയും, ഭക്ഷണം കഴിക്കുകയും അവരുടെയ ഭാഷയിൽ സംസാരി ക്കുകയും ചെയ്തു
- തങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുന്ന രക്ഷകനായി ഗാന്ധിജിയെ സാധാരണക്കാർ വിലയിരുത്തി.

***Marks :(3)***

Hide Answer

**Qn No. 31** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

എ കോളത്തിലുള്ളവയ്ക്ക് അനുയോജ്യമായി ബി ,സി കോളങ്ങൾ ക്രമീകരിക്കുക

| എ | ബി | സി |
|---|---|---|
| ലാഹോർ സമ്മേളനം | 1918 | രാജ്ഗുരു |
| ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ | 1919 | ഗാന്ധിജി |
| റൗലറ്റ് നിയമം | 1928 | ജവഹർലാൽ നെഹ്റു |
| അഹമ്മദബാദിലെ തുണിമിൽ സമരം | 1929 | സിഡ്നി റൗലറ്റ് |

**Hint.**

| എ | ബി | സി |
|---|---|---|
| ലാഹോർ സമ്മേളനം | 1929 | ജവഹർലാൽ നെഹ്റു |
| ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ | 1928 | രാജ്ഗുരു |

| | |
|---|---|
| റൗലറ്റ് നിയമം | 1919 സിഡ്നി റൗലറ്റ് |
| അഹമ്മദബാദിലെ തുണിമിൽ സമരം | 1918 ഗാന്ധിജി |

***Marks :(4)***

Hide Answer

**Qn No. 32** *Chapter Name:സമരവും സ്വാതന്ത്ര്യവും*

**Qn.**

ബ്രിട്ടീഷ് പാർലമെന്റ് ഇന്ത്യൻ സ്വാതന്ത്ര്യനിയമം പാസ്സാക്കിയ വർഷം

**Hint.**

- 1947

***Marks :(1)***

Hide Answer

**Qn No. 33** *Chapter Name:സമരവും സ്വാതന്ത്ര്യവും*

**Qn.**

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി ഗാന്ധിയൻ സമരരീതിയിൽ നിന്നും ആശയങ്ങളിൽനിന്നും വ്യത്യസ്തമായ കാഴ്ചപ്പാടോടെ രൂപം കൊണ്ട ഏതെങ്കിലും രണ്ട് സംഘടനകളുടെ പേരെഴുതുക.

**Hint.**

- സ്വരാജ് പാർട്ടി
- ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് പാർട്ടി
- അഭിനവ്ഭാരത്
- ഗദർ പാർട്ടി
- അനുശീലൻ സമിതി
- ഐഎൻഎ (ഏതെങ്കിലും 2 എണ്ണം)(2x1)

***Marks :(2)***

Hide Answer

**Qn No. 34** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

**ഗാന്ധിജി ഇടപെടുകയും നേതൃത്വം നൽകുകയും ചെയ്ത സമരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. ഇവയെ പ്രദേശിക സമരങ്ങൾ, ദേശീയ സമരങ്ങൾ എന്നിങ്ങനെ തരംതിരിക്കുക.**




**Hint.**

| പ്രദേശിക സമരങ്ങൾ | ദേശീയ സമരങ്ങൾ |
|---|---|
| • ചമ്പാരൻ സമരം | നിസ്സഹരണ സമരം |
| • അഹമ്മദബാദിലെ തുണിമിൽ സമരം | ക്വിറ്റ് ഇന്ത്യ സമരം |
| • ഖേഡയിലെ കർഷക സമരം | സിവിൽ നിയമലംഘന സമരം |

***Marks :(3)***

Hide Answer

**Qn No. 35** ***Chapter Name:സമരവും സ്വാതന്ത്ര്യവും***


**Qn.**

**ഉപ്പ് ഒരു സമരായുധമായി സ്വീകരിക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏവ?**

Show Answer

**Qn No. 36** *Chapter Name:സമരവും സ്വാതന്ത്ര്യവും*

**Qn.**




നിസ്സഹകരണസമരം ഇന്ത്യയിൽ വ്യാപകമായതിന്റെ ഒരു ഉദാഹരണമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. മറ്റേതെങ്കിലും മൂന്ന് ഉദാഹരണങ്ങൾ എഴുതുക.

**Hint.**

- അവധിലെ കർഷകർ നികുതി നൽകാൻ വിസമ്മതിച്ചു.
- ഉത്തർപ്രദേശിൽ കർഷകർ കോളനി ഉദ്യോഗസ്ഥരുടെ ചുമടുകൾ എടുക്കാൻ വിസമ്മതിച്ചു.
- തൊഴിലാളികൾ പണിമുടക്കി.
- വിദ്യാർഥികൾ ബ്രിട്ടീഷ് സർക്കാരിന്റെ വിദ്യാലയങ്ങൾ, കോളേജുകൾ എന്നിവ ബഹിഷ്കരിച്ചു.
- വക്കീലന്മാർ കോടതി ബഹിഷ്കരിച്ചു .
- വിദേശവസ്ത്രങ്ങൾ പൊതുനിരത്തിൽ കൂട്ടിയിട്ട് കത്തിച്ചു

*Marks :(3)*

Hide Answer

**Qn No. 37** *Chapter Name:സമരവും സ്വാതന്ത്ര്യവും*

**Qn.**

നിസ്സഹരണ സമരത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി താഴെ കൊടുത്തിരിക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക.




**Hint.**

- വിദേശവസ്തുക്കൾ ബഹിഷ്കരിക്കുക
- വിദ്യാർഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക
- നികുതി നൽകാതിരിക്കുക
- ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക

*Marks :(4)*

Hide Answer

**Qn No. 38** *Chapter Name:സമരവും സ്വാതന്ത്ര്യവും*

**Qn.**
ബഹിഷ്കരണത്തോടൊപ്പം,നിർമാണപ്രവർത്തനങ്ങളും (Constructive Programme) നിസ്സഹരണ സമരത്തിന്റെ ഭാഗമായിരുന്നു. ഈ പ്രസ്താവന സാധൂകരിക്കുക.

**Hint.**

- ബഹിഷ്കരണം -

  വിദേശ വസ്തുക്കൾ

  തെരഞ്ഞെടുപ്പുകൾ

  വക്കീലന്മാർ കോടതികൾ

  വിദ്യാർഥികൾ ബ്രിട്ടീഷ് വിദ്യാലയങ്ങളും കോളേജുകളും

  നികുതി നൽകാതിരിക്കൽ

  ബ്രിട്ടീഷ് പുരസ്കാരങ്ങൾ (ഏതെങ്കിലും 2 എണ്ണം)

- നിർമാണ പ്രവർത്തനം -

ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കുക

തദ്ദേശീയ ഉല്പന്നങ്ങൾ നിർമിക്കുക

അയിത്തോച്ചാടനപ്രവർത്തനം

ഹിന്ദിയുടെ പ്രചാരണം

(ഏതെങ്കിലും 2 എണ്ണം)

*Marks :(4)*

Hide Answer

**Qn No. 39** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

റൗലറ്റ് നിയമം ബ്രിട്ടീഷ് പാർലമെന്റ് പാസ്സാക്കിയ വർഷം ?

**Hint.**

**1919**

*Marks :(1)*

Hide Answer

**Qn No. 40** ***Chapter Name:സമരവും സ്വാതന്ത്ര്യവും***

**Qn.**

റൗലറ്റ് നിയമത്തിലെ പ്രധാന വ്യവസ്ഥകൾ ഏവ? അത് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ എങ്ങനെ സ്വാധീനിച്ചു?

**Hint.**

- ഭീകരപ്രവർത്തങ്ങൾ തടയാനെന്നപ്പേരിൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കി - പൗരാവകാശ നിയന്ത്രണം.
- ഏതൊരാളെയും അറസ്റ്റ് ചെയ്ത് വിചാരണ കൂടാതെ തടങ്കലിൽ വയ്ക്കാൻ നിയമം അനുവദിച്ചു.
- പ്രതിഷേധങ്ങൾ, സത്യഗ്രഹം ആരംഭിക്കാൻ ഗാന്ധിജിയുടെ ആഹ്വാനം.
- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ ശക്തിപ്പെടുത്തി.

*Marks :(4)*

Hide Answer

**Qn No. 41** *Chapter Name:സമരവും സ്വാതന്ത്ര്യവും*

**Qn.**

ചമ്പാരനിലെ നിലം കർഷകരുടെ സമരം, അഹമ്മദബാദ് തുണിമിൽ സമരം, ഖേഡയിലെ കർഷക സമരം എന്നിവ ഗാന്ധിജി ഇടപെട്ട പ്രാദേശിക സമരങ്ങളാണ്.ഈ സമരങ്ങളുടെ പൊതുസ്വഭാവം സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുക.

- സമരങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ

- സമരരീതി

- സമരത്തിന്റെ സ്വീകാര്യത

**Hint.**

- പ്രാദേശിക, സാമ്പത്തിക പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ഉണ്ടായവ.
- നിയമലംഘനവും സഹനസമരവും ഉൾപ്പെട്ട സമരരീതി.
- ജനങ്ങൾ സ്വീകരിച്ചു - പൊതുജന പങ്കാളിത്തം.

*Marks :(3)*

Hide Answer

**Qn No. 42** *Chapter Name:സമരവും സ്വാതന്ത്ര്യവും*

**Qn.**

ഗാന്ധിജി ഇന്ത്യയിൽ പൊതുപ്രവർത്തനം ആരംഭിച്ചത് ഏത് സമരത്തിൽ പങ്കെടുത്തുകൊണ്ടാണ്?

**Hint.**

ചമ്പാരൻ സമരം

*Marks :(1)*

Hide Answer

**Qn No. 43** *Chapter Name:സമരവും സ്വാതന്ത്ര്യവും*

**Qn.**
ഖിലാഫത്ത് പ്രസ്ഥാനത്തെ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തോട് ചേർത്തുനിർത്തിയത് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ എങ്ങനെ സഹായിച്ചു?

**Hint.**
- മുസ്ലീം ജനതയുടെ സജീവപങ്കാളിത്തം ഉറപ്പിച്ചു
- ബ്രിട്ടീഷ് വിരുദ്ധവികാരം ഇന്ത്യയിൽ വ്യാപിച്ചു
- ഹിന്ദു മുസ്ലീം ഐക്യം വളർന്നുവന്നു

*Marks :(3)*

Hide Answer

**Qn No. 44** *Chapter Name:സമരവും സ്വാതന്ത്ര്യവും*

**Qn.**
ഖേഡയിലെ കർഷക സമരം ,അഹമ്മദാബാദിലെ തുണിമിൽ സമരം എന്നിവയുടെ കാരണങ്ങളും ഫലങ്ങളും എന്തെല്ലാം?

**Hint.**
- അഹമ്മദബാദിലെ തുണിമിൽ സമരം- ഗുജറാത്തിൽ പ്ലേഗ് ബോണസിനായി നടന്ന സമരം. ഗാന്ധിജി ഇടപെട്ടു - ഉപവാസം. ശമ്പളവർധനവ് പ്രഖ്യാപിച്ചു
- ഖേഡയിലെ കർഷക സമരം- ഗുജറാത്തിലെ ഖേഡയിലെ കർഷകരിൽനിന്ന് നികുതി പിരിക്കാൻ ശ്രമിച്ചത്. ഗാന്ധിജി നികുതി നിഷേധവും, സത്യഗ്രഹവും സമരായുധങ്ങളാക്കി. നികുതിയിളവ് പ്രഖ്യാപിച്ചു

*Marks :(4)*

Hide Answer

PRINT

Qn No. 1 **Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ**

**Qn.**

നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിനായി ലയന കരാർ തയാറാക്കിയവർ ആരെല്ലാം?

**Hint.**

- സർദാർ വല്ലഭ്ഭായ് പട്ടേൽ, വി. പി. മേനോൻ

***Marks :(2)***

Hide Answer

**Qn No. 2** **Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ**

**Qn.**

ഇന്ത്യക്കകത്തും പുറത്തും ഇന്ത്യൻ കലകളുടെ പ്രചാരണത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ലളിതകലാ അക്കാദമി. സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ഏതെങ്കിലും രണ്ട് സ്ഥാപനങ്ങളും അവയുടെ പ്രവർത്തനങ്ങളും വിശദീകരിക്കുക.

**Hint.**

- സംഗീത നാടക അക്കാദമി - സംഗീതം, നാടകം എന്നിവയുടെ പ്രോത്സാഹനം
- സാഹിത്യ അക്കാദമി - ഇന്ത്യൻ ഭാഷാ സാഹിത്യത്തിന്റെ ഉന്നമനം
- നാഷണൽ സ്കൂൾ ഓഫ് ഡ്രാമ – നാടക മേളകൾ സംഘടിപ്പിക്കൽ
- നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ - വായന വളർത്തുക, ഇന്ത്യൻ പുസ്തകങ്ങൾ പ്രോത്സാഹിപ്പിക്കുക

***Marks :(4)***

Hide Answer

**Qn No. 3** **Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ**

**Qn.**

ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കാൻ നിയമിക്കപ്പെട്ട വിവിധ കമ്മീഷനുകളുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക.

| | | |
|---|---|---|
| ഡോ. രാധാകൃഷ്ണൻ കമ്മീഷൻ | a | b |
| c | d | വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെപ്പറ്റിയുള്ള നിർദേശം |
| e | 1952 | f |

**Hint.**

- a 1948
- b സർവകലാശാല വിദ്യാഭ്യാസം
- c ഡോ. ഡി. എസ്. കോത്താരി കമ്മീഷൻ
- d 1964
- e ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ
- f സെക്കൻഡറി വിദ്യാഭ്യാസം

***Marks :(3)***

Hide Answer

**Qn No. 4** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**

പഞ്ചശീലതത്ത്വങ്ങളിൽ ഒപ്പിട്ട ചൈനീസ് പ്രധാനമന്ത്രി ആര്?

**Hint.**

- ചൗ എൻ ലായ്

***Marks :(1)***

Hide Answer

**Qn No. 5** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**

പഞ്ചശീലതത്ത്വങ്ങൾ എന്താണ്? അതിന്റെ പ്രാധാന്യം എന്ത്?

**Hint.**

- 1954-ൽ ചൈനയും ഇന്ത്യയും ഒപ്പിട്ട കരാർ. ചൗ എൻ ലായ്, ജവഹർലാൽ നെഹ്റു
- ഇന്ത്യൻ വിദേശനയത്തിന്റെ അടിസ്ഥാനം.

***Marks :(4)***

Hide Answer

**Qn No. 6** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**
**ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാന തത്ത്വങ്ങളിൽ ഒന്നാണല്ലോ ചേരിചേരായ്മ. മറ്റ് ഏതെങ്കിലും 4 എണ്ണം എഴുതുക.**

**Hint.**

- സാമ്രാജ്യത്വത്തോടും, കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്
- വംശീയവാദത്തോടുള്ള വിദ്വേഷം
- ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം
- സമാധാനപരമായ സഹവർത്തിത്വം
- പഞ്ചശീല തത്ത്വങ്ങൾ
- വിദേശ സഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ

***Marks :(4)***

Hide Answer

**Qn No. 7** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**
**ഇന്ത്യയിൽ സാംസ്കാരികരംഗത്തെ മുന്നേറ്റം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന രണ്ട് സ്ഥാപനങ്ങളുടെ പേര് എഴുതുക.**

**Hint.**

- സംഗീത നാടക അക്കാദമി
- ലളിത കലാ അക്കാദമി
- സാഹിത്യ അക്കാദമി
- നാഷണൽ സ്കൂൾ ഓഫ് ഡ്രാമ

- നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ

*Marks :(2)*

Hide Answer

**Qn No. 8** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**
**1986-ലെ ദേശീയ വിദ്യാഭ്യാസ നയം ഇന്ത്യയിലെ വിദ്യാഭ്യാസരംഗത്ത് കാതലായ മാറ്റങ്ങൾ നിർദ്ദേശിച്ചു. ഈ പ്രസ്താവന സാധൂകരിക്കുക.**

**Hint.**

- പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം
- പ്രൈമറിതലത്തിൽ വിദ്യാഭ്യാസം സാർവത്രികമാക്കാനും സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഓപ്പറേഷൻ ബ്ലാക് ബോർഡ് പദ്ധതി നടപ്പിലാക്കണം
- ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം
- പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സഹാനം നൽകണം

*Marks :(4)*

Hide Answer

**Qn No. 9** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**
**ഡോ. ഡി.എസ്. കോത്താരി കമ്മീഷന്റെ രണ്ട് ശുപാർശകൾ എഴുതുക.**

**Hint.**

- 10 + 2 + 3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കുക
- സെക്കൻഡറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
- ധാർമിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക

*Marks :(2)*

Hide Answer

**Qn No. 10** *Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ*

**Qn.**

ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കാനും ശുപാർശകൾ സമർപ്പിക്കാനുമായി ഗവൺമെന്റ് നിയമിച്ച കമ്മിഷനുകളിൽ ഒന്നാണ് ഡോ. രാധാകൃഷ്ണൻ കമ്മീഷൻ. മറ്റ് രണ്ട് കമ്മീഷനുകളുടെ പേരെഴുതുക.

**Hint.**

- ഡോ. ഡി.എസ്.കോത്താരി കമ്മീഷൻ
- ഡോ. ലക്ഷ്മണ സ്വാമി മുതലിയാർ കമ്മീഷൻ

*Marks :(2)*

Hide Answer

**Qn No. 11** *Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ*

**Qn.**

ആധുനിക ശാസ്ത്രത്തിന്റെ ആരാധകനായിരുന്ന നെഹ്റുവിന്റെ നേതൃത്വത്തിൽ ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ ഇന്ത്യ അഭൂതപൂർവമായ നേട്ടങ്ങൾ കൈവരിച്ചു. ഈ പ്രസ്താവന സാധൂകരിക്കുക.

**Hint.**

- ശാസ്ത്രഗവേഷണ സ്ഥാപനങ്ങൾ
- ഐ.ഐ.ടി കൾ
- ബഹിരാകാശ ഗവേഷണം

*Marks :(6)*

Hide Answer

**Qn No. 12** *Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ*

**Qn.**

ബഹിരാകാശഗവേഷണ രംഗത്തെ ഇന്ത്യയുടെ നേട്ടങ്ങൾ വിശദമാക്കുക.

**Hint.**

- ഉപഗ്രഹ വിക്ഷേപണം
- മിസൈലുകൾ
- ചന്ദ്രയാൻ
- മംഗൾയാൻ

***Marks :(4)***

Hide Answer

**Qn No. 13** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**

ഉപഗ്രഹങ്ങൾ വികസിപ്പിച്ചെടുക്കുന്ന ഇന്ത്യയിലെ രണ്ട് ഏജൻസികളുടെ പേരെഴുതുക.

**Hint.**

- നാഷണൽ റിമോർട്ട് സെൻസിങ് ഏജൻസി
- ഫിസിക്കൽ റിസർച്ച് ലബോറട്ടറി

***Marks :(2)***

Hide Answer

**Qn No. 14** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**

ഇന്ത്യയുടെ ആദ്യത്തെ റോക്കറ്റ് വിഷേപണകേന്ദ്രം ആരംഭിച്ചതെവിടെ?

**Hint.**

- തുമ്പ

***Marks :(1)***

Hide Answer

**Qn No. 15** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**

**ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന [ISRO] നിലവിൽ വന്ന വർഷം ഏത്?**

**Hint.**

- **1969**

***Marks :(1)***

Hide Answer

**Qn No. 16** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**

**ശാസ്ത്രരംഗത്ത് ഹോമി ജഹാംഗിർ ഭാഭയുടെ പങ്ക് വ്യക്തമാക്കുക.**

**Hint.**

- ശാസ്ത്ര വ്യവസായ ഗവേഷണ സമിതിയുടെ പദ്ധതികൾക്ക് നേതൃത്വം നൽകി
- ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്
- ഇന്ത്യയുടെ ആണവോർജ്ജ കമ്മീഷൻ ചെയർമാൻ.

***Marks :(3)***

Hide Answer

**Qn No. 17** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**

സ്വതന്ത്ര ഇന്ത്യ സാമ്പത്തികരംഗത്ത് കൈവരിച്ച നേട്ടങ്ങൾ വിവരിക്കുക

**Hint.**

മിശ്രസമ്പദ് വ്യവസ്ഥ

ആസൂത്രണ കമ്മീഷൻ

പഞ്ചവത്സര പദ്ധതികൾ

വിദേശപങ്കാളിത്തം കാർഷിക മേഖലയുടെ വളർച്ച, ഇരുമ്പുരുക്ക് വ്യവസായ ശാലകൾ

വിവിധോദ്ദേശ്യ പദ്ധതികൾ

ദേശീയതലത്തിൽ അൻപത്തിയഞ്ച് പദ്ധതികൾക്ക് തുടക്കം കുറിച്ചത്.

*Marks :(6)*

Hide Answer

**Qn No. 18** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**
**1990-കളിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ ഉണ്ടായ പ്രകടമായ മാറ്റം എന്താണ്?**

**Hint.**

- പൊതുമേഖലയ്ക്കു പകരം സ്വകാര്യമേഖലയ്ക്ക് പ്രാധാന്യം

*Marks :(1)*

Hide Answer

**Qn No. 19** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**
ഇന്ത്യയുടെ സാമ്പത്തിക ആധുനികവത്കരണത്തിൽ വൻകിട അണക്കെട്ടുകൾ വഹിച്ച പങ്ക് എന്ത് ?

**Hint.**

- വൻകിട അണക്കെട്ടുകൾ - കൃഷിക്ക് ജലം, വ്യവസായത്തിന് വൈദ്യുതോർജം
- കാർഷിക – വ്യാവസായിക രംഗങ്ങൾ വികസിച്ചു

*Marks :(2)*

Hide Answer

**Qn No. 20** *Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ*

**Qn.**

സ്വാതന്ത്ര്യാനന്തരം സാമ്പത്തിക പുരോഗതിക്കായി വിദേശരാജ്യങ്ങളുടെ സഹായം ഇന്ത്യയ്ക്ക് ലഭിച്ചിട്ടുണ്ട്.

ഇരുമ്പുരുക്ക് വ്യവസായശാലകളുടെ നിർമാണവുമായി ബന്ധപ്പെടുത്തി ഉദാഹരണ സഹിതം ഈ പ്രസ്താവന സാധൂകരിക്കുക.

**Hint.**

- ഭിലായി - സോവിയറ്റ് യൂണിയൻ
- ബൊക്കാറോ - സോവിയറ്റ് യൂണിയൻ
- റൂർക്കേല - ജർമ്മനി
- ദുർഗാപൂർ - ബ്രിട്ടൺ

പ്രസ്തുത ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുന്നതിന്

*Marks :(4)*

Hide Answer

**Qn No. 21** *Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ*

**Qn.**

1947-ൽ സ്വാതന്ത്ര്യം നേടിയിട്ടും ഇന്ത്യയിൽ ചില പ്രദേശങ്ങളിൽ വൈദേശിക ആധിപത്യം നിലനിന്നിരുന്നു. പിന്നീട് അവ ഇന്ത്യൻ യൂണിയന്റെ ഭാഗമായി. ഈ പ്രസ്താവന സാധൂകരിക്കുക.

**Hint.**

- പോണ്ടിച്ചേരി, കാരക്കൽ, മാഹി, യാനം എന്നീ പ്രദേശങ്ങൾ ഫ്രാൻസിന്റെ നിയന്ത്രണത്തിൽ
- ഗോവ, ദാമൻ, ദിയൂ എന്നീ പ്രദേശങ്ങൾ പോർട്ടുഗീസ് നിയന്ത്രണത്തിൽ.
- ജനകീയ പ്രക്ഷോഭങ്ങൾ.
- 1954 ഫ്രാൻസിന്റെ അധിനിവേശ പ്രദേശങ്ങൾ ഇന്ത്യയോട് ചേർത്തു.
- 1961-ൽ പോർട്ടുഗീസ് അധിനിവേശ പ്രദേശങ്ങൾ സൈനിക നടപടിയിലൂടെ ഇന്ത്യയിൽ ചേർത്തു

*Marks :(5)*

Hide Answer

**Qn No. 22** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**
**നാട്ടുരാജ്യങ്ങളുടെ സംയോജനത്തിനായി തയ്യാറാക്കിയ ലയനകരാറിന്റെ പ്രധാന നിർദ്ദേശം ഏന്തായിരുന്നു?**

**Hint.**
- **പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറുക.**

***Marks :(2)***

Hide Answer

**Qn No. 23** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**
**നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് നേതൃത്വം വഹിച്ച മലയാളി ആര് ?**

**Hint.**
- **വി. പി. മേനോൻ**

***Marks :(1)***

Hide Answer

**Qn No. 24** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**
**സ്വതന്ത്ര ഇന്ത്യയിൽ ഭാഷയെ അടിസ്ഥാനമാക്കി സംസ്ഥാന രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യം വിവരിക്കുക.**

**Hint.**

- ഒരു നാട്ടുരാജ്യത്ത് വ്യത്യസ്ത ഭാഷ സംസാരിക്കുന്നവർ.
- 1920 നാഗപൂർ കോൺഗ്രസ് തീരുമാനപ്രകാരം ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റികൾ
- ഭാഷാ സംസ്ഥാനങ്ങൾക്കായി ജനകീയ പ്രക്ഷോഭങ്ങൾ
- പോറ്റി ശ്രീരാമലൂവിന്റെ സത്യഗ്രഹം - മരണം
- സംസ്ഥാന പുനസംഘടനാ കമ്മീഷൻ
- 1956 ഇന്ത്യൻ സംസ്ഥാന പുനസംഘടനാ നിയമം

***Marks :(4)***

Hide Answer

**Qn No. 25** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**
ഇന്ത്യൻ ഭരണഘടനാ ഡ്രാഫ്റ്റിങ് കമ്മിറ്റിയുടെ ചെയർമാൻ ആരായിരുന്നു?

**Hint.**

- ഡോ. ബി. ആർ. അംബേദ്കർ

***Marks :(1)***

Hide Answer

**Qn No. 26** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**
സ്വതന്ത്ര ഇന്ത്യയിലെ പ്രസിദ്ധരായ ചില വ്യക്തികളുടെ പേരുകൾ ചുവടെ നൽകുന്നു. ഇവർ വഹിച്ച പദവികൾ ബ്രാക്കറ്റിൽ നിന്ന് കണ്ടെത്തി എഴുതുക.

- ഡോ. രാജേന്ദ്രപ്രസാദ്
- ഫസൽ അലി
- ഡോ. ബി. ആർ. അംബേദ്കർ
- ജവഹർലാൽ നെഹ്റു

(സംസ്ഥാന പുനസംഘടനാ കമ്മീഷൻ അധ്യക്ഷൻ, ഭരണഘടനാ നിർമാണ സഭയുടെ അധ്യക്ഷൻ,

ആസൂത്രണ കമ്മീഷന്റെ അധ്യക്ഷൻ, ഭരണഘടനാ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാൻ)

Show Answer

**Qn No. 27** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**

സംസ്ഥാന പുനസംഘടനയുമായി ബന്ധപ്പെട്ട പ്രസ്താവനകളാണ് ചുവടെ നൽകുന്നത്. തെറ്റായ പ്രസ്താവന കണ്ടെത്തുക.

- ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനസംഘടിപ്പിച്ചു.

- 1956-ൽ ഇന്ത്യൻ സംസ്ഥാന പുനസംഘടനാ നിയമം പാസാക്കി.

- കെ.എം. പണിക്കരായിരുന്നു സംസ്ഥാന പുനസംഘടനാ കമ്മീഷന്റെ അധ്യക്ഷൻ.

- 1920-ലെ നാഗ്പൂർ കോൺഗ്രസ് സമ്മേളനം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചു.

**Hint.**

- കെ.എം. പണിക്കരായിരുന്നു സംസ്ഥാന പുനസംഘടനാ കമ്മീഷന്റെ അധ്യക്ഷൻ

***Marks :(1)***

Hide Answer

**Qn No. 28** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**

ഇന്ത്യയിൽ ആസൂത്രണ കമ്മീഷൻ നിലവിൽ വന്ന വർഷം ഏത്?

**Hint.**

- 1950

***Marks :(1)***

Hide Answer

**Qn No. 29** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**

സാമ്പത്തിക ആസൂത്രണം എന്ന ആശയം ഇന്ത്യ സ്വീകരിച്ചത് ഏത് രാജ്യത്ത് നിന്നാണ്?

**Hint.**

- സോവിയറ്റ് യൂണിയൻ

***Marks :(1)***

Hide Answer

**Qn No. 30** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**

നാട്ടുരാജ്യങ്ങളുടെ  സംയോജനം എന്ന വെല്ലുവിളി സ്വതന്ത്ര ഇന്ത്യ പരിഹരിച്ചതെങ്ങനെയെന്ന് വിശദീകരിക്കുക.

**Hint.**

- ഇന്ത്യയിൽ ബ്രിട്ടീഷ് നിയന്ത്രണത്തിലുള്ള 600 നാട്ടുരാജ്യങ്ങൾ
- നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യയിലോ പാകിസ്ഥാനിലോ ചേരാനോ സ്വതന്ത്രമായി നിൽക്കാനോ ബ്രിട്ടൺ അധികാരം നൽകി
- സർദാർ വല്ലഭ് ഭായ് പട്ടേൽ ചുമതല ഏറ്റെടുത്തു
- വി.പി മേനോനെ സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറി ആക്കുന്നു
- ലയനകരാർ തയാറാക്കുന്നു
- പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം കേന്ദ്ര ഗവൺമെന്റിന്
- ഹൈദരാബാദ്, ജുനഗഡ്, കാശ്മീർ എന്നീ നാട്ടുരാജ്യങ്ങൾ വിട്ടു നിന്നു
- സൈനിക ഇടപെടലിലൂടെയും, അനുരഞ്ജന ചർച്ചയിലൂടെയും ഇവയെ ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു.

***Marks :(4)***

Hide Answer

**Qn No. 31** ***Chapter Name:സ്വാതന്ത്ര്യാനന്തര ഇന്ത്യ***

**Qn.**

**ഇന്ത്യയുടെ സ്വാതന്ത്ര്യസമ്പാദനം ഒരേ സമയം സന്തോഷത്തിനും ദുഃഖത്തിനും കാരണമായി. ഈ പ്രസ്താവന സാധൂകരിക്കുക.**

**Hint.**

- **കൊളോണിയൽ ഭരണത്തിൽനിന്നുള്ള മോചനം സന്തോഷം പകർന്നു.**
- **വിഭജനവും വർഗീയകലാപങ്ങളും അഭയാർഥിപ്രവാഹവും ദുഖം സൃഷ്ടിച്ചു.**

***Marks :(2)***

Hide Answer

PRINT

Qn No. 1 **Chapter Name:കേരളം ആധുനികതയിലേക്ക്**

**Qn.**

വൈക്കം സത്യഗ്രഹത്തിന് അനുഭാവം പ്രകടിപ്പിച്ച് നടത്തിയ സവർണജാഥക്ക് നേതൃത്വം കൊടുത്തതാര്?

**Hint.**

- മന്നത്തു പത്മനാഭൻ

***Marks :(1)***

Hide Answer

**Qn No. 2** **Chapter Name:കേരളം ആധുനികതയിലേക്ക്**

**Qn.**

കേരളത്തിന്റെ നീതിന്യായവ്യവസ്ഥയിൽ ബ്രിട്ടീഷുകാർ കൊണ്ടുവന്ന പരിഷ്കാരങ്ങൾ എന്തെല്ലാം?

**Hint.**

- ജാതി അടിസ്ഥാനമാക്കിയുള്ള വിചാരണയും ശിക്ഷയും അവസാനിപ്പിച്ചു
- ഏകീകൃതമായ ശിക്ഷാവിധികൾ നടപ്പിലാക്കി
- കോടതികൾ സ്ഥാപിച്ചു

***Marks :(3)***

Hide Answer

**Qn No. 3** **Chapter Name:കേരളം ആധുനികതയിലേക്ക്**

**Qn.**

കേരളത്തിലെ വിദ്യാഭ്യാസ വ്യാപനത്തിന് പ്രവർത്തിച്ച ക്രിസ്ത്യൻ മിഷനറി വിഭാഗങ്ങൾ ഏതെല്ലാം ? അവരുടെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച മേഖലകൾ എഴുതുക.

**Hint.**

- ലണ്ടൻ മിഷൻ സൊസൈറ്റി പ്രവർത്തനങ്ങൾ-തിരുവിതാംകൂർ
- ചർച്ച് മിഷൻ സൊസൈറ്റി പ്രവർത്തനങ്ങൾ-തിരുവിതാംകൂർ ,കൊച്ചി
- ബാസൽ ഇവാഞ്ചലിക്കൽ മിഷൻ പ്രവർത്തനങ്ങൾ- മലബാർ

***Marks :(3)***

Hide Answer

**Qn No. 4** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

തിരുവിതാംകൂറിൽ നടന്ന പ്രധാന പ്രക്ഷോഭങ്ങളെ ചുവടെ നൽകിയിട്ടുള്ള സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക.

*സൂചകങ്ങൾ*

- മലയാളി മെമ്മോറിയൽ
- ഈഴവ മെമ്മോറിയൽ
- വിദ്യാർഥി പ്രക്ഷോഭങ്ങൾ
- നിവർത്തനപ്രക്ഷോഭം
- പുന്നപ്രവയലാർ സമരം

**Hint.**

- മലയാളി മെമ്മോറിയൽ - സർക്കാർ ജോലി തിരുവിതാംകൂറുകാർക്ക്
- ഈഴവ മെമ്മോറിയൽ - ഡോ. പൽപ്പുവിന്റെ നേതൃത്വത്തിൽ ഈഴവരുടെ പ്രയാസങ്ങൾ ചൂണ്ടിക്കാട്ടി
- വിദ്യാർഥി പ്രക്ഷോഭങ്ങൾ - സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നാടുകടത്തൽ
- നിവർത്തനപ്രക്ഷോഭം - സർക്കാർ ഉദ്യോഗങ്ങളിലും നിയമസഭയിലും ജനസംഖ്യാനുപാതികമായി സംവരണം
- പുന്നപ്രവയലാർ സമരം - സർ സി. പി. രാമസ്വാമി അയ്യരുടെ ഭരണപരിഷ്ക്കാരങ്ങൾക്കെതിരെയുള്ള സമരം

***Marks :(5)***

Hide Answer

**Qn No. 5** *Chapter Name:കേരളം ആധുനികതയിലേക്ക്*

**Qn.**
വൈക്കം സത്യഗ്രഹത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.

**Hint.**
- ടി. കെ. മാധവന്റെ നേതൃത്വം
- മന്നത്തു പത്മനാഭന്റെ നേതൃത്വത്തിൽ സവർണജാഥ
- ക്ഷേത്രത്തിനു ചുറ്റുമുള്ള പൊതുനിരത്തിൽ യാത്ര ചെയ്യുവാൻ അവർണർക്ക് അനുവാദം ലഭിച്ചു.

*Marks :(3)*

Hide Answer

**Qn No. 6** *Chapter Name:കേരളം ആധുനികതയിലേക്ക്*

**Qn.**
ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് കേരളത്തിൽ പിന്തുടർച്ചാവകാശ ക്രമത്തിൽ ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാം?

**Hint.**
- മരുമക്കത്തായത്തിൽ നിന്ന് മക്കത്തായ സമ്പ്രദായത്തിലേക്ക്
- കുടുംബത്തിൽ എല്ലാവർക്കും സ്വത്തവകാശം

*Marks :(2)*

Hide Answer

**Qn No. 7** *Chapter Name:കേരളം ആധുനികതയിലേക്ക്*

**Qn.**
കീഴരിയൂർ ബോംബ് കേസ് താഴെ പറയുന്നവയിൽ ഏതു സംഭവുമായി ബന്ധപ്പെട്ടതാണ് ?

**(a. പുന്നപ്ര വയലാർ സമരം, b. ക്വിറ്റ് ഇന്ത്യാ സമരം, c. മലബാർ കലാപം, d. പൂക്കോട്ടൂർ യുദ്ധം)**

**Hint.**

- **b. ക്വിറ്റ് ഇന്ത്യാ സമരം**

***Marks :(1)***

Hide Answer

**Qn No. 8** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

**1946-ൽ നടന്ന പുന്നപ്ര വയലാർ സമരത്തിന്റെ പ്രധാന കാരണം എന്തായിരുന്നു?**

**Hint.**

- **ദിവാൻ സർ സി. പി. രാമസ്വാമി അയ്യരുടെ ഭരണനടപടികൾ**

***Marks :(1)***

Hide Answer

**Qn No. 9** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

**മനുഷ്യസ്നേഹത്തിലും സർവമതസഹോദര്യത്തിലും അധിഷ്ഠിതമായിരുന്നു ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങളും പ്രവർത്തനങ്ങളും. സമർഥിക്കുക.**

**Hint.**

- **അരുവിപ്പുറം പ്രതിഷ്ഠ**
- **വിദ്യാലയങ്ങളും വായനശാലകളും സ്ഥാപിച്ചു, വിജ്ഞാന വികസനത്തിന് പ്രാധാന്യം**
- **ആലുവ സർവമത സമ്മേളനം**
- **സന്ദേശങ്ങൾ**

***Marks :(4)***

Hide Answer

**Qn No. 10** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

സംസ്ഥാന പുനസ്സംഘടനയെ തുടർന്ന് തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന ഏതെല്ലാം പ്രദേശങ്ങ ളാണ് മദിരാശി സംസ്ഥാനത്തിനു വിട്ടുകൊടുത്തത്?

**Hint.**

- തോവാള
- അഗസ്തീശ്വരം
- കൽക്കുളം
- വിളവൻകോട്

***Marks :(2)***

Hide Answer

**Qn No. 11** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

തിരുവിതാംകൂറിൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കിയ ഭരണാധികാരി ആര്?

**Hint.**

- ഗൗരി പാർവതി ഭായി

***Marks :(1)***

Hide Answer

**Qn No. 12** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

കേരളത്തിൽ വളർന്നുവന്ന ആദ്യകാല ബാങ്കുകളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന്റെ പേര് എഴുതുക

**Hint.**

- നെടുങ്ങാടി ബാങ്ക്
- ഇംപീരിയൽ ബാങ്ക്
- ഇന്ത്യൻ നാഷണൽ ബാങ്ക്
- ചാർട്ടേഡ് ബാങ്ക്

***Marks :(2)***

Hide Answer

**Qn No. 13** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**
**കേരളത്തിന്റെ സാംസ്കാരിക മേഖലയിൽ ബ്രിട്ടീഷ് ഭരണം കൊണ്ടുണ്ടായ മാറ്റങ്ങൾ എന്തെല്ലാം?**

**Hint.**

- അച്ചടിയുടെ ആരംഭവും ഗ്രന്ഥങ്ങളുടെ പ്രകാശനവും
- മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
- നീതിന്യായ വ്യവസ്ഥയുടെ പരിഷ്കരണം
- കേരളീയ സമൂഹത്തിന്റെ ആധുനീകരണം
- ചികിത്സാരംഗത്തും കുടുംബഘടനയിലും ഉണ്ടായ മാറ്റങ്ങൾ

***Marks :(4)***

Hide Answer

**Qn No. 14** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**
**19-ാം നൂറ്റാണ്ടിലെ കേരളത്തിന്റെ സാമൂഹികാവസ്ഥയെക്കുറിച്ച് കുറിപ്പ് തയാറാക്കുക.**

**Hint.**

- ജാതി വ്യവസ്ഥ

- സാമൂഹിക അസമത്വം
- അനാചാരങ്ങൾ

***Marks :(3)***

Hide Answer

**Qn No. 15** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**
തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഭരണാധികാരികളുടെ ഇടപെടൽ കേരളത്തിലെ വിദ്യാഭ്യാസരംഗത്തുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം?

**Hint.**
- സ്കൂളുകളും കോളേജുകളും സ്ഥാപിച്ചു
- പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കികൊണ്ട് തിരുവിതാംകൂറിലെ ഭരണാധികാരി യായിരുന്ന ഗൗരി പാർവ്വതിഭായിയുടെ വിളംബരം.

***Marks :(2)***

Hide Answer

**Qn No. 16** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**
വേലുത്തമ്പി ദളവ കുണ്ടറ വിളംബരം നടത്തുവാൻ ഇടയാക്കിയ സാഹചര്യം എന്തായിരുന്നു?

**Hint.**
- തിരുവിതാംകൂറിന്റെ ആഭ്യന്തര കാര്യങ്ങളിൽ ബ്രിട്ടീഷുകാരുടെ അനിയന്ത്രിതമായ ഇടപെടൽ
- കുണ്ടറ വിളംബരം -ബ്രിട്ടീഷുകാർക്കെതിരെ ആയുധമെടുത്തു പോരാടാൻ ആഹ്വാനം

***Marks :(3)***

Hide Answer

**Qn No. 17** *Chapter Name:കേരളം ആധുനികതയിലേക്ക്*

**Qn.**
മലബാർ, തിരുവിതാംകൂർ, കൊച്ചി എന്നീ പ്രദേശങ്ങൾ ബ്രിട്ടീഷ് നിയന്ത്രണത്തിൽ വന്നതെങ്ങനെ?

**Hint.**
- 1792-ലെ ശ്രീരംഗപട്ടണം സന്ധി
- 1792-ൽ കൊച്ചി രാജാവ് ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു
- 1795-ലെ ഉടമ്പടിപ്രകാരം തിരുവിതാംകൂർ ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു

*Marks :(3)*

Hide Answer

**Qn No. 18** *Chapter Name:കേരളം ആധുനികതയിലേക്ക്*

**Qn.**
മാപ്പിള കലാപങ്ങളെക്കുറിച്ച് അന്വേഷിക്കാൻ നിയമിച്ച കമ്മീഷന്റെ പേര് എഴുതുക.

**Hint.**
- ലോഗൻ കമ്മീഷൻ

*Marks :(1)*

Hide Answer

**Qn No. 19** *Chapter Name:കേരളം ആധുനികതയിലേക്ക്*

**Qn.**
ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കേരളത്തിൽ നടന്ന നിയമലംഘനസമരങ്ങളെക്കുറിച്ച് കുറിപ്പ് എഴുതുക.

**Hint.**
- 1930 - ഉപ്പുസത്യഗ്രഹം

പയ്യന്നൂർ - കെ. കേളപ്പൻ

കോഴിക്കോട് - മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്

- വിദേശവസ്തു ബഹിഷ്കരണം
- ഖാദി പ്രചാരണം

***Marks :(3)***

Hide Answer

**Qn No. 20** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

ബ്രിട്ടീഷ് മൂലധനത്തോടെ കേരളത്തിൽ ആരംഭിച്ച തോട്ടവ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാം?

**Hint.**

- കണ്ണൻ ദേവൻ കമ്പനി
- മർഡോക്ക് ബ്രൗൺ
- മലയാളം പ്ളാന്റേഷൻ

***Marks :(3)***

Hide Answer

**Qn No. 21** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

തിരുവിതാംകൂറിലെ ഭരണാധികാരികൾ സ്ഥാപിച്ച ഏതെങ്കിലും രണ്ടു വ്യവസായങ്ങളുടെ പേര് എഴുതുക.

**Hint.**

- പുനലൂർ പേപ്പർ മിൽ
- FACT
- കുണ്ടറ സിറാമിക്സ്
- തിരുവനന്തപുരത്തെ റബ്ബർ വർക്സ്

***Marks :(2)***

Hide Answer

**Qn No. 22** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

**എ** കോളത്തിന് അനുയോജ്യമായവ **ബി** കോളത്തിൽനിന്ന് കണ്ടെത്തി **സി** കോളത്തിലെഴുതുക.

| എ | ബി | സി |
|---|---|---|
| ഇം. എം. എസ്.നമ്പൂതിരിപ്പാട് | ഉപ്പുനിയമം | തിരുവിതാംകൂർ |
| ടി. പ്രകാശം | ഒന്നേകാൽകോടി മലയാളികൾ | ഒറ്റപ്പാലം സമ്മേളനം |
| കെ. കേളപ്പൻ | മലയാളി മെമ്മോറിയൽ | കേരള രൂപീകരണം |
| ജി. പി. പിള്ള | ആന്ധ്രകേസരി | പയ്യന്നൂർ |

**Hint.**

- ഇം. എം. എസ്.നമ്പൂതിരിപ്പാട് - ഒന്നേകാൽകോടി മലയാളികൾ - കേരള രൂപീകരണം
- ടി. പ്രകാശം - ആന്ധ്രകേസരി - ഒറ്റപ്പാലം സമ്മേളനം
- കെ. കേളപ്പൻ - ഉപ്പുനിയമം - പയ്യന്നൂർ
- ജി. പി. പിള്ള - മലയാളി മെമ്മോറിയൽ - തിരുവിതാംകൂർ

***Marks :(4)***

Hide Answer

**Qn No. 23** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

ബ്രിട്ടീഷുകാർക്കെതിരെ പോരാടുവാൻ പഴശ്ശിരാജയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം?

**Hint.**

- ബ്രിട്ടീഷുകാരുടെ നികുതി നയം
- വയനാടിന്റെ മേലുള്ള ബ്രിട്ടീഷ് മേൽക്കോയ്മ

***Marks :(2)***

Hide Answer

**Qn No. 24** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**
**വ്യാപാരക്കുത്തക നേടിയെടുക്കുന്നതിന് വേണ്ടിയുള്ള മത്സരം കേരളത്തിൽ യുറോപ്യന്മാർ തമ്മിലുള്ള സംഘർഷങ്ങൾക്ക് വഴിവെച്ചു. പ്രസ്താവന സമർത്ഥിക്കുക.**

**Hint.**
- **പോർട്ടുഗീസ് - ഡച്ച് - ഇംഗ്ലീഷ് - പരസ്പര മത്സരം**
- **കർണാട്ടിക് യുദ്ധങ്ങൾ**

***Marks :(4)***

Hide Answer

**Qn No. 25** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**
**ബ്രിട്ടീഷുകാരുടെ ഭരണ കാലത്ത് കേരളത്തിലെ പരമ്പരാഗത വ്യവസായരംഗത്തുണ്ടായ പുരോഗതിയെക്കുറിച്ച് വിശദമാക്കുക.**

**Hint.**
- **എണ്ണയാട്ടു മില്ലുകൾ സ്ഥാപിച്ചു**
- **കയർ ഫാക്ടറി സ്ഥാപിച്ചു**
- **കൊല്ലത്ത് കശുവണ്ടി ഫാക്ടറി സ്ഥാപിച്ചു**
- **കണ്ണൂരിൽ ബീഡി കമ്പനി സ്ഥാപിച്ചു**
- **ഓട്ടുകമ്പനികൾ (ഫറോക്ക്,കൊല്ലം ,ഒല്ലൂർ ) സ്ഥാപിച്ചു**

***Marks :(4)***

Hide Answer

**Qn No. 26** *Chapter Name:കേരളം ആധുനികതയിലേക്ക്*

**Qn.**

കേരളത്തിലെ വ്യാപാരം സുഗമമാക്കാൻ ബ്രിട്ടീഷുകാർ സ്വീകരിച്ച നടപടികൾ ഏവ ?

**Hint.**

- വ്യാപാരനിയമ ഭേദഗതി
- ഏകീകരിച്ച നാണയ വ്യവസ്ഥ
- അളവ് തൂക്ക സമ്പ്രദായം
- ഗതാഗത സൗകര്യം മെച്ചപ്പെടുത്തി
- തുറമുഖങ്ങൾ വികസിപ്പിച്ചു

*Marks :(4)*

Hide Answer

**Qn No. 27** *Chapter Name:കേരളം ആധുനികതയിലേക്ക്*

**Qn.**

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി മലബാറിൽ നടന്ന ജനകീയ മുന്നേറ്റങ്ങൾ ഏതെല്ലാം?വിവരിക്കുക.

**Hint.**

- ഖിലാഫത്തു പ്രസ്ഥാനം
- മലബാർ കലാപം
- നിയമലംഘന സമരങ്ങൾ - ഉപ്പു സത്യാഗ്രഹം, വിദേശ വസ്ത്രങ്ങളുടെ ബഹിഷ്കരണം
- കർഷക സമരങ്ങൾ
- ക്വിറ്റിന്ത്യാ സമരം

*Marks :(5)*

Hide Answer

**Qn No. 28** *Chapter Name:കേരളം ആധുനികതയിലേക്ക്*

**Qn.**

ചാന്നാർ ലഹളയെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

**Hint.**

- **1859**
- **തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ സ്ത്രീകൾ മാറ് മറയ്ക്കാനുള്ള അവകാശത്തിനായി നടത്തിയ പോരാട്ടം**
- **ജാക്കറ്റും മേൽമുണ്ടുംധരിക്കാനുള്ള അവകാശം ലഭിച്ചു**

***Marks :(3)***

Hide Answer

**Qn No. 29** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

**കേരളത്തിലെ സാമൂഹിക മാറ്റങ്ങൾക്ക് ശ്രീനാരായണഗുരു വഹിച്ച പങ്ക് വിശദീകരിക്കുക**

**Hint.**

- **അരുവിപ്പുറം പ്രതിഷ്ഠ**
- **ക്ഷേത്രങ്ങളോടനുബന്ധിച്ച് വിദ്യാലയങ്ങളും വായനശാലകളും സ്ഥാപിച്ചു.**
- **വിദ്യ കൊണ്ട് പ്രബുദ്ധരാകാനും സംഘടനകൾ കൊണ്ട് ശക്തരാകാനും ഉദ് ബോധിപ്പിച്ചു**
- **ശ്രീനാരായണ ധർമ്മപരിപാലനയോഗം**

***Marks :(4)***

Hide Answer

**Qn No. 30** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

**സഞ്ചാര സ്വാതന്ത്ര്യത്തിനായി തിരുവിതാംകൂറിൽ നടന്ന പ്രധാന പ്രക്ഷോഭം ഏത്?**

**Hint.**

- **വൈക്കം സത്യഗ്രഹം**

*Marks :(1)*

Hide Answer

**Qn No. 31** *Chapter Name:കേരളം ആധുനികതയിലേക്ക്*

**Qn.**
**താഴെ കൊടുത്തിരിക്കുന്നവ തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രക്ഷോഭങ്ങളാണ്. ഇവയിൽ ഏതെങ്കിലും രണ്ടെണ്ണത്തെക്കുറിച്ച് ലഘുകുറിപ്പുകൾ തയ്യാറാക്കുക.**

- **മലയാളി മെമ്മോറിയൽ**
- **ഈഴവ മെമ്മോറിയൽ**
- **നിവർത്തന പ്രക്ഷോഭം**

**Hint.**

- **മലയാളി മെമ്മോറിയൽ -സർക്കാർ ജോലികളിൽ തിരുവിതാംകൂറുകാർക്ക് പ്രാതിനിധ്യം വേണമെന്ന് ആവശ്യം ,മെമ്മോറാണ്ടം . ബാരിസ്റ്റർ ജി.പി.പിള്ള**
- **ഈഴവ മെമ്മോറിയൽ -ഈഴവരുടെ പ്രയാസങ്ങൾ പരിഹരിക്കുക – ഡോ. പൽപ്പു.**
- **നിവർത്തന പ്രക്ഷോഭം - സർക്കാർ ഉദ്യോഗങ്ങളിലും നിയമസഭയിലും ജനസംഖ്യാനുപാതികമായ സംവരണം, ക്രിസ്ത്യൻ -ഈഴവ- മുസ്ലിം പ്രക്ഷോഭം, എൻ.പി.ജോസഫ്,പി.കെ.കുഞ്ഞ്, സി.കേശവൻ**

*Marks :(4)*

Hide Answer

**Qn No. 32** *Chapter Name:കേരളം ആധുനികതയിലേക്ക്*

**Qn.**
**ബ്രിട്ടീഷ് മേൽകോയ്മക്കെതിരെ മലബാറിൽ നടന്ന രണ്ടു കലാപങ്ങളുടെ പേര് എഴുതുക.**

**Hint.**

- **മലബാർ കലാപം**
- **പഴശ്ശി കലാപം**
- **മാപ്പിള കലാപങ്ങൾ**
- **കുറിച്യ കലാപം**

***Marks :(2)***

Hide Answer

**Qn No. 33** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

പട്ടിക പൂർത്തീകരിക്കുക.

| സാമൂഹ്യപരിഷ്കാർത്താക്കൾ | പ്രസ്ഥാനങ്ങൾ |
|---|---|
| സഹോദരൻ അയ്യപ്പൻ | a |
| b | അരയസമാജം |
| വൈകുണ്ഠ സ്വാമികൾ | c |
| d | യോഗക്ഷേമസഭ |

(4)

**Hint.**

- **a** **സഹോദരപ്രസ്ഥാനം**
- **b** **പണ്ഡിറ്റ് കെ. പി. കറുപ്പൻ**
- **c** **സമത്വസമാജം**
- **d** **വി. ടി. ഭട്ടതിരിപ്പാട്**

***Marks :(4)***

Hide Answer

**Qn No. 34** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

**താഴെ തന്നിരിക്കുന്നവ കാലഗണനാക്രമത്തിൽ എഴുതുക**

- **ഗുരുവായൂർ സത്യാഗ്രഹം**
- **ചാന്നാർ ലഹള**
- **മലയാളി മെമ്മോറിയൽ**
- **നിവർത്തന പ്രക്ഷോഭം**

**Hint.**

- ചാന്നാർ ലഹള
- മലയാളി മെമ്മോറിയൽ
- ഗുരുവായൂർ സത്യാഗ്രഹം
- നിവർത്തന പ്രക്ഷോഭം

***Marks :(4)***

Hide Answer

**Qn No. 35** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

ഐക്യകേരളത്തിന്റെ രൂപീകരണത്തിലേയ്ക്കു നയിച്ച സാഹചര്യങ്ങൾ വിശദമാക്കുക.

**Hint.**

- നാഗ് പൂർ കോൺഗ്രസ്സ് സമ്മേളനം
- കേരളസംസ്ഥാന രാഷ്ട്രീയ സമ്മേളനം- ഒറ്റപ്പാലം
- പയ്യന്നൂർ കോൺഗ്രസ് സമ്മേളനം
- കെ. കേളപ്പൻ - ഐക്യകേരള കൺവെൻഷൻ
- തിരു-കൊച്ചി സംയോജനം
- ഇ എം എസ് - ഒന്നേകാൽ കോടി മലയാളികൾ
- സംസ്ഥാന പുനസംഘടന കമ്മീഷന്റെ ശുപാർശ
- കേരളാ സംസ്ഥാനം രൂപപ്പെട്ടു

***Marks :(6)***

Hide Answer

**Qn No. 36** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

ബ്രിട്ടീഷ് ഭരണകാലത്ത് മിഷനറി സംഘങ്ങളുടെയും നാട്ടുരാജാക്കന്മാരുടെയും ഇടപെടൽ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ വരുത്തിയ മാറ്റങ്ങൾ വ്യക്തമാക്കുക

**Hint.**

- മിഷനറി സംഘങ്ങളുടെ പ്രവർത്തനങ്ങൾ - മാറ്റങ്ങൾ
- നാട്ടുരാജക്കന്മാരുടെ ഇടപെടൽ - മാറ്റങ്ങൾ

***Marks :(4)***

Hide Answer

**Qn No. 37** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

കൃഷിയുടെ വാണിജ്യവൽക്കരണം കേരളത്തിലെ കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾ വിശദമാക്കുക.

**Hint.**

- കമ്പോളം ലക്ഷ്യമാക്കിയുള്ള കൃഷി
- നെല്ലിനുപകരം തെങ്ങുകൃഷി
- ഭക്ഷ്യവിളകൾക്കുപകരം വാണിജ്യവിളകൾ
- തോട്ടം മേഖലയുടെ വളർച്ച.

***Marks :(4)***

Hide Answer

**Qn No. 38** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

ബ്രിട്ടീഷ് ഭരണം തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങളിൽ ഭൂവുടമാബന്ധങ്ങളിൽ ഉണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം?

**Hint.**

- മലബാർ - 1929-ലെ മലബാർ കുടിയായ്മ നിയമം - കർഷകർക്ക് ഭൂമിയുടെ മേൽ നാമമാത്ര അവകാശം

- തിരുവിതാംകൂർ - 1865-ലെ പണ്ടാരപാട്ട വിളംബരം-പണ്ടാര വക ഭൂമിയിൽ കുടിയാൻമാർക്ക് അവകാശം
- തിരുവിതാംകൂർ - 1896-ലെ ജന്മി-കുടിയാൻ നിയമം -കുടിയാന് ഭൂമിയുടെ മേൽ ഉടമാവകാശം
- കോച്ചി- 1914-ലെ കൊച്ചിയിലെ കുടിയായ്മ നിയമം

*Marks :(4)*

Hide Answer

**Qn No. 39** *Chapter Name:കേരളം ആധുനികതയിലേക്ക്*

**Qn.**

തിരുവിതാംകൂറിൽ ഉത്തരവാദ ഭരണത്തിനായി നടന്ന രാഷ്ട്രീയ പ്രക്ഷോഭങ്ങൾ ഏതെല്ലാം? വിശദമാക്കുക

**Hint.**

- മലയാളി മെമ്മോറിയൽ - സർക്കാർ ജോലികളിൽ തിരുവിതാംകൂർകാർക്കുതിയായ പ്രാതിനിധ്യം ആവശ്യപ്പെട്ട് നല്കിയ നിവേദനം
- ഈഴവ മെമ്മോറിയൽ - ഇൗഴവ സമുദായം അനുഭവിക്കുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ച നിവേദനം
- നിവർത്തനപ്രക്ഷോഭം - ജനസംഖ്യാനുപാതികമായി ഉദ്യോഗങ്ങളിൽ സംവരണം ആവശ്യപ്പെട്ട് നടന്ന പ്രക്ഷോഭം
- പുന്നപ്രവയലാർ സമരം - സർ സി. പി. രാമസ്വാമി അയ്യരുടെ ഭരണ പരിഷ്കാരങ്ങൾക്കെതിരെ നടന്ന സമരം

*Marks :(4)*

Hide Answer

**Qn No. 40** *Chapter Name:കേരളം ആധുനികതയിലേക്ക്*

**Qn.**

കേരളത്തിൽ വിദേശവ്യാപാരം മെച്ചപ്പെടുത്തുവാൻ ബ്രിട്ടീഷുകാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

**Hint.**

- തങ്ങൾക്കനുകൂലമായ വ്യാപാരനിയമം രൂപപ്പെടുത്തി

- ഏകീകൃത നാണയവ്യവസ്ഥ
- ഏകീകൃത അളവുതൂക്ക സമ്പ്രദായം
- ഗതാഗതസൗകര്യം മെച്ചപ്പെടുത്തൽ
- തുറമുഖങ്ങൾ വികസിപ്പിക്കൽ

***Marks :(5)***

Hide Answer

**Qn No. 41** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

ബ്രിട്ടീഷുകാരുടെ വരവോടെ കേരളത്തിലെ പിന്തുടർച്ചക്രമത്തിലുണ്ടായ മാറ്റങ്ങൾ വിശദമാക്കുക.

**Hint.**

- മരുമക്കത്തായത്തിനെതിരായ നിയമങ്ങൾ നിലവിൽ വന്നു
- തറവാട്ടിലെ എല്ലാ അംഗങ്ങൾക്കും സ്വത്തിന്മേൽ അവകാശം ലഭിച്ചു.
- തറവാട്, കൂട്ടുകുടുംബം എന്നിവ തകർന്നു

***Marks :(3)***

Hide Answer

**Qn No. 42** ***Chapter Name:കേരളം ആധുനികതയിലേക്ക്***

**Qn.**

കൊച്ചിയിൽ ഉത്തരവാദഭരണത്തിനായുള്ള പ്രക്ഷോഭങ്ങൾ ആരംഭിക്കുവാനുള്ള സാഹചര്യം വിശദമാക്കുക.

**Hint.**

- ഇലക്ട്രിസിറ്റി സമരം
- കൊച്ചി രാജ്യപ്രജാമണ്ഡല രൂപീകരണം

***Marks :(2)***

Hide Answer

**Qn No. 43** *Chapter Name:കേരളം ആധുനികതയിലേക്ക്*

**Qn.**

ചുവടെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക.

| | |
|---|---|
| ഡോ. ആഞ്ചലോസ് ഫ്രാൻസിസ് | മലയാളത്തിലെ ആദ്യത്തെ വ്യാകരണ ഗ്രന്ഥം |
| അർണോസ് പാതിരി | ................................................ |
| ബെഞ്ചമിൻ ബെയ് ലി | ................................................ |
| ഡോ. ഹെർമൻ ഗുണ്ടർട്ട് | ................................................ |

**Hint.**

- അർണോസ് പാതിരി - മലയാള ഭാഷയിലെ ആദ്യത്തെ നിഘണ്ടു
- ബെഞ്ചമിൻ ബെയ് ലി - ഇംഗ്ലീഷ് -മലയാളം നിഘണ്ടു
- ഡോ. ഹെർമൻ ഗുണ്ടർട്ട് - രാജ്യസമാചാരം,മലയാളം ഇംഗ്ലീഷ് നിഘണ്ടു ,പശ്ചിമോദയം.

*Marks :(3)*

Hide Answer

**Qn No. 44** *Chapter Name:കേരളം ആധുനികതയിലേക്ക്*

**Qn.**

കേരളത്തിലെ ദേശീയപ്രസ്ഥാനത്തിൽ സ്ത്രീകൾ വഹിച്ച പങ്ക് വിശദമാക്കുക.

**Hint.**

- 1931-ലെ കോൺഗ്രസിന്റെ വടകര സമ്മേളനത്തിന്റെ ഭാഗമായി മഹിളാസമ്മേളനം
- മലബാർ - എ. വി. കുട്ടിമാളു അമ്മ
- തിരുവിതാംകൂർ - അക്കാമ്മ ചെറിയാൻ, ആനി മസ്ക്രീൻ.

*Marks :(3)*

Hide Answer

PRINT

Qn No. 1 ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**

**രാഷ്ട്രം എന്നാൽ എന്ത്? രാഷ്ട്രത്തിന്റെ അവശ്യഘടകങ്ങൾ ഏതെല്ലാം? (5)**

**Hint.**

- **രാഷ്ട്രം - ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരമുള്ള ഗവൺമെന്റോടുകൂടിയതുമായ ജനത. (1)**
- **ഘടകങ്ങൾ**

  **- ജനങ്ങൾ**

  **- ഭൂപ്രദേശം**

  **- ഗവൺമെന്റ്**

  **- പരമാധികാരം (1 x 4 = 4)**

***Marks :(5)***

Hide Answer

**Qn No. 2** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**

**പൗരത്വം എന്നാലെന്ത്? പൗരനും വിദേശിയും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക. (3)**

**Hint.**

**പൗരത്വം - ഒരു രാജ്യത്തെ പൂർണവും തുല്യവുമായ അംഗത്വമാണ് പൗരത്വം. (1)**

**വ്യത്യാസം - പൗരന് രാഷ്ട്രീയ അവകാശങ്ങളും പൗരാവകാശങ്ങളും ലഭിക്കുന്നു.**

**വിദേശിക്ക് പൗരാവകാശങ്ങൾ മാത്രമെ ലഭിക്കുകയുള്ളൂ (1x2)**

***Marks :(3)***

Hide Answer

**Qn No. 3** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**
**“രാഷ്ട്രത്തിന്റെ വിവേചനപരമായ ചുമതലകളുടെ പരിധി നിശ്ചയിക്കുക സാധ്യമല്ല” - ഈ പ്രസ്താവനയോട് നിങ്ങളുടെ പ്രതികരണമെന്ത്? സമർഥിക്കുക. (2)**

**Hint.**
- **യോജിക്കുന്നു.**
- **സാങ്കേതികവിദ്യയുടെ വളർച്ചയും മനുഷ്യന്റെ ആവശ്യങ്ങളിലുണ്ടാകുന്ന വർധനവും ഈ മേഖലയെ വിപുലപ്പെടുത്തുന്നു.**

***Marks :(2)***

Hide Answer

**Qn No. 4** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**
**താഴെ കൊടുത്തിരിക്കുന്നവയിൽ പരിണാമസിദ്ധാന്തവുമായി ബന്ധപ്പെട്ട പ്രസ്താവന ഏത്?**

**a) ശക്തരായവർ ദുർബലരുടെ മേൽ ആധിപത്യം സ്ഥാപിച്ച് രാഷ്ട്രം രൂപംകൊണ്ടു**

**b) ജനങ്ങൾ രൂപം നൽകിയ കരാറിലൂടെ രാഷ്ട്രം രൂപംകൊണ്ടു**

**c) രാഷ്ട്രം ദൈവസൃഷ്ടിയാണ്**

**d) രാഷ്ട്രം ചരിത്രസൃഷ്ടിയാണ് (1)**

**Hint.**
**രാഷ്ട്രം ചരിത്രസൃഷ്ടിയാണ്**

***Marks :(1)***

Hide Answer

**Qn No. 5** *Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും*

**Qn.**

**രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലകളിൽപ്പെടാത്തത് കണ്ടെത്തി എഴുതുക.**

**(അതിർത്തി സംരക്ഷണം, ആഭ്യന്തര സമാധാനം,ആരോഗ്യസംരക്ഷണം, അവകാശ സംരക്ഷണം) (1)**

**Hint.**

**ആരോഗ്യസംരക്ഷണം**

***Marks :(1)***

Hide Answer

**Qn No. 6** *Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും*

**Qn.**

**താഴെ കൊടുത്തിരിക്കുന്നവയെ രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതല, വിവേചനപരമായ ചുമതല എന്നിങ്ങനെ തരംതിരിക്കുക.**

**(അതിർത്തിസംരക്ഷണം, ഗതാഗതസൗകര്യം ഒരുക്കുക, ക്ഷേമപദ്ധതികൾ നടപ്പാക്കുക, അവകാശസംരക്ഷണം, നീതി നടപ്പാക്കൽ, ആരോഗ്യസംരക്ഷണം നൽകുക) (3)**

**Hint.**

- **നിർബന്ധിതം - അതിർത്തിസംരക്ഷണം, അവകാശസംരക്ഷണം, നീതി നടപ്പാക്കൽ**
- **വിവേചനപരം - ഗതാഗതസൗകര്യം ഒരുക്കുക, ക്ഷേമപദ്ധതികൾ നടപ്പാക്കുക, ആരോഗ്യസംരക്ഷണം നൽകുക.**

***Marks :(3)***

Hide Answer

**Qn No. 7** *Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും*

**Qn.**

**രാഷ്ട്രത്തിന്റെ വിവേചനപരമായ ചുമതലയിൽ ഉൾപ്പെടാത്തത് ഏത്?**

(ആരോഗ്യസംരക്ഷണം , വിദ്യാഭ്യാസസൗകര്യം , ഗതാഗതസൗകര്യം , അതിർത്തി സംരക്ഷണം ) (1)

**Hint.**

- അതിർത്തി സംരക്ഷണം

***Marks :(1)***

Hide Answer

**Qn No. 8** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**

രാഷ്ട്രത്തിന്റെ അടിസ്ഥാന ഘടകങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(ജനങ്ങൾ, ഭൂപ്രദേശം, പരമാധികാരം, നീതിന്യായം) (1)

**Hint.**

- നീതിന്യായം

***Marks :(1)***

Hide Answer

**Qn No. 9** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**

രാഷ്ട്രരൂപീകരണവുമായി ബന്ധപ്പെട്ട പരിണാമസിദ്ധാന്തം വിശദമാക്കുക.
(2)

**Hint.**

- ഏറ്റവും സ്വീകാര്യമായ സിദ്ധാന്തം
- സാമൂഹികപരിണാമ പ്രക്രിയയിലൂടെയാണ് രാഷ്ട്രം രൂപം കൊണ്ടത്
- രാഷ്ട്രം ചരിത്ര സൃഷ്ടിയാണ്

***Marks :(2)***

Hide Answer

**Qn No. 10** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**

**രാഷ്ട്രത്തിന്റെ ഘടകങ്ങളിലൊന്നായ പരമാധികാരത്തിന്റെ ആഭ്യന്തര-ബാഹ്യതലങ്ങൾ വിശദമാക്കുക. (2)**

**Hint.**

- **ആഭ്യന്തരതലം - ഭൂപ്രദേശപരിധിക്കുള്ളിൽ എല്ലാ വിഷയത്തിലും തീരുമാനമെടുക്കാനുള്ള അധികാരം**
- **ബാഹ്യതലം - അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായ തീരുമാനമെടുക്കാനുള്ള അധികാരം**


***Marks :(2)***

Hide Answer

**Qn No. 11** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**

ഡയഗ്രം നിരീക്ഷിച്ച് രാഷ്ട്രവും പൗരനും തമ്മിലുള്ള പരസ്പരബന്ധം വ്യക്തമാക്കുക.




(2)

**Hint.**

- **രാഷ്ട്രം പൗരന് അവകാശങ്ങൾ ഉറപ്പ് നൽകുന്നു**
- **പൗരൻ രാഷ്ട്രത്തോട് കടമകൾ നിർവഹിക്കേണ്ടതാണ്**

***Marks :(2)***

Hide Answer

**Qn No. 12** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**
**"രാഷ്ട്രത്തെ മറ്റ് സ്ഥാപനങ്ങളിൽനിന്നു വ്യത്യസ്തമാക്കുന്നത് പരമാധികാരമാണ് " - സമർഥിക്കുക. (3)**

**Hint.**

- **ബാഹ്യനിയന്ത്രണങ്ങളില്ലാതെ ആഭ്യന്തരവിഷയങ്ങളിൽ തീരുമാനമെടുക്കാനും അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായ നിലപാടെടുക്കാനുമുള്ള രാഷ്ട്രത്തിന്റെ പൂർണമായ അധികാരമാണ് പരമാധികാരം.**
- **പരമാധികാരം ഉണ്ടെങ്കിൽ മാത്രമെ രാഷ്ട്രം നിലവിൽ വരുകയുള്ളൂ.**
- **പരമാധികാരം രാഷ്ട്രത്തിന് മാത്രമേ ഉണ്ടാവുകയുള്ളൂ.**

***Marks :(3)***

Hide Answer

**Qn No. 13** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**
**രാഷ്ട്രീയ വിഷയങ്ങൾ ചർച്ച ചെയ്യുന്ന അരിസ്റ്റോട്ടിലിന്റെ കൃതി ഏത് ?**

**(സപ്താംഗ സിദ്ധാന്തം, ദി സോഷ്യൽ കോൺട്രാക്ട് , പൊളിറ്റിക്സ്, എത്തിക്സ്) (1)**

**Hint.**

- **പൊളിറ്റിക്സ്**

***Marks :(1)***

Hide Answer

**Qn No. 14** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**
**"യാതൊരു കാരണവശാലും പരമാധികാരത്തെ വിഭജിക്കുക സാധ്യമല്ല." രാഷ്ട്രത്തിന്റെ അവശ്യഘടകങ്ങളിലൊന്നായ പരമാധികാരത്തെക്കുറിച്ചുള്ള ഈ പ്രസ്താവന വിലയിരുത്തുക. (2)**

**Hint.**
- **രാഷ്ട്രത്തിന്റെ സമ്പൂർണവും അപരിമിതവും അവിഭാജ്യവുമായ അധികാരമാണിത്.**
- **പരമാധികാരം വിഭജിക്കപ്പെട്ടാൽ പുതിയ രാഷ്ട്രം രൂപീകരിക്കപ്പെടും.**

***Marks :(2)***

Hide Answer

**Qn No. 15** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**
**അമിതമായ ജനസംഖ്യയും കുറഞ്ഞ ജനസംഖ്യയും ഏതു വിധത്തിലാണ് രാഷ്ട്രത്തെ പ്രതികൂലമായി ബാധിക്കുകയെന്ന് വിലയിരുത്തുക. (2)**

**Hint.**
- **അമിതജനസംഖ്യ തൊഴിലില്ലായ്മക്കും ദാരിദ്ര്യത്തിനും കാരണമാകുന്നു.**
- **കുറഞ്ഞ ജനസംഖ്യ മനുഷ്യവിഭവശേഷിയുടെ ലഭ്യതക്കുറവിന് കാരണമാകുന്നു.**

***Marks :(2)***

Hide Answer

**Qn No. 16** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**
**രാഷ്ട്രം എന്ന പദം ആദ്യമായി ഉപയോഗിച്ച ചിന്തകൻ ആര്? (1)**

**Hint.**

- നിക്കോളോ മാക്യവല്ലി

***Marks :(1)***

Hide Answer

**Qn No. 17** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**
**“നിങ്ങൾ രാഷ്ട്രീയത്തിൽ സജീവമായി ഇടപെടാതിരിക്കുന്നതിന്റെ പരിണിതഫലം നിങ്ങളേക്കാൾ മോശമായവർ നിങ്ങളെ ഭരിക്കും എന്നതാണ്” എന്ന പ്ലേറ്റോയുടെ കാഴ്ചപ്പാടിന്റെ പ്രസക്തി വിലയിരുത്തുക. (2)**

**Hint.**
- **നാം പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെ മികവും മേന്മയും നമ്മൾ എങ്ങനെ സമൂഹത്തിൽ ഇടപെടുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.**
- **രാഷ്ട്രതന്ത്രശാസ്ത്രപഠനത്തിന്റെ പ്രാധാന്യത്തെയാണ് പ്ലേറ്റോ വ്യക്തമാക്കുന്നത്.**

***Marks :(2)***

Hide Answer

**Qn No. 18** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**
**രാഷ്ട്രതന്ത്രശാസ്ത്രം എന്നാലെന്ത്? രാഷ്ട്രതന്ത്രശാസ്ത്രപഠനത്തിന്റെ പ്രാധാന്യം വിശദമാക്കുക. (3)**

**Hint.**
- **രാഷ്ട്രത്തെക്കുറിച്ചും ഗവൺമെന്റിനെക്കുറിച്ചുമുള്ള പഠനമാണ് രാഷ്ട്രതന്ത്രശാസ്ത്രം (1)**
- **നാം പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെ മേന്മയും മികവും നമ്മൾ എങ്ങനെ ആ സമൂഹത്തിലെ രാഷ്ട്രീയപ്രക്രിയയിൽ ഇടപെടുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.**
- **പൊതുവായ ഏതു വിഷയത്തെയും യുക്തിപൂർവം വിശകലനം ചെയ്യാനും ക്രിയാത്മകമായി ഇടപെടാനും രാഷ്ട്രതന്ത്രശാസ്ത്രം സഹായിക്കും (1x2=2)**

***Marks :(3)***

Hide Answer

**Qn No. 19** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**

**പദസൂര്യൻ പൂർത്തിയാക്കുക.**




(3)

**Hint.**

- **പൊതുഭരണം**
- **താരതമ്യ രാഷ്ട്രീയം**
- **രാഷ്ട്രീയ സിദ്ധാന്തങ്ങൾ**

***Marks :(3)***

Hide Answer

**Qn No. 20** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**

**രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര്?** **(1)**

**Hint.**

- **അരിസ്റ്റോട്ടിൽ**

***Marks :(1)***

Hide Answer

**Qn No. 21** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**

**സ്വാഭാവിക പൗരത്വവും ആർജിത പൗരത്വവും തമ്മിലുള്ള വ്യത്യാസം എഴുതുക. (2)**

**Hint.**

- **സ്വാഭാവിക പൗരത്വം - ജന്മനാ ലഭിക്കുന്ന പൗരത്വം**
- **ആർജിത പൗരത്വം - ഒരു രാജ്യത്ത് നിലവിലുള്ള നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നേടുന്ന പൗരത്വം.**

***Marks :(2)***

Hide Answer

**Qn No. 22** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**

- **ഒരു വ്യക്തിക്ക് പൗരത്വത്തിലൂടെ ലഭിക്കുന്ന രാഷ്ട്രീയ അവകാശങ്ങൾ എഴുതുക. (3)**

**Hint.**

- **തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം**
- **വോട്ട് ചെയ്യാനുള്ള അവകാശം**
- **സംഘടനകൾ രൂപീകരിക്കാനുള്ള അവകാശം**
- **ഗവൺമെന്റിനെ വിമർശിക്കാനുള്ള അവകാശം**
- **ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കാനുള്ള അവകാശം**
  **(1 x 3 =3)**

**(ഏതെങ്കിലും മൂന്നെണ്ണം)**

***Marks :(3)***

Hide Answer

**Qn No. 23** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**
**പൗരത്വം എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്? (1)**

**Hint.**
- **ഒരു രാജ്യത്തെ പൂർണവും തുല്യവുമായ അംഗത്വം**

***Marks :(1)***

Hide Answer

**Qn No. 24** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**
**ഏറ്റവും സ്വീകാര്യമായ രാഷ്ട്രരൂപീകരണ സിദ്ധാന്തം ഏത്? (1)**

**Hint.**
- **പരിണാമ സിദ്ധാന്തം**

***Marks :(1)***

Hide Answer

**Qn No. 25** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**
**രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലകളും വിവേചനപരമായ ചുമതലകളും തമ്മിലുള്ള വ്യത്യാസമെന്ത്? (2)**

**Hint.**

- നിർബന്ധിത ചുമതല – രാഷ്ട്രം എല്ലാ കാലത്തും നിർബന്ധമായും നിർവഹിക്കേണ്ട ചുമതലകൾ
- വിവേചനപരമായ ചുമതലകൾ - രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നിർവഹിക്കേണ്ടവ

(1 x 2 = 2)


***Marks :(2)***

Hide Answer

**Qn No. 26** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**

ഫ്ലോ ചാർട്ട് പൂർത്തിയാക്കുക.




(3)

**Hint.**

- a. പരിണാമ സിദ്ധാന്തം
- b. സാമൂഹിക ഉടമ്പടി സിദ്ധാന്തം
- c. ശക്തി സിദ്ധാന്തം (1 x 3 = 3)

***Marks :(4)***

Hide Answer

**Qn No. 27** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**

**രാഷ്ട്രത്തിന്റെ നിർബന്ധിതവും വിവേചനപരവുമായ ചുമതലകളിൽ രണ്ടെണ്ണം വീതം പട്ടികപ്പെടുത്തുക. (4)**

**Hint.**

- **നിർബന്ധിതം**

  **1. അതിർത്തി സംരക്ഷണം**

  **2. ആഭ്യന്തര സമാധാനം**

  **3. അവകാശ സംരക്ഷണം**

  **4. നീതി നടപ്പാക്കൽ (1 x 2 = 2)**

- **വിവേചനപരം**

  **1. ആരോഗ്യസംരക്ഷണം നൽകുക**

  **2. വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുക**

  **3. ക്ഷേമപദ്ധതികൾ നടപ്പാക്കുക**

  **4. ഗതാഗത സൗകര്യം ഒരുക്കുക (1 x 2 = 2)**

***Marks :(4)***


Hide Answer

**Qn No. 28** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**

**പദസൂര്യൻ പൂർത്തിയാക്കുക**

പദസൂര്യൻ പൂർത്തിയാക്കുക.




**Hint.**

- തൊഴിലവസരങ്ങൾ വർധിപ്പിക്കുക
- വികസന പദ്ധതികൾ നടപ്പാക്കുക (1 x 2 = 2)

***Marks :(2)***

Hide Answer

**Qn No. 29** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**

രാഷ്ട്രത്തിന്റെ അവശ്യഘടകങ്ങളിലൊന്നാണ് പരമാധികാരം. പരമാധികാരം എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്? ഇതിന്റെ രണ്ട് തലങ്ങൾ ഏതൊക്കെ? (3)

**Hint.**

- പരമാധികാരം- ബാഹ്യനിയന്ത്രണമില്ലാതെ ആഭ്യന്തര വിഷയങ്ങളിൽ തീരുമാനമെടുക്കാനും അന്തർ ദേശീയ വിഷയങ്ങളിൽ സ്വന്തമായ നിലപാടെടുക്കാനുമുള്ള പൂർണമായ അധികാരം. (1 )
- തലങ്ങൾ

  1. ആഭ്യന്തരതലം

2. ബാഹ്യതലം (1 x 2 = 2)

***Marks :(3)***

Hide Answer

**Qn No. 30** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**

രാഷ്ട്രത്തിന്റെ അവശ്യഘടകങ്ങളായ ജനങ്ങൾ, ഭൂപ്രദേശം എന്നിവയുടെ സവിശേഷതകൾ പട്ടിക പ്പെടുത്തുക. (4)

**Hint.**

- ജനങ്ങൾ

  1. പൊതുവായ ദേശീയതയെ അടിസ്ഥാനമാക്കി ഒത്തൊരുമിച്ച് ജീവിക്കുന്നു.

  2. ഒരു രാജ്യത്തുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ജനസംഖ്യ എത്രയെന്നോ ഏറ്റവും കൂടിയ ജനസംഖ്യ എത്രയെന്നോ നിർവചിക്കപ്പെട്ടിട്ടില്ല. (1 x 2 = 2)

- ഭൂപ്രദേശം

  1. കൃത്യമായ അതിർത്തികൾ ഉണ്ടായിരിക്കും.

  2. അതിർത്തിക്കുള്ളിൽ വരുന്ന കരയും ജലമേഖലയും വായുമേഖലയും തീരപ്രദേശങ്ങളും ഭൂപ്രദേശത്തിന്റെ ഭാഗമാണ്. (1 x 2 = 2)

***Marks :(4)***

Hide Answer

**Qn No. 31** ***Chapter Name:രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും***

**Qn.**

എ കോളത്തിനോട് യോജിച്ചവ ബി കോളത്തിൽനിന്ന് എടുത്തെഴുതുക.

| എ | ബി |
|---|---|
| ദൈവദത്ത സിദ്ധാന്തം | ശക്തരായവർ ദുർബലരുടെമേൽ ആധിപത്യം സ്ഥാപിച്ച് രൂപംകൊണ്ടു |
| പരിണാമ സിദ്ധാന്തം | രാഷ്ട്രം കരാറിലൂടെ നിലവിൽ വന്നു |

| | |
|---|---|
| സാമൂഹിക ഉടമ്പടി സിദ്ധാന്തം | രാഷ്ട്രം ദൈവസൃഷ്ടി |
| ശക്തിസിദ്ധാന്തം | രാഷ്ട്രം ചരിത്രസൃഷ്ടി |

**(4)**

**Hint.**

- ദൈവദത്ത സിദ്ധാന്തം - രാഷ്ട്രം ദൈവസൃഷ്ടി
- പരിണാമ സിദ്ധാന്തം - രാഷ്ട്രം ചരിത്രസൃഷ്ടി
- സാമൂഹിക ഉടമ്പടി സിദ്ധാന്തം - രാഷ്ട്രം കരാറിലൂടെ നിലവിൽ വന്നു
- ശക്തിസിദ്ധാന്തം - ശക്തരായവർ ദുർബലരുടെമേൽ ആധിപത്യം സ്ഥാപിച്ച് രൂപംകൊണ്ടു

***Marks :(4)***

Hide Answer

PRINT

Qn No. 1 ***Chapter Name:പൗരബോധം***

**Qn.**

**“എല്ലാവരും നിയമവിധേയരാണ്” - ഈ പ്രസ്താവന ജനാധിപത്യത്തിലെ ഏത് ആശയത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.**

**Hint.**

നിയമവാഴ്ച

***Marks :(1)***

Hide Answer

**Qn No. 2** ***Chapter Name:പൗരബോധം***

**Qn.**

**ചുവടെ ചേർത്തിരിക്കുന്ന സൂചനകൾ പൗരബോധ രൂപീകരണത്തിൽ ഏതു ഘടകത്തോടു ബന്ധപ്പെട്ടിരിക്കുന്നു എന്ന് രേഖപ്പെടുത്തുക. (4)**

- **a) കർത്തവ്യബോധം - വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നു**
- **b) മൂല്യാധിഷ്ഠിത സമീപനത്തിലൂടെ പൗരബോധം വളർത്തുന്നു**
- **c) സേവനസന്നദ്ധതയോടെ പ്രവർത്തിക്കാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നു**
- **d) നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണം**

**Hint.**

- 
  - **a കുടുംബം**
  - **b വിദ്യാഭ്യാസം**
  - **c സംഘടനകൾ**
  - **d മാധ്യമങ്ങൾ**

***Marks :(4)***

Hide Answer

**Qn No. 3** ***Chapter Name:പൗരബോധം***

**Qn.**

**ഹജ്ജബ്ബ,മയിലമ്മ തുടങ്ങിയവരിൽ പൗരബോധം വളർത്താനിടയാക്കിയ പ്രതികൂലവും വെല്ലുവിളികൾ നിറഞ്ഞതുമായ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു?**

**Hint.**

**ഹജ്ജബ്ബ- തനിക്ക് വിദ്യാഭ്യാസം ലഭിക്കാതെ പോയ അവസ്ഥ**

**മയിലമ്മ - ബഹുരാഷ്ട്ര കമ്പനിയുടെ ജലചൂഷണം**

***Marks :(2)***

Hide Answer

**Qn No. 4** ***Chapter Name:പൗരബോധം***

**Qn.**

**മനുഷ്യന്റെ ചിന്തയെയും പ്രവർത്തനത്തെയും രൂപപ്പെടുത്തുന്ന ഒരു ഘടകമാണ് രാഷ്ട്രീയ വ്യവസ്ഥ. മറ്റു രണ്ടു ഘടകങ്ങൾകൂടി എഴുതുക.**

**Hint.**

- **കുടുംബം**
- **വിദ്യാഭ്യാസം**
- **സാമൂഹിക വ്യവസ്ഥ**
- **സംഘടനകൾ ( 2 എണ്ണം - 1 സ്കോർ വീതം)**

***Marks :(2)***

Hide Answer

**Qn No. 5** ***Chapter Name:പൗരബോധം***

**Qn.**

**ചില സാമുഹ്യപ്രശ്നങ്ങളും പരിഹാരമാർഗങ്ങളും ചുവടെ ചേർത്തിരിക്കുന്നു. യോജിക്കുന്നവ ചേർത്തെഴുതുക.**

**ജലക്ഷാമം - പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കൽ**

**പരിസര മലിനീകരണം - പരാതിപ്പെടൽ**

അഴിമതി - മഴക്കുഴികൾ നിർമിക്കൽ

**Hint.**

- ജലക്ഷാമം- മഴക്കുഴികൾ നിർമിക്കൽ

  പരിസര മലിനീകരണം -പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കൽ

  അഴിമതി -പരാതിപ്പെടൽ

***Marks :(3)***

Hide Answer

**Qn No. 6** ***Chapter Name:പൗരബോധം***

**Qn.**

പൗരബോധം വളർത്തുന്നതിലൂടെ രാജ്യവും സമൂഹവും ലക്ഷ്യമാക്കുന്നതെന്ത്?

**Hint.**

- എല്ലാവരുടെയും ക്ഷേമം ഉറപ്പാക്കൽ
- സമൂഹത്തിന്റെ പുനർനിർമാണം
- രാഷ്ട്രപുരോഗതിയും ഐക്യവും

***Marks :(3)***

Hide Answer

**Qn No. 7** ***Chapter Name:പൗരബോധം***

**Qn.**

പൗരബോധമില്ലെങ്കിൽ സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രവർത്തനം തെരഞ്ഞെടുത്തെഴുതുക.

(നിസ്വാർഥ പ്രവർത്തനം, എല്ലാവരുടെയും ക്ഷേമം ഉറപ്പാക്കൽ,
എല്ലാ പ്രവർത്തനങ്ങളും സ്വന്തം നേട്ടത്തിനുവേണ്ടി, സമൂഹ പുനർനിർമാണ പ്രവർത്തനം)

**Hint.**

എല്ലാ പ്രവർത്തനങ്ങളും സ്വന്തം നേട്ടത്തിനുവേണ്ടി

***Marks :(1)***

Hide Answer

**Qn No. 8** ***Chapter Name:പൗരബോധം***

**Qn.**

- ചുവടെ ചേർത്തിരിക്കുന്നതിൽ പൗരബോധത്തിൽ ഉൾപ്പെടുത്താൻ കഴിയാത്തതേത്?

  (മൂല്യബോധം, സ്വാർത്ഥത, സേവന സന്നദ്ധത, ക്രിയാത്മക പ്രവർത്തനം)

**Hint.**

- ◦ സ്വാർത്ഥത

***Marks :(1)***

Hide Answer

**Qn No. 9** ***Chapter Name:പൗരബോധം***

**Qn.**

'മാധ്യമങ്ങളിൽനിന്നു ലഭിക്കുന്ന വിവരങ്ങൾ വിമർശനാത്മകമായി വിലയിരുത്തണം' - സാധൂകരിക്കുക.

**Hint.**

- മാധ്യമപ്രവർത്തനം നിഷ്പക്ഷവും സ്വതന്ത്രവും ആകണമെന്നില്ല
- ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങൾ നൽകണമെന്നില്ല

***Marks :(2)***

Hide Answer

**Qn No. 10** ***Chapter Name:പൗരബോധം***

**Qn.**
**ചുവടെ ചേർത്തിരിക്കുന്ന വിവിധ മാർഗങ്ങളിലൂടെ പൗരബോധ രൂപീകരണത്തിലേക്ക് സമൂഹത്തെ എങ്ങനെ നയിക്കാമെന്ന് വിശദീകരിക്കുക. (6)**

- **കുടുംബം**
- **വിദ്യാഭ്യാസം**
- **മാധ്യമങ്ങൾ**

---

**Hint.**

- ***കുടുംബം***
  - **വ്യക്തിത്വരൂപീകരണത്തിൽ പങ്കു വഹിക്കുന്നു. മുതിർന്നവരെ ബഹുമാനിക്കാനും സമൂഹ സേവനത്തിലേർപ്പെടാനും പഠിപ്പിക്കുന്നു.**
  - **അംഗങ്ങളിൽ കർത്തവ്യബോധം വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നു.**
  - **ഓരോ വ്യക്തിയും കുടുംബത്തിനുവേണ്ടിയും കുടുംബം സമൂഹത്തിനുവേണ്ടിയുമാണെന്ന ബോധം വളർത്തന്നു.**

- ***വിദ്യാഭ്യാസം***
  - **അറിവ് സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു**
  - **മൂല്യബോധം, സഹിഷ്ണുത, നേതൃത്വഗുണം, പരിസ്ഥിതിബോധം, ശാസ്ത്രാവബോധം തുടങ്ങിയവ വളർത്തുന്നു**
  - **മൂല്യാധിഷ്ഠിത സമീപനത്തിലൂടെ പൗരബോധം വളർത്താനും ശാസ്ത്രവും സാങ്കേതികവിദ്യയും സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താനും കഴിയുന്നു.**

- ***മാധ്യമങ്ങൾ***
  - **അച്ചടിമാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും സമൂഹത്തെ വളരെയധികം സ്വാധീനിക്കുന്നു**
  - **ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങൾ ക്രിയാത്മകമായ ആശയരൂപീകരണത്തിലേക്ക് നയിക്കുന്നു.**
  - **മാധ്യമങ്ങൾ നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണം. അതിന് മാധ്യമങ്ങളിൽനിന്നും ലഭിക്കുന്ന അറിവുകൾ വിമർശനാത്മകമായി വിലയിരുത്തണം**

***Marks :(6)***

Hide Answer

**Qn No. 11** ***Chapter Name:പൗരബോധം***

**Qn.**

സാമൂഹ്യശാസ്ത്രപഠനത്തെ പൗരബോധ രൂപീകരണത്തിന് എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് വ്യക്തമാക്കുക.

**Hint.**

- 
    - വൈവിധ്യങ്ങളെ ബഹുമാനിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും വ്യക്തികളെ പ്രാപ്തരാക്കുന്നു
    - രാഷ്ട്രീയ – സാമൂഹിക – സാമ്പത്തിക – പാരിസ്ഥിതിക പ്രശ്നങ്ങളുടെ വിവിധ പശ്ചാത്തലങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നു.
    - വിവിധ പ്രശ്നങ്ങൾക്കു സമഗ്രമായ പരിഹാരം നിർദ്ദേശിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു.
    - സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കുന്നു
    - പൗരബോധത്തിന്റെ ഉത്തമ മാതൃകകളും പ്രവർത്തനങ്ങളും പരിചയപ്പെടുത്തി വ്യക്തികളെ പൗരബോധമുള്ളവരാക്കുകയും കർമനിരതരാക്കുകയും ചെയ്യുന്നു


(ഏതെങ്കിലും 4 എണ്ണം - 1 സ്കോർ വീതം)


***Marks :(4)***

Hide Answer

**Qn No. 12** ***Chapter Name:പൗരബോധം***

**Qn.**




പൗരബോധം നേരിടുന്ന വെല്ലുവിളികളാണ് മുകളിൽ സുചിപ്പിച്ചിരിക്കുന്നത്. ഈ വെല്ലുവിളികളെ അതിജീവീക്കാൻ കഴിയുന്ന ഏതെങ്കിലും നാലു മാർഗ്ഗങ്ങൾ എഴുതുക

**Hint.**

- ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക
- പൊതു താല്പര്യങ്ങൾ ഹനിക്കാതെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുക

- മറ്റുള്ളവരിൽ നിന്നും പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽനിന്നും തുടങ്ങുക
- ജനാധിപത്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക
- അവകാശങ്ങൾക്കും ചുമതലകൾക്കും തുല്യപരിഗണന നൽകുക

***Marks :(4)***

Hide Answer

**Qn No. 13** ***Chapter Name:പൗരബോധം***

**Qn.**
പൗരബോധം വളർത്തുന്നതിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിശദീകരിക്കുക

**Hint.**
വിവിധ വിഷയങ്ങളുടെ പഠനത്തിലൂടെ ലഭിക്കുന്ന അറിവുകൾ സമൂഹത്തിനു പ്രയോജനകരമായ വിധത്തിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു.

മൂല്യബോധം, സഹിഷ്ണുത, നേതൃത്വഗുണം, പരിസ്ഥിതിബോധം, ശാസ്ത്രാവബോധം തുടങ്ങിയവ വളർത്തിയെടുക്കുന്നു.

ശാസ്ത്രസാങ്കേതികവിദ്യ സമുഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ പരിശീലിപ്പിക്കുന്നു.

മൂല്യാധിഷ്ഠിത വിദ്യാഭ്യാസ സമീപനത്തിലൂടെ പൗരബോധം വളർത്തുന്നു.

***Marks :(4)***

Hide Answer

**Qn No. 14** ***Chapter Name:പൗരബോധം***

**Qn.**
വ്യക്തിത്വ രൂപീകരണത്തിലും പൗരബോധം വളർത്തുന്നതിലും കുടുംബത്തിന്റെ പങ്ക് വിശദീകരിക്കുക.

**Hint.**
- മുതിർന്നവരെ ബഹുമാനിക്കാനും സാമൂഹ്യസേവനത്തിലേർപ്പെടാനും പഠിപ്പിക്കുന്നു
- കർത്തവ്യബോധം വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നു

- ഓരോ വ്യക്തിയും കുടുംബത്തിനുവേണ്ടിയും കുടുംബം സമൂഹത്തിനുവേണ്ടുയുമാണെന്ന ബോധ്യം വളർത്തിയെടുക്കുന്നു.

***Marks :(3)***

Hide Answer

**Qn No. 15** ***Chapter Name:പൗരബോധം***

**Qn.**

**പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങളിലൊന്നാണ് കുടുംബം.**

**മറ്റു രണ്ടു ഘടകങ്ങൾ എഴുതുക.**

**Hint.**

വിദ്യാഭ്യാസം

സാമൂഹിക വ്യവസ്ഥ

രാഷ്ട്രീയ വ്യവസ്ഥ (ഏതെങ്കിലും രണ്ടെണ്ണം)

***Marks :(2)***

Hide Answer

**Qn No. 16** ***Chapter Name:പൗരബോധം***

**Qn.**

**പൗരബോധത്തിന്റെ അടിസ്ഥാനമെന്ത്?**

**Hint.**

**ഓരോരുത്തരുടെയും പ്രവർത്തനങ്ങൾ സമൂഹ നന്മയ്ക്കുവേണ്ടിയാകുമ്പോൾ സമൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന തിരിച്ചറിവ്.**

***Marks :(2)***

Hide Answer

**Qn No. 17** *Chapter Name:പൗരബോധം*

**Qn.**

എല്ലാ രാജ്യങ്ങളും സമുഹവും പൗരബോധം വളർത്തുന്നതിൽ വലിയ പ്രാധാന്യം കൽപ്പിക്കുന്നു. അതിനു പ്രേരകമാകുന്ന വസ്തുതകൾ എഴുതുക

**Hint.**

- എല്ലാവരുടെയും ക്ഷേമം ഉറപ്പാക്കുന്നതിനും സമൂഹത്തിന്റെ പുനർനിർമാണത്തിനും
- രാഷ്ട്രപൂരോഗതിക്കും ഐക്യത്തിനും

***Marks :(2)***

Hide Answer

**Qn No. 18** *Chapter Name:പൗരബോധം*

**Qn.**

പൊതുസമൂഹം നേരിടുന്ന ചില പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു. അവയ്ക്കുള്ള ഓരോ പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുക.

a. ജലക്ഷാമം    b. പരിസരമലിനീകരണം    c. അഴിമതി

**Hint.**

**a**

- കാര്യക്ഷമതയോടെയുള്ള ഉപയോഗം
- മഴവെള്ള സംഭരണം
- നീർത്തട സംരക്ഷണം

**b**

- ഉറവിട മാലിന്യ സംസ്കരണം
- മരങ്ങൾ വെച്ചുപിടിപ്പിക്കൽ
- പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കൽ

**c**

- അഴിമതിക്കെതിരായ ബോധവത്ക്കരണം
- പരാതിപ്പെടൽ
- കാര്യസാധ്യത്തിന് നിയമപരമായ മാർഗങ്ങൾ സ്വീകരിക്കൽ

***Marks :(3)***

Hide Answer

**Qn No. 19** ***Chapter Name:പൗരബോധം***

**Qn.**

കല്ലേൻ പൊക്കുടൻ, ഹജ്ജബ്ബ തുടങ്ങിയവരുടെ പ്രവർത്തനങ്ങളിൽ കാണാൻ കഴിയുന്ന ഏതെങ്കിലും നാലു പ്രധാന സവിശേഷതകൾ എഴുതുക.

**Hint.**

- സാമൂഹിക പ്രതിബദ്ധത
- മൂല്യബോധം
- നിസ്വാർത്ഥത
- സേവനസന്നദ്ധത
- വ്യത്യസ്ഥ ചിന്ത
- സമൂഹത്തിന്റെയും സഹജീവികളുടെയും പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം
- ക്രിയാത്മക മനോഭാവം

***Marks :(4)***

Hide Answer

**Qn No. 20** ***Chapter Name:പൗരബോധം***

**Qn.**

പൗരബോധവും ധാർമികതയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുക.

**Hint.**

- പൗരബോധം ക്രിയാത്മകമായൊരു മാനസികാവസ്ഥയാണ്
- അത് വളർത്തിയെടുക്കാനുള്ള ഫലപ്രദമായൊരു മാർഗം ജീവിതത്തിന്റെ എല്ലാ മേഖലകളിലും ധാർമികബോധം വളർത്തി എടുക്കുക എന്നതാണ്.

***Marks :(2)***

Hide Answer

**Qn No. 21** ***Chapter Name:പൗരബോധം***

**Qn.**
**ധാർമികത എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?**

Show Answer

**Qn No. 22** ***Chapter Name:പൗരബോധം***

**Qn.**
**പൗരബോധം വളർത്തിയെടുക്കുന്നതിന് വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന ഏതെങ്കിലും രണ്ടു പ്രവർത്തനങ്ങൾ എഴുതുക**

**Hint.**
- - ജൈവ കൃഷി
  - ട്രാഫിക് ബോധവത്ക്കരണം
  - ലഹരി വിരുദ്ധ പ്രവർത്തനം
  - ജീവകാരുണ്യ പ്രവർത്തനങ്ങൾ

***Marks :(2)***

Hide Answer

**Qn No. 23** ***Chapter Name:പൗരബോധം***

**Qn.**
**'പൗരബോധം വളർത്തിയെടുക്കുന്നതിന് സഹായിക്കുന്ന എല്ലാ ഘടകങ്ങളുടെയും അടിസ്ഥാനം ജനാധിപത്യമാണ്.' ഈ പ്രസ്താവന സാധൂകരിക്കുക.**

**Hint.**
- ജനാധിപത്യം ഒരു ഭരണക്രമം എന്നതിലുപരി ഒരു ജീവിതശൈലിയാണ്
- ജനങ്ങളെ പരസ്പരസഹകരണത്തോടെ ജീവിക്കാൻ പ്രേരിപ്പിക്കുന്നു

- മറ്റുള്ളവരിൽനിന്നും സ്വീകരിക്കുന്ന സഹകരണവും പിന്തുണയും തിരികെ നൽകുകയെന്ന ഉയർന്ന ബോധം വളർത്തുന്നു
- ജനാധിപത്യം സഹജീവികളെക്കുറിച്ച് ചിന്തിക്കാനും അവരുടെ സ്വാതന്ത്ര്യം, സമത്വം, അവകാശം എന്നിവ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കാനും പ്രേരിപ്പിക്കുന്നു.

*Marks :(4)*

Hide Answer

**Qn No. 24** *Chapter Name:പൗരബോധം*

**Qn.**
വിവിധ മാധ്യമങ്ങളിലൂടെയുള്ള വിവരവിനിമയം പൗരബോധരൂപീകരണത്തിൽ എന്തുസ്വാധീനമാണ് ചെലുത്തുന്നത്?

**Hint.**
ക്രിയാത്മകമായ ആശയ രൂപീകരണത്തിന് സഹായിക്കുന്നു.

*Marks :(1)*

Hide Answer

**Qn No. 25** *Chapter Name:പൗരബോധം*

**Qn.**
പൗരബോധം എന്ന ആശയം വ്യക്തമാക്കുക.

**Hint.**
ഓരോ പൗരനും സമൂഹത്തിനു വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമ താല്പര്യങ്ങളാണ് പൗരന്റേതെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം.

*Marks :(2)*

Hide Answer

**Qn No. 26** *Chapter Name:പൗരബോധം*

**Qn.**

കല്ലേൻ പൊക്കുടന്റെയും ഹജ്ജുബ്ബയുടെയും പ്രവർത്തനത്തിലൂടെ എന്തു സന്ദേശമാണ് സമൂഹത്തിന് ലഭിക്കുന്നത്?

**Hint.**

- സാധാരണ വ്യക്തികൾക്കുപോലും വളരെ ശക്തമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയും.
- വ്യത്യസ്തമായ ചിന്ത,നിസ്വാർത്ഥ പ്രവർത്തനം, സമൂഹത്തിന്റെയും സഹജീവികളുടെയും പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം, സേവനസന്നദ്ധത എന്നിവ എല്ലാ പൗരന്മാർക്കും ഉണ്ടാകണം.

*Marks :(2)*

Hide Answer

**Qn No. 27** *Chapter Name:പൗരബോധം*

**Qn.**

വ്യക്തിത്വവികസനത്തിലും പൗരബോധം വളർത്തുന്നതിലും സംഘടനകൾ വഹിക്കുന്ന പങ്ക്

വ്യക്തമാക്കുക.

**Hint.**

സേവന സന്നദ്ധതയോടെ പ്രവർത്തിക്കാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നു.

അധികാരവും അവകാശങ്ങളും ലഭ്യമാക്കി ജനങ്ങളെ ശാക്തീകരിക്കുന്നു.

ഓരോ വ്യക്തിയുടെയും ചിന്തയെയും പ്രവർത്തനങ്ങളെയും രൂപപ്പെടുത്തുന്നു.

ദേശീയബോധവും പൗരബോധവും വളർത്തുന്നു.

പാരിസ്ഥിതിക അവബോധവും മനുഷ്യാവകാശബോധവും സൃഷ്ടിക്കുന്നു.

(ഏതെങ്കിലും 4 എണ്ണം, 1 സ്കോർ വീതം)

*Marks :(4)*

Hide Answer

PRINT

Qn No. 1 ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**

**സമൂഹശാസ്ത്രത്തിന്റെ പ്രയോഗക്ഷമത ഉപയോഗപ്പെടുത്താൻ കഴിയുന്ന ഏതെങ്കിലും നാലു മേഖലകൾ ലിസ്ററ് ചെയ്യുക. (4)**

**Hint.**

- **ഭരണ-ആസൂത്രണ മേഖലകൾ**
- **വാണിജ്യം**
- **നഗരാസൂത്രണം**
- **സാമൂഹിക ക്ഷേമം**
- **പരസ്യം**
- **വാർത്താവിനിമയം**
- **വിദ്യാഭ്യാസ പ്രവർത്തനങ്ങൾ**

***Marks :(4)***

Hide Answer

**Qn No. 2** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**

**നിരീക്ഷണവും അഭിമുഖവും തമ്മിലുള്ള വ്യത്യാസമെന്ത്?**

**(ഏതെങ്കിലും 2 എണ്ണം വീതം - 1 സ്കോർ വീതം)**

**Hint.**

1. ***നിരീക്ഷണം***
   - **കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്നു.**
   - **നേരിട്ട് വിവരങ്ങൾ ശേഖരിച്ച് വിലയിരുത്തുന്നു.**
   - **പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ചോ പുറത്തുനിന്നോ പഠനം നടത്തുകയും അവരുടെ ഭാഷ, സംസ്കാരം എന്നിവ ഗവേഷകൻ പഠിക്കുകയും ചെയ്യുന്നു.**

1. **അഭിമുഖം**

വാമൊഴിയായി വിവരം ശേഖരിക്കുന്നു

ഗവേഷകനും പ്രതികർത്താവും തമ്മിലുള്ള സംഭാഷണമാണ്

വ്യക്തികളുടെ മനോഭാവം ,കാഴ്ചപ്പാട്,വിശ്വാസം,ജീവിതചര്യ തുടങ്ങിയ കാര്യങ്ങൾ സൂക്ഷ്മതലങ്ങളിൽ അറിയുകയും വിശകലനം നടത്തുകയും ചെയ്യുന്നു.

***Marks :(4)***

Hide Answer

**Qn No. 3** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**
**ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ സമൂഹശാസ്ത്രത്തിലെ ഏതെല്ലാം പഠനരീതികളുമായി ബന്ധപ്പെട്ടതാണെന്നു എഴുതുക.**

a) അപൂർവവും വേറിട്ടതുമായ സാമൂഹിക പ്രതിഭാസങ്ങളെക്കുറിച്ചുള്ള പഠനം

b) ഗവേഷകനും പ്രതികർത്താവും തമ്മിലുള്ള സംഭാഷണം

c) കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്നത്.

d) വലിയ ഒരു വിഭാഗം ജനങ്ങളിൽനിന്ന് വിവരം ശേഖരിക്കുന്നത്.

**Hint.**

- a) കേസ് സ്റ്റഡി
- b) അഭിമുഖം
- c) നിരീക്ഷണം
- d) സോഷ്യൽ സർവേ

***Marks :(4)***

Hide Answer

**Qn No. 4** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**
**താഴെ കൊടുത്തിരിക്കുന്ന പഠനരീതികൾ സമൂഹശാസ്ത്രത്തിൽ വിവരശേഖരണത്തിനും വിശകലനത്തിനും എങ്ങനെ പ്രയോജനപ്പെടുന്നുവെന്ന് വിവരിക്കുക**

സോഷ്യൽ സർവേ,

നിരീക്ഷണം,

കേസ് സ്റ്റഡി

**Hint.**

***<u>സോഷ്യൽ സർവേ</u>***

- **സാമൂഹ്യ വിഷയങ്ങൾ പഠിക്കാൻ ഏറ്റവും അനുയോജ്യമായ പഠനരീതിയാണ്**
- **തെരഞ്ഞെടുത്ത ഒരു സംഘം ജനങ്ങളിൽനിന്ന് ശേഖരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പഠനവിഷയത്തെക്കുറിച്ച് സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കാൻ സഹായിക്കുന്നു**
- **പഠനവിധേയമാക്കുന്ന മൊത്തം വ്യക്തികളിൽനിന്ന് വിവരം ശേഖരിക്കാറില്ല**
- **തെരഞ്ഞെടുത്ത നിശ്ചിത എണ്ണം ആളുകളിൽനിന്നാണ് വിവരശേഖരണം നടത്തുന്നത്. ഇതിനെ സാമ്പിൾ സർവേ എന്നു വിളിക്കുന്നു.**

***<u>നിരീക്ഷണം</u>***

- **കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതിയാണിത്.**
- **വിവരശേഖരണരീതിയെ അടിസ്ഥാനമാക്കി പങ്കാളിത്ത നിരീക്ഷണം - പങ്കാളിത്തരഹിത നിരീക്ഷണം എന്നിങ്ങനെ തിരിക്കാം.**
- **ഗവേഷകർ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് അവരുടെ ജീവിതത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്ന രീതിയാണ് പങ്കാളിത്ത നിരീക്ഷണം. അതിനായി അവരുടെ ഭാഷ, സംസ്കാരം എന്നിവ പഠിക്കുന്നതാണ് ഫീൽഡ് വർക്ക് .**
- **പങ്കാളിത്തരഹിത നിരീക്ഷണത്തിൽ സമൂഹശാസ്ത്രജ്ഞൻ പഠനസംഘത്തിൽ താമസിക്കുന്നില്ല. പകരം പുറത്തുനിന്ന് നിരീക്ഷണം നടത്തുന്നു.**

***<u>കേസ് സ്റ്റഡി</u>***

- **അപൂർവവും വേറിട്ടതുമായ പ്രതിഭാസങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും ആഴത്തിൽ പഠിക്കുന്നു.**
- **പഠനവിധേയമാക്കുന്ന വിഷയത്തെ കേസ് എന്നു പറയുന്നു. കേസിനെക്കുറിച്ചുള്ള വിശദമായ പഠനമാണ് കേസ് സ്റ്റഡി.**
- **പഠനങ്ങൾ പൂർണവും സമഗ്രവുമായിരിക്കും.**


***Marks :(6)***

Hide Answer

**Qn No. 5** *Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?*

**Qn.**

പദസൂര്യൻ പൂർത്തിയാക്കുക




**Hint.**

- സാമൂഹിക സംഘങ്ങൾ
- സാമൂഹിക ബന്ധങ്ങൾ
- സാമൂഹീകരണം
- സാമൂഹിക നിയന്ത്രണം
- സമുദായങ്ങൾ
- സാമൂഹിക മാറ്റം (ഏതെങ്കിലും 2 എണ്ണം - 1 സ്കോർ വീതം)

*Marks :(2)*

Hide Answer

**Qn No. 6** *Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?*

**Qn.**

സമൂഹശാസ്ത്ര വിവരശേഖരണത്തിൽ കേസ് സ്റ്റഡിയ്ക്കുള്ള പ്രാധാന്യം എഴുതുക.

**Hint.**

- അപൂർവവും വേറിട്ടതുമായ സാമൂഹികപ്രതിഭാസങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും ആഴത്തിൽ പഠിക്കുന്നു. (1)
- പഠനങ്ങൾ സൂക്ഷ്മവും സമഗ്രവുമായിരിക്കും. (1)

***Marks :(2)***

Hide Answer

**Qn No. 7** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**

പങ്കാളിത്ത നിരീക്ഷണവും പങ്കാളിത്തരഹിത നിരീക്ഷണവും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസമെന്ത്?

**Hint.**

- പങ്കാളിത്ത നിരീക്ഷണത്തിൽ സമൂഹശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് അവരുടെ ജീവിതത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്നു. (1)
- പങ്കാളിത്തരഹിത നിരീക്ഷണത്തിൽ സമൂഹശാസ്ത്രജ്ഞൻ പഠനസംഘത്തിൽ താമസിക്കുന്നതിനു പകരം പുറത്തുനിന്ന് നിരീക്ഷണം നടത്തുന്നു. (1)

***Marks :(2)***

Hide Answer

**Qn No. 8** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**

പങ്കാളിത്തനിരീക്ഷണം എന്ന പഠനരീതിയുടെ സവിശേഷതകൾ വിശദമാക്കുക.

**Hint.**

- നിരീക്ഷകൻ പഠനമേഖലയിൽനിന്ന് നേരിട്ട് വിവരം ശേഖരിക്കുന്നു. (1)
- പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് അവരുടെ ജീവിതത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്നു. (1)
- അവരുടെ ഭാഷ, സംസ്കാരം എന്നിവ പഠിക്കുകയും അവരുടെ ദൈനംദിന ജീവിതത്തിൽ പങ്കാളിയാവുകയും ചെയ്യുന്നു. (1)
- പ്രകടമല്ലാത്ത പെരുമാറ്റരീതികൾവരെ പഠനവിധേയമാക്കാൻ കഴിയുന്നു. (1)

***Marks :(4)***

Hide Answer

**Qn No. 9** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**

വിവിരശേഖരണ രീതിയെ അടിസ്ഥാനമാക്കി നിരീക്ഷണത്തെ എങ്ങനെ തരംതിരിക്കാം.

**Hint.**

- പങ്കാളിത്ത നിരീക്ഷണം (1)
- പങ്കാളിത്തരഹിത നിരീക്ഷണം (1)

***Marks :(2)***

Hide Answer

**Qn No. 10** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**

സമൂഹശാസ്ത്രപഠനത്തിലെ അടിസ്ഥാനരീതിയായ നിരീക്ഷണത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക

**Hint.**

- അഭിമുഖംപോലുള്ള രീതികൾ പ്രായോഗികമല്ലാത്ത സന്ദർഭങ്ങളിൽപ്പോലും പ്രയോഗിക്കാം
- കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതിയാണ്
- വിവരങ്ങൾ നേരിട്ട് ശേഖരിക്കുന്നതിനാൽ കൃത്യമായ വിലയിരുത്തലിന് സഹായിക്കുന്നു

***Marks :(3)***

Hide Answer

**Qn No. 11** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**

**അഭിമുഖവും ചോദ്യാവലിയും തമ്മിലുള്ള ഏതെങ്കിലും രണ്ടു വ്യത്യാസങ്ങൾ എഴുതുക.**

**Hint.**

***അഭിമുഖം***

- ഗവേഷകനും പ്രതികർത്താവും തമ്മിലുള്ള സംഭാഷണം
- വ്യക്തികളുടെ മനോഭാവം, കാഴ്ചപ്പാട്, വിശ്വാസം, ജീവിതചര്യ തുടങ്ങിയ കാര്യങ്ങൾ സൂക്ഷ്മതലങ്ങളിൽ അറിയുന്നതിനും വിശകലനം ചെയ്യുന്നതിനും
- വിവരങ്ങൾ വാമൊഴിയായി ശേഖരിക്കുന്നു
- ഗവേഷകൻ വിവരങ്ങൾ രേഖപ്പെടുത്തുന്നു

***ചോദ്യാവലി***

- പ്രതികർത്താക്കൾക്ക് ചോദ്യാവലി നൽകികൊണ്ട് വിവരശേഖരണം നടത്തുന്നു
- പ്രതികർത്താക്കൾ പൂരിപ്പിച്ചു നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഠനം നടത്തുന്നു
- വിവരങ്ങൾ രേഖപ്പെടുത്തി നൽകുന്നു
- പ്രതികർത്താക്കൾ വിവരങ്ങൾ രേഖപ്പെടുത്തുന്നു (2+2=4)

***Marks :(4)***

Hide Answer

**Qn No. 12** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**

**സമൂഹശാസ്ത്രപഠനത്തിൽ വാമൊഴിയായി വിവരം ശേഖരിക്കുന്ന രീതി ഏത്?**

**(സോഷ്യൽ സർവേ, നിരീക്ഷണം, അഭിമുഖം, ഫീൽഡ് വർക്ക്)**

**Hint.**

- - അഭിമുഖം

***Marks :(1)***

Hide Answer

**Qn No. 13** *Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?*

**Qn.**
സമൂഹശാസ്ത്രത്തിൽ പഠനവിധേയമാക്കുന്ന സംഘം ഏതുപേരിൽ അറിയപ്പെടുന്നു?

- (സാമൂഹ്യസംഘങ്ങൾ, പ്രതികർത്താക്കൾ, വ്യക്തികൾ, ഗവേഷകർ)

**Hint.**

- പ്രതികർത്താക്കൾ

*Marks :(1)*

Hide Answer

**Qn No. 14** *Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?*

**Qn.**
സാമ്പിൾ സർവേ എന്നതുകൊണ്ടർഥമാക്കുന്നതെന്ത്?

**Hint.**

- തെരഞ്ഞെടുക്കുന്ന നിശ്ചിത എണ്ണം ആളുകളിൽനിന്ന് വിവരശേഖരണം നടത്തി പഠനം നടത്തുന്നത്.

*Marks :(1)*

Hide Answer

**Qn No. 15** *Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?*

**Qn.**
അഭിമുഖം സമൂഹശാസ്ത്രപഠനത്തിന് എത്രത്തോളം അനുയോജ്യമാണെന്നു വ്യക്തമാക്കുക

**Hint.**

- വ്യക്തികളുടെ മനോഭാവം, കാഴ്ചപ്പാട്, വിശ്വാസം, ജീവിതചര്യ തുടങ്ങിയ കാര്യങ്ങൾ സൂക്ഷ്മതലങ്ങളിൽ അറിയുന്നതിനും വിശകലനം നടത്തുന്നതിനും അഭിമുഖത്തിലൂടെ സാധിക്കുന്നു.

***Marks :(2)***

Hide Answer

**Qn No. 16** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**

സമൂഹശാസ്ത്രപഠനങ്ങളിൽ സെൻസസിനുള്ള പരിമിതിയെന്ത്?

**Hint.**

- പഠനവിധേയമാക്കുന്ന മൊത്തം വ്യക്തികളിൽനിന്ന് വിവരം ശേഖരിക്കുന്നില്ല
- തെരഞ്ഞെടുത്ത നിശ്ചിത എണ്ണം ആളുകളിൽനിന്നാണ് വിവരശേഖരണം നടത്തുന്നത്.

***Marks :(2)***

Hide Answer

**Qn No. 17** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**

'സാമൂഹിക വിഷയങ്ങൾ പഠിക്കാൻ ഏറ്റവും അനുയോജ്യമായ ഒരു പഠനരീതിയാണ് സർവേ' - വ്യക്തമാക്കുക.

**Hint.**

- 
  - പഠനവിഷയത്തെക്കുറിച്ച് സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കാൻ സഹായിക്കുന്നു
  - വലിയ ഒരു വിഭാഗം ജനങ്ങളിൽനിന്ന് വിവരങ്ങൾ ശേഖരിക്കുന്നു.

***Marks :(2)***

Hide Answer

**Qn No. 18** *Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?*

**Qn.**
**സമൂഹശാസ്ത്ര പഠനരീതികൾ ഏതെല്ലാമെന്ന് എഴുതുക.**

**Hint.**
- **സോഷ്യൽ സർവേ**
- **അഭിമുഖം**
- **നിരീക്ഷണം**
- **കേസ് സ്റ്റഡി (2)**

***Marks :(2)***

Hide Answer

**Qn No. 19** *Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?*

**Qn.**
**സമൂഹത്തെക്കുറിച്ചുള്ള സമഗ്രമായ പഠനമായി സമൂഹശാസ്ത്രത്തെ കണക്കാക്കുന്നതെന്തുകൊണ്ട്?**

**Hint.**
- **മനുഷ്യനും അവന്റെ ചുറ്റുപാടും തമ്മിലുള്ള പരസ്പരബന്ധത്തെക്കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ് സമൂഹശാസ്ത്രം**

***Marks :(1)***

Hide Answer

**Qn No. 20** *Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?*

**Qn.**
**സമൂഹശാസ്ത്രത്തിൽ പഠനവിധേയമാക്കുന്ന കാര്യങ്ങൾഎന്തെല്ലാമെന്ന് വ്യക്തമാക്കുക.**

**Hint.**

- സമുഹശാസ്ത്രം മനുഷ്യജീവിത്തത്തെക്കുറിച്ചു പഠിക്കുന്നു
- മനുഷ്യനും സമുഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പഠിക്കുന്നു
- സമൂഹത്തെക്കുറിച്ചുള്ള ശാസ്ത്രീയപഠനമാണിത്

***Marks :(3)***

Hide Answer

**Qn No. 21** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**
ചുവടെ ചേർത്തിക്കുന്ന വസ്തുതകളുമായി ബന്ധപ്പെട്ട സമുഹശാസ്ത്ര ചിന്തകർ ആരെല്ലാമെന്ന് കുണ്ടെത്തുക?

a) സമൂഹശാസ്ത്രപഠനത്തിന് അടിത്തറ പാകി

b) പരിണാമസിദ്ധാന്തത്തെ സമൂഹപഠനത്തിന് പ്രയോജനപ്പെടുത്തി

**Hint.**
- a) അഗസ്റ്റ് കോംതേ
- b) ഹെർബർട്ട് സ്പെൻസർ

***Marks :(2)***

Hide Answer

**Qn No. 22** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**
പരിണാമസിദ്ധാന്തവും സമൂഹശാസ്ത്രപഠനവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുക.

**Hint.**
- ജീവജാലങ്ങൾ വിവിധഘട്ടങ്ങളിലൂടെ പരിണമിച്ചുണ്ടായതാണെന്ന് പരിണാമസിദ്ധാന്തം സമർത്ഥിക്കുന്നു.
- മനുഷ്യസമൂഹവും വ്യത്യസ്ത ഘട്ടങ്ങളിലൂടെ പരിണമിച്ചാണ് ഇന്നത്തെ അവസ്ഥയിൽ എത്തിച്ചേർന്നതെന്ന് സമൂഹശാസ്ത്രപഠനം തെളിയിക്കുന്നു.

***Marks :(2)***

Hide Answer

**Qn No. 23** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**
**സമൂഹശാസ്ത്രപഠനത്തിൽ ഹെർബർട്ട് സ്പെൻസറുടെ സംഭാവനകൾ രേഖപ്പെടുത്തുക**

**Hint.**

- ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്ത തത്വങ്ങൾ സമൂഹപഠനത്തിന് പ്രയോജനപ്പെടുത്തി.
- ജീവശാസ്ത്രപരിണാമം പോലെതന്നെ മനുഷ്യസമൂഹവും വ്യത്യസ്ത ഘട്ടങ്ങളിലൂടെ പരിണമിച്ചുണ്ടായതാണെന്നു വ്യക്തമാക്കി.

***Marks :(2)***

Hide Answer

**Qn No. 24** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**
**അഗസ്റ്റ് കോംതെയെ സമൂഹശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നതിന്റെ അടിസ്ഥാനമെന്ത്?**

**Hint.**

- സമൂഹശാസ്ത്രപഠനത്തിന് അടിത്തറ പാകി
- ഈ പഠനവിഷയത്തെ അഗസ്ത്കോംതെ സാമൂഹിക ഭൗതികശാസ്ത്രമെന്നും പിന്നീട് സമൂഹശാസ്ത്രം എന്നും വളിച്ചു

***Marks :(2)***

Hide Answer

**Qn No. 25** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**

വ്യവസായിക വിപ്ലവംപോലെ സമുഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ മറ്റു രണ്ടു വിപ്ലവങ്ങളുടെ പേരെഴുതുക .

**Hint.**

- ജ്ഞാനോദയം അഥവാ ശാസ്ത്ര വിപ്ലവം (1)
- ഫ്രഞ്ച് വിപ്ലവം (1)

***Marks :(2)***

Hide Answer

**Qn No. 26** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**

സമൂഹശാസ്ത്രപഠനത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്ന ഏതെങ്കിലും നാലു കാര്യങ്ങൾ എഴുതുക.

**Hint.**

- സ്വന്തം സമൂഹത്തെയും മറ്റുള്ളവരുടെ സമുഹത്തെയും വസ്തുനിഷ്ഠമായറിയാൻ സഹായിക്കുന്നു.
- വ്യക്തിയും സാമൂഹ്യസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ സഹായിക്കുന്നു.
- സാമുഹ്യപ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മമായി പഠിക്കുന്നു.
- സാമൂഹികപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സഹായിക്കുന്നു.
- സാമൂഹികാസൂത്രണത്തിനം വികസനത്തിനും പ്രയോജനപ്പെടുത്തുന്നു.

(ഏതെങ്കിലും 4 എണ്ണം 1x4 = 4 )

***Marks :(4)***

Hide Answer

**Qn No. 27** *Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?*

**Qn.**

**സമുഹശാസ്ത്രപഠനം സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് സഹായകമാകുന്നതെങ്ങനെയെന്ന് വ്യക്തമാക്കുക.**

**Hint.**

- **സാമൂഹികാവസ്ഥകളെ കാര്യ-കാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്നു. (1)**
- **പിന്നാക്ക വിഭാഗങ്ങൾ, ചൂഷിതർ, വിവേചനത്തിനും പീഡനത്തിനും വിധേയരാകുന്നവർ എന്നിവരെ ക്കുറിച്ചുള്ള പഠിക്കുന്നു. (1)**
- **ഇത്തരം പഠനങ്ങൾ ക്ഷേമപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സഹായിക്കുന്നു. (1)**

***Marks :(3)***

Hide Answer

**Qn No. 28** *Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?*

**Qn.**

**നോവൽ എന്ന സാഹിത്യരൂപവും സമൂഹശാസ്ത്രവും തമ്മിലുള്ള പ്രധാനവ്യത്യാസങ്ങൾ രേഖപ്പെടുത്തുക**

**Hint.**

| | |
|---|---|
| **സമൂഹശാസ്ത്രപഠനം** | **നോവൽ** |
| **ഗവേഷണ പഠനം** | **സാഹിത്യരൂപം** |
| **വസ്തുനിഷ്ഠം** | **ഭാവനാത്മകം** |
| **യുക്തിപരമായ അപഗ്രഥനം** | **വൈകാരിക പ്രതികരണം** |

***Marks :(3)***

Hide Answer

**Qn No. 29** *Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?*

**Qn.**

സർഗ രചനയുടെയും സമൂഹശാസ്ത്രപഠനത്തിന്റെയും രചനാരീതികളിൽ കാണുന്ന വ്യത്യാസം എഴുതുക.

**Hint.**

***<u>സർഗരചന</u>***

- ഭാവന, സർഗാത്മകത എന്നിവ ഉപയോഗിക്കുന്നു
- ആസ്വാദനം ലക്ഷ്യ വയ്ക്കുന്നു
- സൗന്ദര്യാത്മക തലങ്ങളിൽ ആവിഷ്കരിക്കുന്നു

***<u>സമൂഹശാസ്ത്രം</u>***

- ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു
- കാര്യ-കാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്നു
- വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നു (ഏതെങ്കിലും 2 എണ്ണം വീതം 2x2 =4 )

***Marks :(4)***

Hide Answer

**Qn No. 30** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**

രാഷ്ട്രം എന്നാൽ എന്ത്? രാഷ്ട്രത്തിന്റെ ആവശ്യഘടകങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം വിവരിക്കുക.

**Hint.**

- രാഷ്ട്രം - ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാവധികാരമുള്ള ഗവൺമെന്റോടുകൂടിയതുമായ ഒരു ജനത. (1)

<u>ഘടകങ്ങൾ</u>

- ജനങ്ങൾ
- ഭൂപ്രദേശം
- ഗവൺമെന്റ്
- പരമാധികാരം (ഏതെങ്കിലും രണ്ടെണ്ണം വിവരിക്കുക 2x2 = 4)

***Marks :(5)***

Hide Answer

**Qn No. 31** *Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?*

**Qn.**

എ കോളത്തിന് യോജിച്ചവ ബി കോളത്തിൽനിന്നു തെരഞ്ഞെടുത്തെഴുതുക. (4)

| എ | ബി |
|---|---|
| അഗസ്ത്കോംതെ | ഇന്ത്യ |
| ഹെർബർട്ട് സ്പെൻസർ | പരിണാമ സിദ്ധാന്തം |
| ചാൾസ് ഡാർവിൻ | ഫ്രാൻസ് |
| എസ്. സി. ദുബേ | സാമൂഹ്യപരിണാമ ഘട്ടങ്ങൾ |

**Hint.**

- അഗസ്ത്കോംതെ - ഫ്രാൻസ്
- ഹെർബർട്ട് സ്പെൻസർ - സാമൂഹ്യപരിണാമ ഘട്ടങ്ങൾ
- ചാൾസ് ഡാർവിൻ - പരിണാമ സിദ്ധാന്തം
- എസ്. സി. ദുബേ - ഇന്ത്യ

***Marks :(4)***

Hide Answer

**Qn No. 32** *Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?*

**Qn.**

'സമുഹത്തിന്റെ ദൈനംദിന പ്രക്രിയകളിൽ പ്രായോഗിക ക്ഷമതയുള്ള ശാസ്ത്രമായി സമുഹശാസ്ത്രം വളർന്നിരിക്കുന്നു'- ഈ പ്രസ്താവന സാധൂകരിക്കുക.

*അല്ലെങ്കിൽ*

സമൂഹശാസ്ത്രത്തിന്റെ പ്രയോഗസാധ്യതകൾ വിശദീകരിക്കുക.

**Hint.**

- ഗവേഷണ പഠനങ്ങളിൽ പരിശീലനം സിദ്ധിച്ച സമുഹശാസ്ത്രജ്ഞരെ ഭരണ-ആസൂത്രണ മേഖലകളിൽ ആവശ്യമായി വരുന്നു.
- വാണിജ്യം, നഗരാസൂത്രണം, സാമൂഹികക്ഷേമം, പരസ്യം, വാർത്താവിനിമയം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങി ഒട്ടേറെ മേഖലകളിലേക്ക് സമുഹശാസ്ത്രത്തിന് പ്രയോഗസാധ്യതകളുണ്ട്.

- സമൂഹശാസ്ത്രം സാമൂഹിക ജീവിതത്തെപ്പറ്റി അടിസ്ഥാനപരമായൊരു ധാരണയുണ്ടാക്കാനും അതുവഴി നമ്മുടെ കാഴ്ചപ്പാടിനെ വിശാലമാക്കാനും സഹായിക്കുന്നു (ഏതെങ്കിലും രണ്ടെണ്ണം 2x2 = 4 )

***Marks :(4)***

Hide Answer

**Qn No. 33** ***Chapter Name:സമൂഹശാസ്ത്രം : എന്ത്? എന്തിന്?***

**Qn.**
**അഭിമുഖത്തിലൂടെയുള്ള വിവരശേഖരണം ഫലപ്രദമാകാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ കുറിക്കുക.**

**Hint.**

- ആവശ്യമായ വ്യക്തികളെ കണ്ടെത്തൽ
- ശേഖരിക്കേണ്ട വിവരങ്ങളെക്കുറിച്ച് ധാരണ രൂപീകരിക്കൽ
- ഉചിതമായ ചോദ്യങ്ങൾ ഒരുക്കൽ
- ഫലവത്തായ രീതിയിലുള്ള ആശയവിനിമയം
- സമയക്രമീകരണം
- ലഭിച്ച വിവരങ്ങളെ ക്രപ്പെടുത്തലും റിപ്പോർട്ട് തയ്യാറാക്കലും
    - (ഏതെങ്കിലും 3 കാര്യങ്ങൾ - 1സ്കോർ വീതം)

***Marks :(3)***

Hide Answer